

# കാർഷിക കടാശ്വാസത്തിന് കമ്മിഷൻ, ഐ.ടി.യിൽ രണ്ടുലക്ഷം തൊഴിൽ

**വിദ്യാഭ്യാസ രംഗത്തും വ്യാവസായിക രംഗത്തും പൊതുമേഖലയിലും എന്നല്ല, പുരോഗതി ഉറ്റുനോക്കുന്ന എല്ലാ മേഖലകളിലും ഏറെ പ്രതീക്ഷകളുണർത്തിക്കൊണ്ട് ഗവർണർ ആർ. എൽ. ഭാട്യ നടത്തിയ നയപ്രഖ്യാപനത്തിന്റെ പ്രസക്ത ഭാഗങ്ങൾ.**

എൽ.ഡി.എഫ് സർക്കാരിന് വേണ്ടി നിയമസഭയിൽ ഗവർണർ ആർ.എൽ. ഭാട്യ നടത്തിയ നയപ്രഖ്യാപനത്തിൽ കൃഷിക്കും പരമ്പരാഗത വ്യവസായങ്ങൾക്കും ഊന്നൽ. സ്വകാര്യപണമിടപാടുകാരിൽ നിന്ന് എടുത്ത കാർഷികവായ്പ സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ അർധ ജുഡീഷ്യൽ സ്വഭാവത്തോടുകൂടിയ കടാശ്വാസ കമ്മീഷൻ രൂപീകരിക്കും.

◆ പൊതുമേഖലാ നവീകരണത്തിനും ഹൈടെക് വ്യവസായങ്ങൾക്കുമായി പൊതുമേഖലയിൽ കമ്പനി ◆ യു.പി. തലത്തിലും ഐ.ടി. വിദ്യാഭ്യാസം ◆ വികേന്ദ്രീകൃത ആസൂത്രണവും അടിസ്ഥാന സൗകര്യ വികസനവും യാഥാർത്ഥ്യമാക്കും. ◆ അഞ്ചു വർഷത്തിനുള്ളിൽ മുഴുവൻ കുടുംബങ്ങൾക്കും വീട് ◆ എല്ലാ ദരിദ്ര കുടുംബങ്ങൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ ◆ വൈദ്യുതി ബോർഡ് സ്വകാര്യവത്കരിക്കില്ല ◆ ഐ.ടി. മേഖലയിൽ അഞ്ചു വർഷത്തിനുള്ളിൽ രണ്ട് ലക്ഷം പേർക്ക് നേരിട്ടും ആറ് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ◆ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കും ◆ സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കും ◆ സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് ◆ ഉന്നത വിദ്യാഭ്യാസത്തിന് പിന്നോക്കക്കാർക്ക് ധനസഹായം ◆ വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം എന്നിവയുടെ പൊതു അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തും ◆ ആദിവാസികൾ, ദളിത് വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ എന്നിവർക്ക് പ്രത്യേക ശ്രദ്ധ ◆ ഇംഗ്ലീഷ് പരിജ്ഞാനം കൂട്ടാൻ പ്രത്യേക കോഴ്സ് ◆ എല്ലാ ഗ്രാമങ്ങളിലും കച്ചവട കേന്ദ്രങ്ങൾ ◆ തിരുവനന്തപുരത്തിനും കൊച്ചിക്കും നഗര വികസന പദ്ധതികളും നിക്ഷേപ പദ്ധതികളും ◆ ചെറിയ നഗരങ്ങൾക്ക് സമഗ്രമായ പദ്ധതി ◆ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി കെട്ടിടനികുതി ◆ അമ്പതിനായിരം പുതിയ കിസാൻ ക്രെഡിറ്റ് കാർഡ് ◆ നെൽക്കൃഷി വികസനത്തിന് പാഡി ബോർഡ് ◆ ഓരോ പഞ്ചായത്തിലും കേര സംഘങ്ങൾ ◆ തീരദേശത്തിന് സമഗ്ര പദ്ധതി ◆ ആറുമാസത്തിനകം പുതിയ വനനയം ◆ പൊതുമേഖലയിലോ സഹകരണ മേഖലയിലോ ചന്ദനഫാക്ടറി ◆ കയർ വ്യവസായം പുനഃസംഘടിപ്പിക്കും ◆ കശുവണ്ടി



കോർപ്പറേഷനും കാപ്പെക്സും പുനഃക്രമീകരിക്കും ◆ ദിനേശ് ബീഡി സഹകരണ സംഘം പുനഃസംഘടിപ്പിക്കും ◆ കള്ളുചെത്ത് വ്യവസായത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ◆ പൊലീസ് കമ്മീഷൻ രൂപീകരിക്കും ◆ തിരുവനന്തപുരത്ത് സൈബർ പൊലീസ് സ്റ്റേഷൻ ◆ വായ്പാനയം പരിഷ്കരിക്കും ◆ ആധുനികറോഡ് നിർമിക്കാൻ പഠനം ◆ കരിമണലിന് മൂല്യം നേടിത്തരുന്നതിനുള്ള പദ്ധതി ◆ പുതിയ ഐ.ടി. നയം ഉടൻ ◆ ഹെൽത്ത് ടൂറിസം, റൂറൽ ടൂറിസം, ഇക്കോ ടൂറിസം എന്നിവയ്ക്ക് പ്രോത്സാഹനം ◆ പ്രവാസി മലയാളികളെ കേരളത്തിന്റെ വികസന പദ്ധതിയിൽ പങ്കാളികളാക്കും ◆ സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്യുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കും.

## പൊതുമേഖലാ പുനരുദ്ധാരണത്തിന് സർക്കാർ കമ്പനി

പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

പുനരുദ്ധരിക്കാൻ കഴിയുന്നവയുടെ പുനരുദ്ധാരണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വ്യാപിപ്പിക്കും. പുതിയ മൂലധനം ഇറക്കുക, കോർപ്പറേറ്റ് ഗവേണൻസിന്റെ നിലവാരം മെച്ചപ്പെടുത്തുക



ദീപക്

തുടങ്ങിയ നടപടികൾ സ്വീകരിക്കും. പൊതു മേഖല നവീകരിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കൊച്ചി വിമാനത്താവള കമ്പനിയുടെ മാതൃകയിൽ രൂപീകരിക്കുന്ന കമ്പനിയിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയോടൊപ്പം സർക്കാരിനും ഓഹരി ഉണ്ടായിരിക്കും. പ്രവാസി മലയാളികളിൽ നിന്നും ഓഹരി സമാഹരിക്കും. വയനാട് ജില്ലയിൽ ഒരു വൻകിട ഭക്ഷ്യസംസ്കരണ പാർക്ക് സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നതായി ഗവർണർ അറിയിച്ചു.

ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി മുതൽമുടക്ക് നിലനിർത്തുന്നതിൽ കഴിഞ്ഞ സർക്കാർ പരാജയപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. ഈ മേഖലയിൽ സ്വകാര്യ-പൊതു നിക്ഷേപങ്ങൾ വർധിപ്പിച്ച് കുറവ് നികത്തും. ഹാർഡ്‌വെയർ മേഖലയിലും കഴിവുകൾ പ്രോത്സാഹിപ്പിക്കും. ഫ്രീ ആന്റ് ഓപ്പൺ സോഫ്ട്‌വെയർ പ്രോത്സാഹിപ്പിക്കും. 2007 മാർച്ചോടെ സംസ്ഥാന വ്യാപകമായ ശൃംഖല കമ്മീഷൻ ചെയ്യുന്നത് സർക്കാരിന്റെ ഇ-ഗവേണൻസിന്റെ ഉദ്യമങ്ങൾക്ക് കരുത്തു പകരും. ബ്ലോക്ക് പഞ്ചായത്ത് തലം വരെയുള്ള സർക്കാർ ഓഫീസുകൾക്ക് അതിവേഗ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകും. ഇത് പിന്നീട് വില്ലേജ്-പഞ്ചായത്തുകളുമായി ബന്ധിപ്പിക്കും.

2007 മാർച്ചോടെ മുപ്പതിനായിരം അക്ഷയകേന്ദ്രങ്ങൾ സജ്ജമാക്കും. ഐ.ടി. ട്രെയിനിംഗ് സെന്ററുകളിൽ നടത്തുന്ന കോഴ്സുകൾക്ക് സർട്ടിഫിക്കേഷൻ സംവിധാനം ഉണ്ടാക്കും.

പരമ്പരാഗതകലകളും നാടൻകലകളും പുനരുദ്ധരിക്കുന്നതിനായി ഒരു സാംസ്കാരിക ഗ്രാമം വികസിപ്പിച്ചെടുക്കും.

കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിങ്സ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും. കയർത്തൊഴിലാളി യൂണിയനുകൾ, കയറ്റുമതിക്കാർ എന്നിവരുമായി സർക്കാർ നടത്തിയ ചർച്ചയിലെ ഉടമ്പടി വ്യവസ്ഥകൾ പാലിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കയറിനും കയറുത്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പ് വരുത്തും. നയരൂപീകരണത്തിനും പദ്ധതി ആവിഷ്കരിക്കുന്നതിനും ഡാറ്റാബേസ് ഉണ്ടാക്കുന്നതിനായി കയർ സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, തൊഴിലാളികൾ എന്നിവയുടെ കണക്കെടുപ്പു നടത്തും.

കശുവണ്ടി വ്യവസായത്തെ ആകർഷകമാക്കുന്നതിന് മൂല്യവർധിത ഉത്പന്നങ്ങൾ കൊണ്ടുവരും. കശുവണ്ടിത്തോട്ടങ്ങൾ വ്യാപിപ്പിക്കും. കശുവണ്ടി വ്യവസായത്തിന് നിലവിലുള്ള തൊഴിൽ നിയമങ്ങൾ, ഫാക്ടറി ആക്ട് എന്നിവ കർശനമായി നടപ്പാക്കും.

വിഴിഞ്ഞം തുറമുഖത്തിനെ അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനലായി വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നല്കും. ബേപ്പൂർ തുറമുഖം വികസിപ്പിക്കും. ആലപ്പുഴയെ മറീന കം കാർഗോ തുറമുഖമാക്കി വികസിപ്പിക്കും.



വിഴിഞ്ഞം തുറമുഖത്തിനെ അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടെർമിനലായി വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നല്കും. ബേപ്പൂർ തുറമുഖം വികസിപ്പിക്കും. ആലപ്പുഴയെ മറീന കം കാർഗോ തുറമുഖമാക്കി വികസിപ്പിക്കും.

## പെൺകുട്ടികൾക്ക് സ്വയരക്ഷയ്ക്ക് പരിശീലനം

ഐ.ടി. വിദ്യാഭ്യാസം യു.പി. തലം വരെ വ്യാപിപ്പിക്കുമെന്ന് നയപ്രഖ്യാപനപ്രസംഗത്തിൽ വ്യക്തമാക്കി. വിദ്യാർത്ഥികൾക്കും





അധ്യാപകർക്കും ഭാഷാ പരിജ്ഞാനം വർധിപ്പിക്കാൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും. വിദ്യാർത്ഥിനികൾക്ക് സ്വയരക്ഷയ്ക്ക് പരിശീലനം നൽകാൻ പദ്ധതി ആവിഷ്കരിക്കും.

അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കാൻ നടപടിയെടുക്കും. സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ ഈ അധ്യയന വർഷം മുതൽ സോഷ്യൽ ഓഡിറ്റിങ് തുടങ്ങും.

ഏതാനും സ്കൂളുകളിൽ മാത്രം ആരംഭിച്ച ഇംഗ്ലീഷ് ഭാഷാ ലാബുകൾ ഹയർ സെക്കൻഡറി സ്കൂളുകളിലേക്ക് വ്യാപിപ്പിക്കും. സ്കൂളുകളിലെ ഉച്ചഭക്ഷണത്തിന്റെ പോഷകഗുണം വർധിപ്പിക്കാൻ നടപടിയെടുക്കും. കുടിവെള്ള വിതരണവും മൂത്രപ്പുര സൗകര്യവും കാര്യക്ഷമമാക്കും.

അധ്യാപകർക്ക് പരിശീലനം നൽകാൻ ഹയർ സെക്കൻഡറി തലത്തിൽ മാനവ വിഭവശേഷി വികസനകേന്ദ്രം സ്ഥാപിക്കും. തൊഴിലധിഷ്ഠിത വിഷയങ്ങളിൽ പരിശീലനത്തിനും ഗവേഷണത്തിനും അന്താരാഷ്ട്ര പരിശീലനകേന്ദ്രം തുടങ്ങും.

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പരിശീലനത്തിനും ഉത്പാദനത്തിനും വേണ്ടിയുള്ള കേന്ദ്രങ്ങൾ തുടങ്ങും. കരിയർ ഗൈഡൻസ് സെന്ററുകൾ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കും. സേവന പ്രദാന പദ്ധതി മുഴുവൻ സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്താൻ പാഠ്യപദ്ധതിയും ഗവേഷണവും പരിഷ്കരിക്കും. പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന പരീക്ഷാസമ്പ്രദായം സമഗ്രമായി പരിഷ്കരിക്കും. അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സാമ്പത്തിക സഹായം നൽകും. ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പാക്കാൻ ഫലപ്രദമായ നടപടിയെടുക്കും. വിദ്യാഭ്യാസത്തെ വ്യവസായവത്കരിക്കാൻ അനുവദിക്കില്ല.

ഗണിതശാസ്ത്ര ഗവേഷണം പ്രോത്സാഹിപ്പിക്കാൻ നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമാറ്റിക്സുമായി സഹകരിച്ച് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആരംഭിക്കും.



**അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സാമ്പത്തിക സഹായം നൽകും. ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പാക്കാൻ ഫലപ്രദമായ നടപടിയെടുക്കും. വിദ്യാഭ്യാസത്തെ വ്യവസായവത്കരിക്കാൻ അനുവദിക്കില്ല.**

## രണ്ടരലക്ഷം വൈദ്യുതി കണക്ഷൻ അപേക്ഷകൾ തീർപ്പാക്കും

വൈദ്യുതി കണക്ഷനുവേണ്ടി തീരുമാനമാകാതെ കിടക്കുന്ന രണ്ടരലക്ഷം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കും. വൈദ്യുതി മോഷണം തടയും. അദാലത്തുകൾ വ്യാപിപ്പിക്കും. വൈദ്യുതി ബോർഡിനെ സ്വകാര്യവത്കരിക്കാതെ പൊതുമേഖലയിൽത്തന്നെ നിലനിർത്തും.

നിർമാണത്തിലിരിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കും. വൈദ്യുതി നിരക്ക് യുക്തിസഹമാക്കുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും വൈദ്യുതി നിയന്ത്രണ കമ്മീഷന് നിയമപരമായ നിർദേശം നൽകും. പവർ ഹൈവേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പ്രയത്നിക്കും.

ദേശീയപാത 47ലെ എല്ലാ റോഡുകളും നാലുവരിപ്പാതയാക്കും. ബൈപ്പാസുകളുടെ നിർമാണം പൂർത്തിയാക്കും. കൊച്ചിയിലെ ഗതാഗത പ്രശ്നത്തെപ്പറ്റി ദേശീയ ഏജൻസിയെക്കൊണ്ട് പഠനം നടത്തും. റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമാണം പൂർത്തിയാക്കും.

ആവശ്യം തിട്ടപ്പെടുത്തിയശേഷം കെ.എസ്.ആർ.ടി.സി. പുതിയ ബസുകൾ വാങ്ങും. തിരുവനന്തപുരത്ത് തമ്പാനൂരിൽ ആധുനിക ബസ് ടെർമിനൽ സമുച്ചയം സ്ഥാപിക്കും. കോഴിക്കോട്, അങ്കമാലി, മലപ്പുറം, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ വ്യവസായ സമുച്ചയങ്ങളോടു കൂടിയ ആധുനിക ബസ് ടെർമിനലുകളും കാസർഗോഡ്, മൂവാറ്റുപുഴ, കൊട്ടാരക്കര, പേരൂർക്കട, കാട്ടാക്കട എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയത്തോടുകൂടിയ ബസ് സ്റ്റേഷനുകളും നിർമിക്കും. കൊല്ലത്തും അട്ടക്കുളങ്ങരയിലും വ്യവസായ സമുച്ചയങ്ങൾ നിർമിക്കും.

പാർവതി പുത്തനാറിലെ വേളി-കോവളം ഭാഗം പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കും. കോവളം-കൊല്ലം, കോട്ടപ്പുറം-ഹോസ്ദുർഗ്, മറ്റ് പോഷക കനാലുകൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കും.

## ദിനേശ് ബീഡി പുനരുദ്ധരിക്കുന്നതിന് പാക്കേജ്

ദിനേശ്ബീഡി സഹകരണസംഘം പുനരുദ്ധരിക്കുന്നതിന് പാക്കേജ് നടപ്പാക്കും. കൈത്തറിമേഖല ശക്തിപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും നടപടിയെടുക്കും. പ്രൊഫഷണൽ മാർക്കറ്റിങ്ങിന് ഊന്നൽ നൽകി വൈവിധ്യവത്കരണം നടപ്പാക്കും. നെയ്ത്തുതൊഴിലാളി ക്ഷേമപദ്ധതികളും നടപ്പാക്കും.

അലങ്കാര മത്സ്യക്കൃഷിക്കായി അക്വാ പാർക്കുകൾ സ്ഥാപിക്കും. ഉൾനാടൻ ജലാശയങ്ങളിലും ലവണജലത്തിലും മത്സ്യം

വളർത്താൻ പ്രോത്സാഹനം നൽകും. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യക്കയറ്റുമതിക്കാർ സെസ് അടയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തും. എല്ലാ മത്സ്യബന്ധന കുടുംബങ്ങൾക്കും പട്ടയമോ കൈവശരേഖയോ നല്കും.

കുടുംബശ്രീകളെ പങ്കെടുപ്പിച്ച് സമഗ്ര കോഴിവളർത്തൽ നടപ്പാക്കും. വിപണന ശൃംഖല വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. പഞ്ചായത്തുകളെ ദത്തെടുക്കുന്ന പ്രക്രിയ പൂർത്തീകരിക്കും. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർധിപ്പിക്കും. കന്നുകാലി സമ്പത്തിന്റെ എണ്ണത്തിലും ഗുണത്തിലും വർധനയുണ്ടാക്കും.

വ്യക്തികൾക്ക് വൃക്ഷങ്ങൾ വളർത്തുന്നതിനുള്ള അവകാശം നിലനിർത്തി ചട്ടങ്ങളിൽ മാറ്റം വരുത്തും. കൃഷിഭവനുകൾ നവീകരിക്കും. കർഷകർക്ക് സഹായം ലഭ്യമാക്കുന്നതിന് തിരിച്ചറിയൽ രേഖകൾ നൽകും. കാർഷികവായ്പയ്ക്ക് പലിശയിളവ് അനുവദിക്കുന്നതിന് ആലോചനയുണ്ട്. കാർഷിക വായ്പാ ഇനത്തിൽ ലഭിക്കാനുള്ള കുടിശിക ഉടനെ വിതരണം ചെയ്യും. നിരാലംബ കർഷകരുടെ കടം എഴുതിത്തള്ളുന്നതിന് തീരുമാനമെടുക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തും. ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളുന്നതിന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്.

## പൊലീസ് കമ്മിഷൻ രൂപീകരിക്കും

പൊലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയില്ലെന്ന് ഉറപ്പുവരുത്താൻ കർശന നടപടി എടുക്കും. പൊലീസിനെക്കുറിച്ചുള്ള പരാതി കൈകാര്യം ചെയ്യുന്നതിനും പൊലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ പരിഹരിക്കുന്നതിനും പൊലീസ് കമ്മീഷൻ രൂപീകരിക്കും.

ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനും ശക്തമായ നടപടിയെടുക്കും. പെറ്റിക്കേസുകൾ ചുമത്തി ഹൈവേ പട്രോൾ സംഘം ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് കർശനമായി തടയും.

എട്ട് തീരദേശ സ്റ്റേഷനുകൾ സ്ഥാപിക്കും. അന്വേഷണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുന്നതിന് പൊലീസ് ആസ്ഥാനത്ത് സാങ്കേതിക കുറ്റാന്വേഷണ സെൽ രൂപീകരിക്കും. അഴിമതിവിരുദ്ധ നിയമങ്ങളിലും ലോകായുക്ത നിയമങ്ങളിലും ഭേദഗതി വരുത്തും.

ഡ്രൈവിങ് നിലവാരം മെച്ചപ്പെടുത്തുന്നതിന് പതിനെട്ട് ഡ്രൈവിങ് ടെസ്റ്റ് യാർഡുകൾ സ്ഥാപിക്കും.

## ജലനയം ഉടൻ


സുരക്ഷിതമായ കുടിവെള്ളം നൽകുകയെന്ന ലക്ഷ്യത്തോടെ പുതിയ ജലനയത്തിന് രൂപം നൽകും. ജലസ്രോതസ്സുകളുടെ സംരക്ഷണം, നദികളുടെ സംരക്ഷണം, മഴവെള്ള സംരക്ഷണം എന്നിവയ്ക്ക് സർക്കാർ മുന്തിയ പരിഗണന നൽകും.

7.68 ലക്ഷം പേർക്ക് പ്രയോജനം ചെയ്യുന്ന മഴവെള്ളസംഭരണ പദ്ധതി, സ്വജലധാരാ പദ്ധതി എന്നിവ നടപ്പാക്കും. 2006-07-ൽ 2238 പാർപ്പിടങ്ങൾ ഭാരത് നിർമാൺ പദ്ധതിയിൽ ഉൾപ്പെടുത്തും. 11 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അഞ്ച് നഗര കുടിവെള്ള പദ്ധതികൾ കൂടി പൂർത്തിയാക്കും.

സുനാമി ബാധിതമേഖലയിൽ 60 കോടി രൂപയുടെ രണ്ട് വൻകിട ജലവിതരണപദ്ധതികൾ ഏറ്റെടുക്കും. 17 നദികളെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികൾ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കും. 12-ാം ധനകമ്മീഷൻ കേരളത്തിന് അനുവദിച്ച 175 കോടി രൂപ കടൽക്ഷോഭ പ്രതി

**നിർമാണത്തിലിരിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കും. വൈദ്യുതി നിരക്ക് യുക്തിസഹമാക്കുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും വൈദ്യുതി നിയന്ത്രണ കമ്മിഷന് നിയമപരമായ നിർദേശം നൽകും. പവർ ഹൈവേ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പ്രയത്നിക്കും.**







രോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും.

## സംവരണം: അപാകത പരിഹരിക്കും

സംവരണം നടപ്പാക്കിയതിലെ അപാകതകൾ സർവേ വഴി കണ്ടെത്തി അവ ഉടൻ തിരുത്തും. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടെന് ഉറപ്പ് വരുത്തും.

സമർഥരായ പട്ടികജാതി ഗോത്രവർഗ വിദ്യാർത്ഥികൾക്ക് വ്ദേശ പഠനത്തിന് അവസരമൊരുക്കും. പട്ടിക ജാതി, ഗോത്ര വർഗങ്ങൾക്കായി നഴ്സിംഗ് കോളേജ് തുടങ്ങും. ഇവർക്കായുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ഉത്പാദന പരിശീലന കേന്ദ്രങ്ങളായി ഉയർത്തും.

വനമേഖലയിൽ താമസിക്കുന്ന 18,500 കുടുംബങ്ങളുടെ ക്ഷേമത്തിനായി വനം വകുപ്പിന്റെ സഹകരണത്തോടെ ക്ഷേമപദ്ധതി നടപ്പാക്കും.

സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിൽ രഹിതരെയും തൊഴിൽ ഉടമകളെയും സഹായിക്കുന്നതിന് തൊഴിൽ മേളകൾ സംഘടിപ്പിക്കും. യൂത്ത് ക്ലബ്ബുകളെ വിവരസാങ്കേതിക വിദ്യക്കും ഉപഗ്രഹ വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്രങ്ങളായി ഉയർത്തും. ജനപങ്കാളിത്തത്തോടെ കേരളോത്സവം നടത്തും.

## മെഡിക്കൽ സർവകലാശാല സ്ഥാപിക്കും

ആരോഗ്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് മെഡിക്കൽ സർവകലാശാല സ്ഥാപിക്കും. പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ മേഖലയിലെ ഡോക്ടർമാരുടെ സേവന വ്യവസ്ഥകൾ ഉചിതമായി പരിഷ്കരിക്കും.

പാവപ്പെട്ടവർക്കും അഗതികൾക്കും വൈദ്യസഹായം ഉറപ്പുവരുത്തും. ആരോഗ്യ സംരക്ഷണത്തിന് ലൈഫ് സൈക്കിൾ അപ്രോച്ച് സ്വീകരിക്കും. ഹോമിയോപ്പതി, ആയുർവേദം, മറ്റ് ഭാരതീയ ചികിത്സകൾ എന്നിവ പ്രോത്സാഹിപ്പിക്കും. ആരോഗ്യവകുപ്പിൽ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നത് സുതാര്യമാക്കാനും കാര്യക്ഷമത വർധിപ്പിക്കാനും സമഗ്രമായ സംവിധാനം ഏർപ്പെടുത്തും.

മെഡിക്കൽ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തും. സ്റ്റേറ്റ് റൂറൽ ഹെൽത്ത് മിഷനും ജില്ലാ റൂറൽ ഹെൽത്ത് മിഷനും സജീവമാക്കും.

## 3258 അങ്കണവാടികൾ

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും പുരോഗതിയ്ക്കുമായി 'സ്ത്രീകളും ശിശുവികസനവും' എന്ന പേരിൽ പ്രത്യേക വകുപ്പ് രൂപീകരിക്കും.

കേന്ദ്രസർക്കാർ കൂടുതലായി അനുവദിച്ച 3258 അങ്കണവാടികൾ ഉടൻ തുടങ്ങും. തീരപ്രദേശം, ചേരിപ്രദേശം, ഗോത്രമേഖല എന്നിവിടങ്ങളിലാവും ഇവ തുടങ്ങുക. അങ്കണവാടികൾ സാമൂഹ്യവിഭവകേന്ദ്രങ്ങളായി വികസിപ്പിക്കും.

അങ്കണവാടി ജീവനക്കാരുടെ അവസ്ഥ മെച്ചപ്പെടുത്താനുള്ള വഴികൾ ആരായും. പീഡിപ്പിക്കപ്പെടുന്ന കുട്ടികളെ സഹായിക്കാൻ ചൈൽഡ് ലൈൻ സർവീസുകൾ മുഴുവൻ ജില്ലകളിലും വ്യാപിപ്പിക്കും. അനാഥക്കുഞ്ഞുങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കും.

പോഷകാഹാരക്കുറവ് ലഘൂകരിക്കുന്നതിന് മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് 'ടേക്ക് ഹോം റേഷൻസ്' ലഭ്യമാക്കും.

കുള്ളൻമാരെയും ചെറിയ ശരീരപ്രകൃതമുള്ളവരെയും വികലാംഗവിഭാഗത്തിൽ ഉൾപ്പെടുത്തി സംരക്ഷിക്കും.



**വി.എസ്. അച്യുതാനന്ദൻ , *മുഖ്യമന്ത്രി***



# സാമൂഹിക നീതിക്ക് പരിരക്ഷ

ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹിക നീതി ഉറപ്പാക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിജയിപ്പിക്കാൻ സംസ്ഥാനത്തെ സർവകലാശാലകൾ പൂർണമായും സഹകരിക്കും. ഇക്കാര്യത്തിൽ വൈസ്ചാൻസലർമാർ ഉറപ്പ് നൽകി. മെരിറ്റിനും സാമൂഹികനീതിക്കും പരിരക്ഷ നൽകിക്കൊണ്ടുള്ള സമീപനമാണ് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ കൈക്കൊള്ളുന്നത്. സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനവും ഫീസും സംബന്ധിച്ച് നിയമസഭയിൽ അവതരിപ്പിച്ച ബില്ലിന്റെ പശ്ചാത്തലത്തിൽ നടന്ന വൈസ്ചാൻസലർമാരുടെ യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കവെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനാണ് ഇക്കാര്യം വ്യക്തമാക്കിയത്.

രണ്ട് സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്ന വാഗ്ദാനമാണ് യു.ഡി.എഫ് സർക്കാർ നല്കിയത്. എന്നാൽ അത് പാലിക്കപ്പെട്ടില്ലെന്ന് മാത്രമല്ല വിദ്യാർത്ഥികളെ കടുത്ത ചൂഷണത്തിനെറിഞ്ഞു കൊടുക്കുകയുമായിരുന്നു. അന്ന് ആരോടാണോ വാഗ്ദാനലംഘനം നടത്തിയത് അവരോട് പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയാണ് ഈ സർക്കാർ. ഭാരിച്ച ഫീസ് കൊടുക്കാൻ വഴി കാണാതെ ആയിരക്കണക്കിന് കുട്ടികൾ കണ്ണീരൊഴുക്കുകയാണ്. നൈരാശ്യം കാരണം ജീവൻ വെടിഞ്ഞവരുടെ സംഖ്യ ഏറെയാണ്. ഇനി അങ്ങനെ സംഭവിച്ചുകൂടാ. ഉന്നതവിദ്യാഭ്യാസരംഗം സാധാരണക്കാർക്കും പ്രാപ്യമാകണം. സാമൂഹികനീതി ഉറപ്പ് വരുത്തണം.

ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു മാസം കഴിയുമ്പോൾത്തന്നെ ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹികനീതി ഉറപ്പുവരുത്താൻ ശക്തമായ കാൽവയ്പ് നടത്തി എന്നത് അഭിമാനകരമാണ്.

ഉന്നതവിദ്യാഭ്യാസരംഗത്ത്സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിൽ സർവകലാശാലകൾക്ക് സുപ്രധാനമായ പങ്ക് വഹിക്കാനുണ്ടെന്ന് വൈസ്ചാൻസലർമാരുടെ യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

കേരളവികസനത്തിന്റെ അടിത്തറ സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നത് സർവകലാശാലകളാണ്. നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആധുനികവിദ്യാഭ്യാസം രൂപപ്പെടുത്താൻ നമുക്ക് കഴിയണം. മലയാളി സമൂഹത്തിന്റെ പ്രവാസി സ്വഭാവവും, ലോകമാകെയുള്ള ബന്ധങ്ങളും സേവനചരിത്രവും കൂടി കണക്കിലെടുത്തുകൊണ്ടുവേണം ഈ ചുമതല നിർവഹിക്കേണ്ടത്. ഇത് കണക്കിലെടുത്താൽ ഏറ്റവും ആധുനികവും പുരോഗതി ലക്ഷ്യം വയ്ക്കുന്നതുമായ വിദ്യാഭ്യാസ സമ്പ്രദായമാണ് കേരളത്തിനാവശ്യമെന്ന് വ്യക്തമാണ്. സാമൂഹിക നീതി ഉറപ്പുവരുത്തുന്നതും സാധാരണ കേരളീയ കുടുംബങ്ങൾക്ക് പ്രാപ്തമാകുന്നതുമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് നമുക്കാവശ്യം.

ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധിയായി നിൽക്കുന്നത് പ്രൊഫഷണൽ അൺഎയ്ഡഡ് കോളേജുകളിലെ അഡ്മിഷനും ഫീസും സംബന്ധിച്ച സങ്കീർണതകളാണ്.

സാമൂഹിക നീതി ഉറപ്പുവരുത്തുന്നതും സാധാരണ കേരളീയ കുടുംബങ്ങൾക്ക് പ്രാപ്തമാകുന്നതുമായ വിദ്യാഭ്യാസ സൗകര്യങ്ങളാണ് നമുക്കാവശ്യം. അതിനുള്ള ചുവടുവയ്പാണ് സർക്കാർ തുടങ്ങിയിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിൽ സർവകലാശാലകൾക്ക് സുപ്രധാനമായ പങ്ക് വഹിക്കാനുണ്ട്. വൈസ്ചാൻസലർമാരുടെ യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളുടെ പ്രസക്ത ഭാഗങ്ങളാണ് ഇവിടെ.

ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധിയായി നിൽക്കുന്നത് പ്രൊഫഷണൽ അൺഎയ്ഡഡ് കോളേജുകളിലെ അഡ്മിഷനും ഫീസും സംബന്ധിച്ച സങ്കീർണതകളാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് സംബന്ധിച്ച് കൊണ്ടുവന്ന നിയമം വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. വേണ്ടത്ര ആത്മാർത്ഥമായി മുൻ സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടില്ല എന്ന പരാതി കേരള സമൂഹത്തിനുണ്ട്.



ഷിബിന്

**ഇനാംദാർ കേസിൽ സുപ്രീം കോടതി പ്രഖ്യാപിച്ച വിധിയുടെ ചുവടുപിടിച്ച് 100 ശതമാനം സീറ്റുകളും വലിയ ഫീസ് നൽകുന്നവർക്ക് മാത്രമായി നിജപ്പെടുത്തിയ സാഹചര്യത്തിലാണ് 93 – ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ പുതിയ നിയമം നിർമിക്കാൻ സർക്കാർ തീരുമാനിച്ചത്.**

കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഇത് സംബന്ധിച്ച് കൊണ്ടുവന്ന നിയമം വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല. വേണ്ടത്ര ആത്മാർത്ഥമായി മുൻ സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടില്ല എന്ന പരാതി കേരള സമൂഹത്തിനുണ്ട്. സർവകലാശാലകൾക്ക് ഇക്കാര്യത്തിൽ എൻ.ഒ.സി. നൽകുമ്പോഴും അഫിലിയേഷൻ നൽകുമ്പോഴും തുടർന്നും ഇടപെടാൻ കഴിയുന്ന അവസരങ്ങളുണ്ട്. കേരള സർവകലാശാല മുമ്പ് അനുവദിച്ച കോളേജുകൾ മെരിറ്റും ഫീസും സംബന്ധിച്ച് സർവകലാശാലയും ഗവണ്മെന്റും പറയുന്ന നിയമങ്ങൾ അംഗീകരിക്കുമെന്ന് കരാർ വച്ചവർക്ക് മാത്രമാണ് അംഗീകാരം നൽകിയത്. ഈ കരാർ പോലും നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്.

മെരിറ്റും സാമൂഹിക നീതിയും ഉറപ്പാക്കുന്ന നിയമങ്ങളെ വെല്ലുവിളിക്കാനാണ് മാനേജുമെന്റുകൾ തയ്യാറായത്. ഇനാംദാർ കേസിൽ സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയുടെ ചുവടുപിടിച്ച് 100 ശതമാനം സീറ്റുകളും വലിയ ഫീസ് നൽകുന്നവർക്ക് മാത്രമായി ഇപ്പോൾ നിജപ്പെടുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് 93-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ പുതിയ നിയമം നിർമിക്കാൻ സർക്കാർ തീരുമാനിച്ചത്. അതനുസരിച്ച് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്താൻ വകുപ്പുകളുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മെരിറ്റുള്ള സാധാരണക്കാർക്കും ഉന്നതപഠനം പ്രാപ്യമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിസമ്പന്നരല്ലാത്തതുകൊണ്ട് സമർത്ഥരായ കുട്ടികൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടുകൂടാ എന്നതാണ് സർക്കാർ നയം. അക്കാദമിക് നിലവാരം സംരക്ഷിക്കാൻ ഈ നിലപാട് അത്യാവശ്യമാണ്. ഈ നയം നടപ്പാക്കാൻ സർവകലാശാലകളുടെ പൂർണസഹകരണം ആവശ്യമാണ്. നിയമം വഴിയും ചർച്ചകളിലൂടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് വൈസ് ചാൻസലർമാരുടെ പൂർണ പിന്തുണ അഭ്യർത്ഥിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.


മുഖ്യമന്ത്രിക്ക് പുറമെ വിദ്യാഭ്യാസമന്ത്രി എം.എ. ബേബി, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി പി.ജെ. തോമസ് എന്നിവരും ആറ് സർവകലാശാലകളുടെ വൈസ് ചാൻസലർമാരും ചർച്ചയിൽ പങ്കെടുത്തു.

പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസ് നൽകി പഠിക്കാനുള്ള സൗകര്യം സർവകലാശാലകളുടെ സ്വാശ്രയ കോഴ്സുകളിലെ പകുതി സീറ്റിലെങ്കിലും ഉണ്ടാകണമെന്ന സർക്കാരിന്റെ പുതിയ സമീപനം നടപ്പാക്കാമെന്ന് വൈസ്ചാൻസലർമാർ ഉറപ്പ് നൽകിയതായി വിദ്യാഭ്യാസ മന്ത്രി എം. എ. ബേബി അറിയിച്ചു. മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും വൈസ്ചാൻസലർമാരുമായി നടത്തിയ ചർച്ചയ്ക്ക് ശേഷമാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ സംരക്ഷിക്കുമെന്ന് വൈസ്ചാൻസലർമാർ ഉറപ്പ് നല്കി. സർവകലാശാലകളിലെ പരീക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ സംബന്ധിച്ച് കൃത്യമായ കലണ്ടർ തയ്യാറാക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. പരീക്ഷാഫലം വൈകുന്നത് കേരളത്തിന് പുറത്ത് ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ഈ ആവശ്യം.

**കോടിയേരി ബാലകൃഷ്ണൻ,** *ആഭ്യന്തരമന്ത്രി*

**പൊലീസിന്റെ മുഖം സൗമ്യമായിരിക്കണം. ജനങ്ങളെ സേവിക്കാനാണ് പൊലീസ് എന്ന തിരിച്ചറിവാണ് ഈ വകുപ്പിനു വേണ്ടത്. ജില്ലകളിലെ പൊലീസ് സൂപ്രണ്ടുമാരുമായി വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തിയ ആദ്യയോഗത്തിൽ ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ ചെയ്ത പ്രസംഗത്തിന്റെ പ്രസക്തഭാഗമാണ് ചുവടെ.**



# സൗഹൃദത്തോടെ



# പൊലീസ്

കേരളത്തിലെ പൊലീസ് ജനങ്ങളുടെ സുഹൃത്താകണം. എത്ര ദരിദ്രനായാലും മനുഷ്യന്റെ അന്തസ്സിനെയും അഭിമാനത്തെയും മാനിക്കുന്നതാവണം നമ്മുടെ പൊലീസ്. കുറ്റവാളികളുടെ പേടിസ്വപ്നവുമാകണം പൊലീസ് സേന. മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏറ്റവും കഴിവുള്ള സേനയാണ് കേരളത്തിലുള്ളത്.

ഈ ഗവൺമെന്റ് നടത്താനാഗ്രഹിക്കുന്ന വൻവികസന പദ്ധതികൾക്കെല്ലാം അടിസ്ഥാനമായി വേണ്ടത് ക്രമസമാധാന ഭദ്രതയുള്ള അന്തരീക്ഷമാണ്. അത് ഉറപ്പുവരുത്തുവാനുള്ള പ്രധാന ബാധ്യത കേരളാ പൊലീസിനാണ്. വിദ്യാഭ്യാസപ്രബുദ്ധതയുള്ള കേരളത്തിൽ ആധുനികനായ മലയാളി ആഗ്രഹിക്കുന്നത് ഭീഷണിപ്പെടുത്തി അനുസരിപ്പിക്കുന്ന പൊലീസിനെയല്ല, മറിച്ച് അവന്റെ അന്തസ്സും വ്യക്തിത്വവും മാനിക്കുന്ന ധീരനായ പൊലീസ് ഓഫീസറെയാണ്.

അതേ സമയം മാഫിയ സംഘങ്ങളോടും കുറ്റവാളികളോടും യാതൊരു വിട്ടുവീഴ്ചയും പാടില്ല. അത്തരം പ്രവർത്തനങ്ങളെ അടിച്ചമർത്തി മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. എന്നാൽ സേനയുടെ വീര്യവും ബലവും പ്രദർശിപ്പിക്കാൻ അനാവശ്യവും അനിയന്ത്രിതവുമായ ബലപ്രയോഗങ്ങൾ പാടില്ല.

വികാരാവേശങ്ങളോടെയല്ല വിവേകത്തോടെയും വിവേചനബുദ്ധിയോടെയുമുള്ള അധികാരമാണ് ഓരോ പൊലീസ് ഉദ്യോഗസ്ഥനും ഉപയോഗിക്കേണ്ടത്. പ്രതികാരത്തിനോ പ്രഹസനപ്രയോഗങ്ങൾക്കോ പൊലീസിൽ സ്ഥാനമില്ല.

സർക്കാർ അധികാരത്തിൽ വന്ന ഉടനെ തന്നെ വീഡിയോ കോൺഫറൻസിങ് നടത്തുവാൻ തീരുമാനിച്ചത് പൊലീസിൽ വരുത്തേണ്ട ആധുനികതയുടെ അനിവാര്യതയെ സൂചിപ്പിക്കുവാൻ കൂടിയാണ്. മുൻകാലങ്ങളെക്കാൾ വളരെ വേഗത്തിൽ നമുക്ക് ചുറ്റുമുള്ള സമൂഹവും ജീവിതരീതികളും മാറിക്കൊണ്ടിരിക്കുന്നു. ഉപഗ്രഹങ്ങളിലൂടെയും പുതിയ വാർത്താവിനിമയ മാർഗങ്ങളിലൂടെയും കടന്നുവരുന്ന നവീനസംസ്കാരങ്ങൾ ജീവിതനന്മയ്ക്കെന്ന പോലെ ഹൈടെക്




## പൊലീസ്-പൊതുജനബന്ധം മെച്ചമാക്കാൻ മൈത്രി പദ്ധതി

പൊതുജനങ്ങളും പൊലീസും തമ്മിലുള്ള ബന്ധം കൂടുതൽ സുതാര്യവും മെച്ചവുമാക്കുന്നതിന് തിരുവനന്തപുരം സിറ്റി പൊലീസ് ആവിഷ്കരിച്ച മൈത്രി പദ്ധതി നിലവിൽ വന്നു.

പൊലീസ് സേവനം ജനങ്ങളുടെ പടിവാതിൽക്കലെത്തിക്കുക, ജനകീയ പങ്കാളിത്തത്തോടെ ഗതാഗതനിയന്ത്രണവും രാത്രികാവലും ഏർപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

നഗരത്തിലെ എല്ലാ വീടുകൾക്കും പൂർണമായ സംരക്ഷണം ഏർപ്പെടുത്താൻ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടെ സന്നദ്ധപ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകും. ബീറ്റ് പൊലീസിനൊപ്പം രാത്രി കാവൽക്കാർ അവർ വസിക്കുന്ന കോളനികളുടെ സംരക്ഷണത്തിൽ പങ്കാളികളാകും. അപരിചിതരെ തിരിച്ചറിയാനും സംശയാസ്പദമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യാനും ഈ കാവൽക്കാരുടെ സഹായം പൊലീസ് തേടും. ഇവരുടെ പൂർവകാലചരിത്രം പരിശോധിച്ച ശേഷമാകും തെരഞ്ഞെടുക്കുക. ഇവർക്ക് തിരിച്ചറിയൽകാർഡ് നൽകും. ഇത്തരത്തിൽ സന്നദ്ധപ്രവർത്തകരെ നഗരത്തിലെ വിവിധഭാഗങ്ങളിൽ ഗതാഗതനിയന്ത്രണത്തിന് റസിഡന്റ്സ് അസോസിയേഷനുകൾ വഴി തെരഞ്ഞെടുക്കും. ഇപ്പോൾ ട്രാഫിക് പൊലീസിന്റെ സാന്നിധ്യമില്ലാത്ത കവലകളിൽ ഗതാഗത നിയന്ത്രണത്തിന് ഇവരെ നിയോഗിക്കും.

കുറ്റകൃത്യങ്ങളുടെ പ്രചാരത്തിനും കാരണമായിരിക്കുന്നു. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഭീകരവാദികളും മതമൗലികവാദികളും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമ്പോൾ അവയെ നേരിടാൻ അതിലും മികച്ച സാങ്കേതിക വിദ്യയുടെ പിന്തുണ അപ്പോൾ പൊലീസ് സേനയ്ക്കും ലഭ്യമാക്കേണ്ടതുണ്ട്.

മുൻകാലങ്ങളിൽ സഞ്ചരിക്കുമ്പോൾ ആശയവിനിമയം സാധ്യമായിരുന്നത്, വയർലെസ് സെറ്റിലൂടെയും മറ്റും, പൊലീസ് സേനയ്ക്ക് മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ മൊബൈൽ ഫോണുകളുടെയും മറ്റും പ്രചാരത്തിലൂടെ പൊലീസിനെക്കാളും വേഗത്തിൽ ആശയസംവേദനം കുറ്റവാളികൾക്കും സാധ്യമാകുന്നു.

പരമ്പരാഗതകുറ്റങ്ങൾക്കൊപ്പം ഹൈടെക് ക്രിമിനലുകളെ നേരിടാൻ ഹൈടെക് പൊലീസിംഗ് ആവശ്യമാണ്. നൂതന സാങ്കേതിക വിദ്യകൾ ജീവിതത്തിന്റെയും സമൂഹത്തിന്റെയും എല്ലാ മേഖലകളിലും പടർന്നു പന്തലിക്കുന്നത് മനസ്സിലാക്കി പൊലീസ് സേനാംഗങ്ങൾ ഇവ പെട്ടെന്ന് തന്നെ പഠിച്ച് സ്വായത്തമാക്കേണ്ടതാണ്. ഇ-മെയിൽ, വെബ് ബ്രൗസിംഗ് തുടങ്ങിയ ചെലവു കുറഞ്ഞതും വേഗതയേറിയതുമായ ആശയ വിനിമയ മാർഗങ്ങൾ



# പൊലീസ് സേനയിൽ നവീകരണം

**പ**തിനഞ്ച് വർഷം സർവീസ് പൂർത്തിയാക്കിയ പൊലീസ് കോൺസ്റ്റബിൾമാർക്ക് ഹെഡ്കോൺസ്റ്റബിൾമാരായും 23 വർഷം സർവീസ് പൂർത്തിയാക്കിയവർക്ക് എ.എസ്.ഐ. മാരായും പ്രമോഷൻ നൽകുമെന്ന് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കേരളാ പൊലീസ് അസോസിയേഷന്റെ 23-ാം സംസ്ഥാന സമ്മേളനത്തിലാണ് പൊലീസിന്റെ പതിറ്റാണ്ടുകളായുള്ള ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം മന്ത്രി നടത്തിയത്. പൊലീസുകാരുടെ ജോലിസമയം എട്ട് മണിക്കൂറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. ആദ്യഘട്ടമായി ഇത് 72 സ്റ്റേഷനുകളിൽ ആഗസ്റ്റ് ഒന്നു മുതൽ നടപ്പാക്കും. എന്നാൽ അത്യാവശ്യ സമയങ്ങളിൽ ജോലി ചെയ്യാൻ ലഭ്യമാകുന്ന വിധത്തിൽ ജോലി സമയം ക്രമീകരിക്കണം. എട്ടുമണിക്കൂർ ജോലിയാക്കിയപ്പോൾ അത്യാവശ്യസമയത്ത് പോലും പൊലീസുകാരെ ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നിരുന്നു. ഒരു ജില്ലയിൽ ഒരു സ്റ്റേഷനിൽ എട്ടു മണിക്കൂർ ജോലി നടപ്പിലാക്കും. ജില്ലയിൽ ഒരു വനിതാ പൊലീസ് സ്റ്റേഷനെങ്കിലും സ്ഥാപിക്കും.

സ്റ്റേഷനുകളിലെ നിർബന്ധിത പാറാവ് സമ്പ്രദായം പരിഷ്കരിക്കും. സ്റ്റേഷനുകളിൽ റിസപ്ഷൻ പ്രവർത്തിപ്പിക്കും. പൊലീസുകാർക്ക് അവരവരുടെ സ്ഥലങ്ങളിൽത്തന്നെ ജോലി ചെയ്യാൻ കഴിയുന്ന വിധത്തിൽ പരിഷ്കാരം കൊണ്ടുവരാൻ ആലോചിക്കും. ട്രാൻസ്ഫർ നയം ആവിഷ്കരിക്കും. നിശ്ചിത സമയത്ത് പ്രമോഷൻ നടപ്പാക്കാൻ ക്രമീകരണം ഉണ്ടാക്കും. പൊലീസുകാരുടെ അഴിമതിക്കെതിരെ കർശന നടപടി സ്വീകരിക്കും. കീഴുദ്യോഗസ്ഥരെ ശിക്ഷിക്കാൻ മേലുദ്യോഗസ്ഥർക്ക് ഉത്തരവാദിത്തം ഉണ്ടാകും. ആഭ്യന്തരമന്ത്രിയുടെ മുന്നിൽ വരുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കും. മന്ത്രിയുടെ ആഫീസിൽ പ്രത്യേക മോണി റ്ററിംഗ് സെൽ ഉണ്ടാക്കും. പൊലീസ് കൺട്രോൾ റൂമുകൾ കാര്യക്ഷമമായി പ്രവർത്തിക്കണം. ഡി.ജി.പി. മുതൽ എസ്.ഐ. വരെയുള്ളവർ ഇക്കാര്യം പരിശോധിക്കണം. ഹൈവേ പട്രോൾ സംഘങ്ങൾ അലർട്ട് സേനയായി പ്രവർത്തിക്കണം. ഹൈവേ പട്രോൾ സംഘം കൈക്കൂലി വാങ്ങുന്നതായി ആരോപണമുണ്ട്. അത്തരം ആരോപണങ്ങൾക്കുള്ള സാഹചര്യം സൃഷ്ടിക്കരുത്.

പൊലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ പരാതിക്കാർ ആവശ്യപ്പെട്ടാൽ എഫ്.ഐ.ആർ. നൽകണം. പരാതി ലഭിച്ചാൽ രസീത് നൽകണം. റിക്കാർഡില്ലാതെ അന്വേഷണം നടത്തരുത്. പ്രതികളെ കൊണ്ടുപോവുന്ന പൊലീസുകാർക്ക് റൈഫിളിന് പകരം പിസ്റ്റൾ നൽകുന്ന കാര്യം പരിഗണിക്കും. പൊലീസ് സേനയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് എൻ.സി. ചാറ്റർജി കമ്മിറ്റി റിപ്പോർട്ട് മുതലുള്ള വിവിധ കമ്മിറ്റികളുടെ റിപ്പോർട്ട് പഠിച്ച് പുതിയ റിപ്പോർട്ട് നൽകാൻ എ.ഡി.ജി.പി. മാരുടെ കമ്മിറ്റിയെ നിയോഗിക്കും. പൊലീസ് മാനുവൽ പരിഷ്കരിക്കാനായി എ.ഡി.ജി.പി. ജേക്കബ് പുന്നൂസ് ചെയർമാനായി കമ്മിറ്റിയെ നിയോഗിക്കുമെന്നും മന്ത്രി പറ ഞ്ഞു.

കേരള പൊലീസ് അസോസിയേഷൻ ഉന്നയിച്ച പ്രധാന ആവശ്യങ്ങളാണ് അംഗീകരിച്ചത്. മന്ത്രിസഭാതലത്തിൽ ചർച്ച ചെയ്ത ശേഷമേ സാമ്പത്തിക ബാധ്യതയുള്ള മറ്റ് കാര്യങ്ങളിൽ തീരുമാനമെടുക്കാനാകൂ - മന്ത്രി പറഞ്ഞു.

കോൺസ്റ്റബിൾ തലം മുതൽ മേലേക്കിട യിലുള്ള ഓഫീസർമാർ വരെ പഠിക്കേണ്ട തുണ്ട്.

പൊലീസ്മന്ത്രിയെന്നുള്ള നിലയിൽ താൻ പൊലീസ് സേനാംഗങ്ങളുടെ താത്പ ര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥനാണ്. അതേ സമയം തന്നെ ജനങ്ങളാൽ തെര ഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയെന്ന നില യിൽ സമൂഹത്തോടാണ് ഏറ്റവും കടപ്പെ ട്ടിട്ടുള്ളത്. എതിരഭിപ്രായങ്ങളെ അടിച്ച മർത്താനുള്ള ഉപകരണമായി പൊലീ സിനെ ഉപയോഗിക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. സേവന തത്പരതയും നിഷ്പക്ഷതയും കാര്യശേഷിയുമാണ് പൊലീസിൽ നിന്ന് ഗവൺമെന്റ് ആഗ്രഹി ക്കുന്നത്. സേനാംഗങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് നേരെ ഒരിക്കലും കണ്ണട യ്ക്കുകയില്ല. മുന്തിയ പരിഗണന തന്നെ അവയ്ക്ക് നൽകുകയും ചെയ്യും.

സമൂഹത്തിൽ കുറ്റകൃത്യങ്ങൾ ചെയ്യു ന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരേണ്ട ബാധ്യത പൊലീസിനുള്ളതാണ്. ഈ കാര്യത്തിൽ ഉണ്ടാകുന്ന ഒരു വീഴ്ചയും ഗവൺമെന്റ് പൊറുക്കുകയില്ല. ഓരോ മാസവും വീഡിയോ കോൺഫ റൻസിങ്ങിലൂടെ വിവിധ ജില്ലകളിലെ സീനിയർ ഓഫീസർമാരുമായി ക്രമസമാ ധാനപ്രശ്നങ്ങളും കുറ്റാന്വേഷണ വിശക ലനങ്ങളും ചർച്ച ചെയ്യും.

ജില്ലകളിലെ പൊലീസ് സൂപ്രണ്ടുമാരു മായുള്ള ആദ്യ യോഗം സെക്രട്ടേറിയറ്റിൽ നിന്നും വീഡിയോ കോൺഫറൻസിങ്ങി ലൂടെ ആഭ്യന്തരമന്ത്രി നടത്തി.

പ്രിൻസിപ്പൽ സെക്രട്ടറി കെ.കെ. വിജ യകുമാർ, ഡി.ജി.പി. രമൺ ശ്രീവാസ്തവ, അഡിഷണൽ ഡി.ജി.പി. രാജൻ മധേക്കർ, ഡി.ഐ.ജി. ടോമിൻ ജെ.തച്ചങ്കരി, ഐ.ജി. ലോക്നാഥ് ബെഹ്റ എന്നിവരും സംബ ന്ധിച്ചു.

# അഴിമതിരഹിത പൊതു പ്രവർത്തനത്തിന് നിയമം വരും





**അ**ഴിമതിരഹിതമായ പൊതുപ്രവർത്തനത്തിനുവേണ്ടി ആവശ്യമായ നിയമ നിർമാണം നടത്താൻ സർക്കാർ തയ്യാറാണ്. രാഷ്ട്രീയ പകപോക്കലിന് വിജി ലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ ഉപയോഗിക്കില്ല.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടു ത്താൻ കൂടുതൽ അധികാരങ്ങൾ നൽകുന്നതിന് സർക്കാർ ശ്രമിക്കും. അന്വേഷണ ഉദ്യോഗസ്ഥർ നീതിപൂർവം പ്രവർത്തിക്കണമെന്നും നിയമവിരുദ്ധമായി പ്രവർത്തി ക്കരുതെന്നും ഉദ്യോഗസ്ഥരെ മന്ത്രി കോടിയേരി ബാലകൃഷ്ണൻ അനുസ്മരിപ്പി ച്ചു.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ സൂപ്രണ്ടുമാർ വരെയുള്ള ഉദ്യോഗസ്ഥരുമായി തിരുവനന്തപുരത്ത് വിജിലൻസ് ആസ്ഥാനത്ത് മന്ത്രി ചർച്ച നടത്തി.

ബ്യൂറോയുടെ കാര്യക്ഷമത വർധിപ്പിക്കാൻ ഡയറക്ടർ മുന്നോട്ടുവച്ച നിർദേശ ങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ച് നടപടികളെടുക്കും. പൊതുമേഖലാ സ്ഥാപനങ്ങളിലെ വിജിലൻസ് സംവിധാനം എങ്ങനെ കാര്യക്ഷമമായി പ്രവർത്തി പ്പിക്കാമെന്നും ഭൂമിയുടെ തറവില നിശ്ചയിക്കുന്നതിലും വസ്തു രജിസ്ട്രേഷ നിലും ഉണ്ടാകുന്ന അപാകതകൾ എങ്ങനെ പരിഹരിക്കാമെന്നും സർക്കാർ തല ത്തിൽ പരിശോധിക്കുന്നതാണെന്ന് മന്ത്രി ഉറപ്പു നൽകി.

വിജിലൻസുകാർ ദീർഘകാലത്തെ ശ്രമത്തിനുശേഷം അന്വേഷണം പൂർത്തി യാക്കി കോടതിയിൽ ചാർജ് ചെയ്യുന്ന കേസുകൾ പിൻവലിക്കുന്നത് അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ ആത്മവീര്യം കെടുത്തും. അതിനാൽ അത്തരം ഉത്തരവുകൾ, മുൻ സർക്കാർ ഇറക്കിയിട്ടുള്ളത്, പുനഃപരിശോധിച്ച് നടപടി എടുക്കുമെന്ന് മന്ത്രി അറിയിച്ചു.

സ്ഥാനമേറ്റശേഷം ആദ്യമായി വിജിലൻസ് ആസ്ഥാനത്തെത്തിയ മന്ത്രിയെ വിജി ലൻസ് ഡയറക്ടർ ഉപേന്ദ്രവർമ, ആഭ്യന്തര വിജിലൻസ് വകുപ്പുകളുടെ ചുമതല യുള്ള അഡിഷണൽ ചീഫ് സെക്രട്ടറി ലിസി ജേക്കബ്, അഡിഷണൽ ഡി.ജി.പി. സിബി മാത്യൂസ്, ഐ.ജി.മാരായ നെറ്റോഡെസ്മണ്ട്, പി. വിജയാനന്ദ്, ഡി.ഐ.ജി., എ. സുരേന്ദ്രൻ മുതലായവർ ചേർന്ന് സ്വീകരിച്ചു.

# നിയമപരിഷ്കരണത്തിന് കമ്മിഷൻ
## തുറമുഖ വികസനം മുഖ്യയിനം

**നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് മുൻ നിയമസഭാസ്പീക്കർ കൂടിയായിരുന്ന മന്ത്രി എം. വിജയകുമാർ മനസ്സു തുറക്കുന്നു. നിയമ പാർലമെന്ററി കാര്യ സ്പോർട്സ് വകുപ്പു മന്ത്രിയായ അദ്ദേഹവുമായി പ്രസാർഭാരതി പ്രതിനിധി ജോൺ ഉലഹന്നാൻ നടത്തിയ അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ.**



? സ്പീക്കറായിരുന്ന കാലത്ത് അങ്ങു തന്നെ പറഞ്ഞിട്ടുണ്ട്: വളരെയേറെ ഉത്തരവാദിത്തപ്പെട്ട കടമയാണിത്. ഞാനിതിൽ ഏറെ പ്രധാനപ്പെട്ടതായി കാണുന്നത് നിഷ്പക്ഷതയാണ്. ഇത് പൂർണമായി നിലനിർത്താൻ അങ്ങേയ്ക്ക് സാധിച്ചിട്ടുണ്ടെന്നാണോ വിശ്വാസം?... അതോ ഇതിൽ എന്തെങ്കിലും പരിമിതികൾ ഉണ്ടായിട്ടുണ്ടോ?

■ ഒരു നിയമസഭാസ്പീക്കറുടെ മുഖമുദ്ര എന്ന് പറയുന്നത് നിഷ്പക്ഷതയാണ്. നിഷ്പക്ഷതയില്ലെങ്കിൽ സ്പീക്കറാവില്ല. അത് പൂർണമായി പ്രാവർത്തികമാക്കാൻ ശ്രമിച്ചൊരാളാണ് ഞാൻ. എന്റേതായ സംഭാവനകൾ തന്നെയുണ്ട് ആ രംഗത്ത് എന്ന എനിക്ക് അവകാശപ്പെടാം. ഞാൻ തുടക്കത്തിൽത്തന്നെ ഒരു കാര്യം പറഞ്ഞു. സ്പീക്കർ നിഷ്പക്ഷനാണ്. അത് വെറും സാങ്കേതികമായ നിഷ്പക്ഷതയല്ല. സ്പീക്കർ നിഷ്പക്ഷനാണെന്ന് സ്വയം തോന്നിയാലും പോര, നിഷ്പക്ഷനാണെന്ന് എല്ലാവരെയും ബോധ്യപ്പെടുത്താൻ, ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ബോധ്യപ്പെടുത്താൻ സ്പീക്കർക്ക് കഴിയണം. അതിനുവേണ്ടി ചില പരീക്ഷണങ്ങൾ വരെ ഞാൻ നിയമസഭയിൽ നടത്തിയിട്ടുണ്ട്. എന്റെ തന്നെ റൂളിങ്ങുകൾ. റൂളിങ് എന്ന് പറഞ്ഞാൽ നിയമവശങ്ങൾ പരിശോധിച്ച് കീഴ്‌വഴക്കങ്ങൾ പരിശോധിച്ച്, ചട്ടങ്ങൾ പരിശോധിച്ചൊക്കെയാണല്ലോ റൂളിങ് വരിക. ശരിയായ നിഗമനത്തിലെത്തിയിട്ടാണ് റൂളിങ് ഉണ്ടാകുക. എന്റെ തന്നെ റൂളിങ്ങുകൾ ഞാൻ ഈ നിഷ്പക്ഷതയെ ബോധ്യപ്പെടുത്താൻവേണ്ടി പിൻവലിച്ചിട്ടുണ്ട്. എന്നിട്ട് ഞാൻ അതിനെത്തുടർന്നുതന്നെ പറഞ്ഞു, ആ റൂളിങ്ങുകൾ ശരിയായ റൂളിങ്ങാണ്, പക്ഷേ എനിക്ക് നിങ്ങളെ, പ്രതിപക്ഷത്തെ, ബോധ്യപ്പെടുത്താൻ സാധിക്കാത്തതുകൊണ്ട് അതിൽ നിന്ന് പിൻവാങ്ങിയതാണ്. എന്റെ റൂളിങ് നിലനിൽക്കുന്നതാണ്. ഞാൻ പിൻവലിച്ച റൂളിങ്ങിനെ ഓവർ റൂൾ ചെയ്ത് റൂളിങ് നൽകിയിട്ടുണ്ട്. അങ്ങനെ ഒരുപാട് പരീക്ഷണങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. അതിൽ ഏറെക്കുറെ വിജയിച്ചു എന്നാണ് എന്റെ അഭിപ്രായം.

? ഇപ്പോൾ അങ്ങ് മന്ത്രി ആയിരിക്കുകയാണ്. നിയമ-പാർലമെന്ററികാര്യ മന്ത്രി. അങ്ങ് ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള പ്രധാനപ്പെട്ട പോയിന്റുകളിലൊന്നാണ് തിരുവനന്തപുരത്തെ ഹൈക്കോടതി ബെഞ്ച്. എന്താണ് അങ്ങ് ഇക്കാര്യത്തിലെടുക്കാൻ പോകുന്ന നിലപാട്, നടപടി?





■ നേരത്തെ സൂചിപ്പിച്ചതുപോലെ ആകസ്മികമായി അല്ലെങ്കിൽ അപ്രതീക്ഷിതമായി ഒരു മന്ത്രിയായി. മന്ത്രിയായെന്ന് മാത്രമല്ല, അതിന്റെ ഭാഗമായിട്ടുള്ള ചുമതലയും അങ്ങനെയാണ് വന്ന് ചേർന്നിട്ടുള്ളത്. അതിൽ ഉൾപ്പെടുന്നതാണ് ഈ നിയമ വകുപ്പ് എന്ന് പറയുന്നത്. സ്പീക്കറെന്ന നിലയിൽ നിന്ന് മാറി മന്ത്രിയായി വരുമ്പോൾ അതുമായി ബന്ധപ്പെട്ട്, പൊരുത്തമുള്ള ചുമതലകളാണ് എനിക്ക് വന്നിട്ടുള്ളത്. അതിലൊന്നാണ് നിയമം. നിയമസഭയുമായിട്ടേറ്റവും ബന്ധപ്പെട്ട ഒരു പോർട്ട്ഫോളിയോ ആണ് നിയമം എന്ന് ഞാൻ പറയേണ്ട കാര്യമില്ല. നിയമസഭയുടെ എല്ലാ കാര്യവും നോക്കി നടത്തേണ്ട ഒരു വകുപ്പാണ് പാർലമെന്ററി അഫയേഴ്സ്. പാർലമെന്ററി അഫയർ എന്നു പറഞ്ഞാൽ സ്പീക്കർ സഭ നടത്തുന്നതൊഴിച്ചാൽ മറ്റെല്ലാ കാര്യങ്ങളും...

**? ഇക്കാര്യത്തിലേക്ക് നമുക്ക് പിന്നീട് വരാം. അതിനുമുമ്പായി ഹൈക്കോടതി ബെഞ്ചിന്റെ കാര്യത്തിൽ അങ്ങയുടെ നിലപാട് ഒന്ന് വ്യക്തമാക്കാമോ?**

■ അതെ. അതിലേയ്ക്കാണ് വരുന്നത്. ഹൈക്കോടതി ബെഞ്ച് എന്നത് തലസ്ഥാനത്തിന്റെയൊരാവശ്യം എന്ന നിലയിലല്ല ഞാനിപ്പോൾ കാണുന്നത്. അതൊരു പക്ഷേ തലസ്ഥാനത്തിന്റെ ആവശ്യമായിരിക്കും. അതിലുപരി ഭരണകർത്താവെന്ന നിലയിൽ, സംസ്ഥാനത്തെ മന്ത്രി എന്ന നിലയിൽ ഞാൻ പറയാം, ഹൈക്കോടതിയുടെ ഒരു ബെഞ്ച്, ഒന്നുകിൽ ഹൈക്കോടതി അല്ലെങ്കിൽ അതിന്റെ ഫയലിങ്ങ് പവേഴ്സ് ഉള്ള ഒരു ബെഞ്ച്, തലസ്ഥാനത്തുണ്ടാകുക എന്നത് ഭരണപരമായ ഒരാവശ്യമാണ്. ഏത് സർക്കാരായാലും, കഴിഞ്ഞ കാലങ്ങളിൽ അത് നിറവേറ്റാൻ സാധിച്ചിട്ടില്ല. ദീർഘനാളത്തെ ആവശ്യം നിലനിൽക്കുകയാണ്.

**? അതുകൊണ്ടുദ്ദേശിക്കുന്നത് സ്പീഡി ജസ്റ്റിസ്....?**

■ അല്ല... ഭരണം. സംസ്ഥാനത്തിന്റെ ഹൈക്കോടതിയിൽ വരുന്ന കേസുകളുണ്ടല്ലോ... വളരെയധികം കേസുകൾ സർക്കാർ വാദിക്കേണ്ടതോ അല്ലെങ്കിൽ എതിർക്കേണ്ടതോ ആണ്. 80% ത്തോളം കേസുകളും സർക്കാർ വാദിയായിട്ടുള്ളതും അല്ലാത്തതുമാണ്. അപ്പോൾ ഈ കേസുകൾക്ക് വേണ്ടി ഭരണയന്ത്രം കോടതിയുടെ ഭാഗമായി പ്രവർത്തിക്കേണ്ടി വരും. അപ്പോൾ ഹൈക്കോടതി ഒരു ഭാഗത്തും ഭരണയന്ത്രം മറ്റൊരു ഭാഗത്തുമാകുന്നത് ഒട്ടേറെ അസൗകര്യങ്ങൾ മാത്രമല്ല, സംസ്ഥാനത്തിന്റെ ഖജനാവിന് 100 കോടിയിലധികം അധികബാധ്യതയും വരുത്തുന്നുണ്ട്. ഈ അകലം കുറച്ച് ഇങ്ങനെയൊരു സംവിധാനം വന്നുകഴിഞ്ഞാൽ നമുക്ക് സാമ്പത്തിക നേട്ടം ഉണ്ടാകുമെന്ന് മാത്രമല്ല, ഭരണപരമായി ഒട്ടേറെ കാര്യങ്ങൾ പെട്ടെന്ന് നമുക്ക് കൈകാര്യം ചെയ്യാൻ കഴിയും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഹൈക്കോടതി ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുക എന്നത് തിരുവനന്തപുരത്തുള്ളവരുടെ ഒരാവശ്യമായി കാണുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ഭരണപരമായ ആവശ്യമാണ്.

**? കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്താണ്?**

■ അത് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചേർന്ന് നടത്തേണ്ട ഒരു കാര്യമാണ്. ഭരണഘടനാപരമായി ചെയ്യേണ്ട ഒരു കാര്യമാണ്. നിലവിലുള്ള ഹൈക്കോടതിയുണ്ടല്ലോ; അതിന്റെയൊരു ബെഞ്ചായതുകൊണ്ട് ചീഫ് ജസ്റ്റിസുമായിട്ട് കൂടിയാലോചിക്കണം. അദ്ദേഹവുമായി കൂടിയാലോചിച്ചുകൊണ്ട് (അദ്ദേഹവുമറിഞ്ഞിരിക്കണമല്ലോ?) ഇവിടെ നിന്നൊരു പ്രൊപ്പോസൽ, ഇവിടെയുള്ള കാര്യങ്ങളെല്ലാം ശരിയാണെന്ന് പറഞ്ഞുകൊണ്ട് സംസ്ഥാനം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചാൽ കേന്ദ്രഗവൺമെന്റിന് ചെയ്യാവുന്ന കാര്യമാണ്. അപ്പോൾ, സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ചീഫ് ജസ്റ്റിസുമായി ബന്ധപ്പെട്ടുകൊണ്ട് ചെയ്യേണ്ട ഒരു ഭരണ നടപടി മാത്രമാണിത്. അത് ചെയ്യാൻ സാധിച്ചില്ല, ഇത്രയും കാലത്തോളം. ഇപ്പോൾ അത് ചെയ്യാൻ സാധിക്കും. അതിലെനിക്ക് പ്രത്യേക ഉത്തരവാദിത്തം കൂടിയുണ്ട്, നിയമമന്ത്രിയെന്ന നിലയിൽ. നിയമമന്ത്രി, മുഖ്യമന്ത്രി, മന്ത്രിസഭ എല്ലാം ചേർന്നിട്ടാണ് ഇതെല്ലാം ചെയ്യേണ്ടത്. അതിന് മുൻകൈയെടുക്കേണ്ട വകുപ്പാണ് നിയമവകുപ്പ് എന്ന് പറയുന്നത്.



> ഹൈക്കോടതി ബെഞ്ച് എന്നത് തലസ്ഥാനത്തിന്റെ ഒരാവശ്യം എന്ന നിലയിൽ അല്ല ഞാനിപ്പോൾ കാണുന്നത്. അതൊരു പക്ഷേ തലസ്ഥാനത്തിന്റെ ആവശ്യമായിരിക്കും. അതിലുപരി ഭരണകർത്താവെന്ന നിലയിൽ, സംസ്ഥാനത്തെ മന്ത്രി എന്ന നിലയിൽ ഞാൻ പറയാം, ഹൈക്കോടതിയുടെ ഒരു ബെഞ്ച്, ഒന്നുകിൽ ഹൈക്കോടതി അല്ലെങ്കിൽ അതിന്റെ ഫയലിങ്ങ് പവേഴ്സ് ഉള്ള ഒരു ബെഞ്ച്, തലസ്ഥാനത്തുണ്ടാകുക എന്നത് ഭരണപരമായ ഒരാവശ്യമാണ്.

**? വിഴിഞ്ഞത്ത് വരാൻ പോകുന്ന തുറമുഖവുമായി ബന്ധപ്പെട്ട് എന്തായിരിക്കും അങ്ങേയ്ക്ക് ചെയ്യാൻ കഴിയുക?**

■ വിഴിഞ്ഞം തുറമുഖം ഏറ്റവും വലിയ വികസന സാധ്യതയുള്ള തുറമുഖമാണ്. ഇത്രയും കാലമായിട്ടും ഒന്നും ചെയ്യാൻ സാധിച്ചില്ല. അത് ഒരു പ്രാദേശിക വിഷയമല്ല. കേരളത്തിന്റെയും ഇന്ത്യയുടെയും ഏഷ്യയുടെയും പ്രധാനപ്പെട്ട വികസനപദ്ധതികളിലൊന്നാണ്. അതിന്റെ പ്രത്യേകത അതൊരു പ്രകൃതിദത്തമായിട്ടുള്ള തുറമുഖമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രമങ്ങൾ നടത്തി. അത് വിജയിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ വികസന അജണ്ടയിൽ ഒരു



മുഖ്യയിനമായി വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം കാണുകയാണ്.

**? വിമാനത്താവള വികസനവും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല?**

■ വിമാനത്താവള വികസനവും വഴിമുട്ടി നിൽക്കുകയാണ്. എനിക്ക് അതിനെ സംബന്ധിച്ച് വലിയ ഉത്കണ്ഠയും പ്രയാസവുമൊക്കെയുണ്ട്. ഇന്റർനാഷണൽ എയർപോർട്ട് എന്ന നിലയിൽ അതിനെ മാറ്റിയെടുക്കാൻ മുൻഗണന നൽകും എന്നുമാത്രമല്ല സമയബന്ധിതമായിട്ടു തന്നെ ഒട്ടേറെ കാര്യങ്ങൾ അതുസംബന്ധിച്ച് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തലസ്ഥാനത്തിന്റെ ആവശ്യം അല്ലെങ്കിൽ തിരുവനന്തപുരത്തിന്റെ ആവശ്യമെന്ന നിലയിൽ ചുരുക്കി കാണേണ്ടതില്ല. വിവാഹിതയായിട്ട് വിധവയായി ജീവിക്കുക എന്ന് കേട്ടിട്ടില്ലേ? അതാണ് തിരുവനന്തപുരം എയർപോർട്ടിന്റെ അവസ്ഥ. പേരിൽ ഇന്റർനാഷണൽ ആണ് പക്ഷേ ഇതേവരെ ഇന്റർനാഷണലായിട്ടില്ല.

**? ആ പ്രയോഗത്തിലൂടെ തിരുവനന്തപുരം എയർപോർട്ടിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചുള്ള നിരാശ വളരെ വ്യക്തമാണ്. അതിനുവേണ്ടി അങ്ങ് കഠിനമായി പ്രയത്നിക്കും എന്നു തന്നെയാണ് എന്റെ വിശ്വാസം. ഇനി അങ്ങയുടെ കാലത്ത് മുൻകൈ എടുത്ത് ശിലാസ്ഥാപനം നടത്തിയ സിവിൽസ്റ്റേഷൻ നടപ്പാക്കുമോ?**

■ നടപ്പാക്കും. നടപ്പാക്കാൻ ഇന്നത്തെ നിലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിവരും. നടപ്പാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സർക്കാരിന്റെ കാലത്ത് ഇത് പൂർത്തിയാകും.

**? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പാർലമെന്ററികാര്യവകുപ്പ് ആദ്യമായി ഏർപ്പെടുത്തിയത്. അത് എന്തെന്ന് വിശദമാക്കിയാൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും. എന്താണ് ഈ വകുപ്പിനോടനുബന്ധിച്ച് അങ്ങേയ്ക്കുള്ള കടമകൾ?**

■ 1990 വരെ ഇത്തരമൊരു വകുപ്പ് ഒരു നിയമസഭയിലും ഉണ്ടായിരുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഒരു പാർലമെന്ററി അഫയേഴ്സ് വകുപ്പും മന്ത്രിയും ഉണ്ടായത്. എങ്കിലും പ്രവർത്തനങ്ങൾ പൂർണതയിൽ ആയിട്ടില്ല, ഒരു വകുപ്പുണ്ടായി എന്നതൊഴിച്ചാൽ. വളരെ പ്രധാനപ്പെട്ട വകുപ്പായി നമുക്കിതിനെ മാറ്റയെടുക്കാൻ കഴിയും.

**? സാധാരണ നമ്മുടെ സംസ്ഥാനത്തോ മറ്റ് സംസ്ഥാനങ്ങളിലോ നിലവിവുള്ള നിയമങ്ങൾ വായിച്ചാൽ സാധാരണക്കാർക്ക് മനസ്സിലാകില്ല. ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയില്ല അതിന്റെ ഭാഷ (Drafting). ഇതൊരു പോരായ്മയായി അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ? അത് കൂടുതൽ ലളിതവും സാധാരണക്കാർക്ക് മനസ്സിലാകുന്നതും ആകാൻ പാകത്തിൽ മാറ്റിയെടുക്കുന്നതിനുള്ള ഒരു ശ്രമം ഈ വകുപ്പിൽ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?**

■ നേരത്തെ പാർലമെന്ററി അഫയേഴ്സിന്റെ കാര്യം പറഞ്ഞതുപോലെ തന്നെ സജീവമല്ലാത്ത ഒരു വകുപ്പാണ് നിയമവകുപ്പ്. സജീവമല്ല പക്ഷേ, സർക്കാരിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വകുപ്പാണ്. അതിന്റെ ചുമതലകളെ രണ്ടായി തരം തിരിക്കാം. നേരത്തെ പറഞ്ഞ നിയമനിർമാണം. നിയമനിർമാണത്തിൽ നിയമസഭയെ സഹായിക്കുക, രണ്ട് നീതി നിർവഹണത്തിൽ സംസ്ഥാന സർക്കാരിനെ സഹായിക്കുക. ഈ രണ്ട് ചുമതലകളാണ് നിയമവകുപ്പിന്റെ പ്രധാന ചുമതലകൾ. ഈ രണ്ട് ചുമതലകളും നേരെ നിർവഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കണമെന്നതാണ് എന്റെ അഭിപ്രായം.



**? അപ്പോൾ ഈ രണ്ട് കാര്യങ്ങളിലും അങ്ങ് തൃപ്തനല്ല?**

■ തൃപ്തനല്ല. നിയമങ്ങൾ പരിഷ്കരിക്കേണ്ട കാലഘട്ടം വന്നിരിക്കുകയാണ്. അതിനുവേണ്ടി കേരളത്തിൽ ഒരു നിയമപരിഷ്കാരകമ്മിഷൻ സ്ഥാപിക്കണമെ

ന്നാണ് ഞാനുദ്ദേശിക്കുന്നത്. ഏറ്റവും വലിയ ഒരു ഭരണ പരിഷ്കാരനടപടിയായിരിക്കും അത്.

**? വളരെ പ്രധാനപ്പെട്ട ഒരു വകുപ്പ് കൂടി താങ്കളുടെ കീഴിലുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വകുപ്പാണ്. പൊതുജനങ്ങൾക്കൊക്കെ വളരെ താത്പര്യമുള്ള ഒരു വകുപ്പ്-സ്പോർട്സ് വകുപ്പ്. ഇപ്പോൾ കേരളത്തിന്റെ നിരാശാജനകവും ദയനീയവുമായ ദേശീയതലത്തിലെ സ്ഥിതി, അതിനൊരു പരിഹാരമുണ്ടാക്കാനുള്ള പുതിയ തുടക്കം എന്തെങ്കിലും അങ്ങയുടെ മനസ്സിലുണ്ടോ?**

■ സ്പോർട്സ് രംഗത്ത് നമുക്ക് വലിയ സാധ്യതകളുണ്ട്. ഞാൻ പലപ്പോഴും പറയാറുണ്ട് കേരളമെന്നത് ഇന്ത്യയുടെ കായികഖനി (Sports Mine) എന്ന് വിശേഷിപ്പിക്കുന്നതാണ്. കായികരംഗത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സമഗ്ര കായിക വികസനമാണ് എന്റെ സ്വപ്നം എന്ന് പറയുന്നത്. ഈ ഒരു ലക്ഷ്യം വച്ചൊരു പദ്ധതി, അതിനൊരു പേരു തന്നെ ഞാൻ കാണുന്നുണ്ട്. 'ഓപ്പറേഷൻ ഒളിമ്പിയ' എന്ന പദ്ധതി; ഒളിമ്പിക്സിന് വേണ്ടിയുള്ള തയ്യാറെടുപ്പ്. വളരെ മുന്നോട്ട് ലക്ഷ്യം വയ്ക്കുന്ന പദ്ധതി.

**? അച്യുതാനന്ദൻ ഗവൺമെന്റ് വികസന കാര്യങ്ങളിൽ എടുത്തിരിക്കുന്ന നിലപാട് അത് എടുത്തു പറയേണ്ടതാണെന്ന് തോന്നുന്നു. കാരണം അല്പം പുതുമയൊക്കെയുണ്ട്. കേരളത്തെ ദ്രോഹിക്കാത്ത തരത്തിലുള്ള വിദേശ നിക്ഷേപം, മലയാളികളിൽ നിന്നു തന്നെയുള്ള വിദേശ നിക്ഷേപം സ്വരൂപിച്ചുകൊണ്ട്, ചൂഷണം നടത്തുന്നു എന്ന് അദ്ദേഹം തന്നെ വിശേഷിപ്പിക്കുന്ന സ്മാർട്ട്സിറ്റി പോലുള്ള കമ്പനികളെയും താത്പര്യക്കാരെയും ഒഴിവാക്കിക്കൊണ്ട് വികസനം സാധ്യമാക്കുക, തൊഴിൽ ഉറപ്പുവരുത്തുക, ദാരിദ്ര്യം ഇല്ലാതാക്കുക എന്നൊക്കെയുള്ള കാഴ്ചപ്പാടാണ്. ഇതേപ്പറ്റി അങ്ങേയ്ക്ക് ഒറ്റവാക്കിൽ ജനങ്ങളോട് എന്താണ് പറയാനുള്ളത്?**

■ വികസനം എന്നത് മുഖ്യമായ ഒന്നായാണ് സർക്കാർ കാണുന്നത്. കാഴ്ചപ്പാടിൽ വ്യത്യസ്തത ഉള്ളവരുണ്ട്. എൽ.ഡി.എഫിന്റെ വികസനത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് 'വികസനം സമൂഹത്തിന് വേണ്ടി ആയിരിക്കണം' എന്നതാണ്. കേരളത്തെ സംബന്ധിച്ചു നോക്കുമ്പോൾ ഏറ്റവും കൂടുതൽ എഡ്യുക്കേറ്റഡ് അൺഎംപ്ലോയ്മെന്റുള്ള സംസ്ഥാനം ആണ്. വികസനം എന്ന് പറയുമ്പോൾ ജോബ് ഓറിയന്റഡ് ഡവലപ്മെന്റ് ആയിരിക്കണം. സാമൂഹികമായ കാഴ്ചപ്പാടുള്ള വികസനമാണ് എൽ.ഡി.എഫ്. ആഗ്രഹിക്കുന്നത്. എത്ര പേർക്ക് തൊഴിൽ ലഭിക്കും. ഇപ്പോൾ ചൈനയിലൊക്കെ നടക്കുന്നത് ഇതാണ്. അവർ ഏതും സ്വീകരിക്കുന്നുണ്ട്. അവർക്ക് ഒറ്റചോദ്യമേയുള്ളൂ, എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്നതുമാത്രം. ജോബ് ഓറിയന്റഡ് ഡവലപ്മെന്റ് അല്ലാതെ ജോബ്‌ലസ്സ് ഡവലപ്മെന്റും ഉണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുകയല്ല ജോബ് ഓറിയന്റഡ് ഡവലപ്മെന്റിനെ പ്രോത്സാഹിപ്പിക്കുകയാണ് ഈ സർക്കാർ. അതിനുവേണ്ടി സ്വകാര്യ മേഖലയിലും നമ്മുടെ താത്പര്യങ്ങൾക്ക് വിഘാതം അല്ലാത്ത ഏത് മൂലധനം സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാണ്. ■



**വിഴിഞ്ഞം തുറമുഖം ഏറ്റവും വലിയ വികസന സാധ്യതയുള്ള തുറമുഖമാണ്. ഇത്രയും കാലമായിട്ടും ഒന്നും ചെയ്യാൻ സാധിച്ചില്ല. അത് ഒരു പ്രാദേശിക വിഷയമല്ല. കേരളത്തിന്റെയും, ഇന്ത്യയുടെയും ഏഷ്യയുടെയും പ്രധാനപ്പെട്ട വികസനപദ്ധതികളിലൊന്നാണ്. അതിന്റെ പ്രത്യേകത അതൊരു പ്രകൃതിദത്തമായിട്ടുള്ള തുറമുഖമാണ്. ഈ ഗവൺമെന്റിന്റെ വികസന അജണ്ടയിൽ ഒരു മുഖ്യ ഇനമായി വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം കാണുകയാണ്.**



കെ. രാജശേഖരൻ, കില, മുളകുന്നത്തുകാവ്

**യുഗങ്ങളോളം പഴക്കമുണ്ട് സ്ത്രീകൾ അനുഭവിച്ചുപോരുന്ന ഗാർഹിക പീഡനങ്ങൾക്ക്. ത്യാഗത്തിന്റെയും പെണ്ണിസത്തിന്റെയും പേരു പറഞ്ഞ് അടിച്ചേല്പിക്കപ്പെട്ട പലതും പീഡനങ്ങളായിരുന്നു വെന്ന തിരിച്ചറിവിന്റെ തുടർച്ചയാണ് 2005 സെപ്തംബർ 13ന് പാസാക്കപ്പെട്ട ഡൊമസ്റ്റിക് വയലൻസ് ആക്ട്.**

# ഗാർഹിക പീഡനവും സ്ത്രീ സംരക്ഷണവും

സ്ത്രീകൾക്ക് എന്നും സുരക്ഷിതത്വം നല്കിയിരുന്ന കുടുംബം ഇന്ന് അവർക്കു നേരെയുള്ള അക്രമങ്ങളുടെ സുപ്രധാന വേദിയാണ്. ഗൃഹങ്ങളിലെ സ്ത്രീകൾക്കു നേരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾ നേരിടാൻ സ്ത്രീപക്ഷചിന്തകളിൽ നിന്നും ഊർജം ഉൾക്കൊണ്ടും വനിതാ പ്രസ്ഥാനങ്ങളുടെ ബഹുമുഖ സമ്മർദങ്ങളാലും കേന്ദ്ര ഗവണ്മെന്റ് ഗാർഹിക അക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം (The Protection of Women from Domestic Violence Act 2005) ഇക്കഴിഞ്ഞ സെപ്തംബർ 13ന് പാസ്സാക്കുകയുണ്ടായി. ജമ്മുകാശ്മീർ സംസ്ഥാനമൊഴിച്ച്, ഇന്ത്യയിൽ എല്ലായിടത്തും ഈ നിയമം ബാധകമാണ്. നിലവിലുള്ള യാതൊരു നിയമത്തെയും ഈ നിയമം ദുർബലപ്പെടുത്തുകയില്ല. ഗാർഹിക അക്രമത്തെ (domestic violence) അതിവിപുലമായ അർത്ഥത്തിൽ, ആകാവുന്നത്ര സമഗ്രതയോടെ ഈ നിയമം നിർവചിക്കുന്നു. അക്രമത്തിന് വിധേയയാകുന്ന സ്ത്രീക്ക് പ്രതിയിൽ നിന്നും സന്ദർഭോചിതമായ സംരക്ഷണം, നഷ്ടപരിഹാരമായി സാമ്പത്തിക ആശ്വാസം, താമസ സൗകര്യ ലഭ്യത, ചികിത്സ, നിയമസഹായം എന്നിവ ഉറപ്പാക്കാനും അവ ലഭ്യമാക്കുന്നത് ത്വരിതപ്പെടുത്താനും ഏകോപിപ്പിക്കാനും വേണ്ടി സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിക്കാനും, പരാതികൾ കൈകാര്യം ചെയ്യാൻ ആവശ്യമുള്ളത്ര കോടതികൾ സ്ഥാപിക്കാനും, അക്രമത്തിൽപ്പെട്ടവർക്ക് സേവനങ്ങൾ നല്കുന്ന സേവനദാതാ (service providers) ക്കളുടെ രജിസ്ട്രേഷൻ നടത്താനും ഈ നിയമ നിർവഹണം ഫലപ്രദമാക്കുന്നതിനുള്ള പരിശീലനങ്ങളും ആശയപ്രചരണവും നടത്താനും അടിത്തറയൊരുക്കുന്നു. ഗാർഹിക അക്രമത്തെ നേരിടാൻ ഇതിലും മികവുള്ള ഒരു നിയമഖണ്ഡം ഉണ്ടാക്കാനാകുമെന്ന് ഇന്നത്തെ നിലയിൽ നമുക്കു സങ്കല്പിക്കാനാവില്ല.

ഇനി ഗാർഹിക അക്രമത്തിനും ഗാർഹിക പീഡനങ്ങൾക്കും ഈ നിയമം നല്കുന്ന നിർവചനങ്ങൾ പരിശോധിക്കാം.

## എന്താണ് ഗാർഹിക അക്രമം?

രക്തബന്ധം മൂലമോ, വിവാഹത്തെ തുടർന്നോ, വിവാഹം പോലെയുള്ള ബന്ധ

**രക്തബന്ധം മൂലമോ, വിവാഹത്തെ തുടർന്നോ, വിവാഹം പോലെയുള്ള ബന്ധത്തെ തുടർന്നോ ദത്തെടുത്തതിനെ തുടർന്നോ ഒരു വീട്ടിൽ കുടുംബാംഗങ്ങൾ പോലെ ഒരുമിച്ച് ജീവിച്ച ഒരാൾ അത്തരം ഗാർഹികബന്ധമുള്ള ഏതെങ്കിലും സ്ത്രീയുടെ ആരോഗ്യം, സുരക്ഷിതത്വം, ജീവൻ, ശരീരാവയവങ്ങൾ അല്ലെങ്കിൽ സുഖാവസ്ഥ എന്നിവ മാനസികമായോ ശാരീരികമായോ അപകടത്തിലാക്കുകയോ, അപകടത്തിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതും അവളെ ശാരീരികമായോ, ലൈംഗികമായോ വാചികമായോ വൈകാരികമായോ സാമ്പത്തികമായോ പീഡിപ്പിക്കുന്നതും ഗാർഹിക അക്രമമാണ്.**

ത്തെ തുടർന്നോ ദത്തെടുത്തതിനെ തുടർന്നോ ഒരു വീട്ടിൽ കുടുംബാംഗങ്ങൾ പോലെ ഒരുമിച്ച് ജീവിച്ച ഒരാൾ അത്തരം ഗാർഹികബന്ധമുള്ള ഏതെങ്കിലും സ്ത്രീയുടെ ആരോഗ്യം, സുരക്ഷിതത്വം, ജീവൻ, ശാരീരികാവയവങ്ങൾ അല്ലെങ്കിൽ സുഖാവസ്ഥ എന്നിവ മാനസികമായോ ശാരീരികമായോ അപകടത്തിലാക്കുകയോ, അപകടത്തിലാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതും അവളെ ശാരീരികമായോ, ലൈംഗികമായോ, വാചികമായോ വൈകാരികമായോ സാമ്പത്തികമായോ പീഡിപ്പിക്കുന്നതും ഗാർഹിക അക്രമമാണ്. ഗാർഹിക ബന്ധമുള്ള ഒരാൾ സ്ത്രീധനമോ മറ്റ് സ്വത്തോ വിലപിടിപ്പുള്ള വസ്തുക്കളോ നിയമവിരുദ്ധമായി ലഭിക്കാനായി കുടുംബത്തിലുള്ള സ്ത്രീയെയോ അവരുമായി ബന്ധമുള്ള മറ്റ് ഏതെങ്കിലും ആളെയോ ശല്യം ചെയ്യുകയോ ഉപദ്രവിക്കുകയോ ശാരീരികക്ഷതമേൽപ്പിക്കുകയോ അപകടപ്പെടുത്തുകയോ ചെയ്യുന്നതും ഗാർഹിക അക്രമമാണ്. ഗാർഹിക ബന്ധത്തിലുള്ള സ്ത്രീയോടോ അവരുമായി ബന്ധമുള്ള മറ്റാരോടെങ്കിലുമോ മേൽപ്പറഞ്ഞ ഏതെങ്കിലും തരത്തിൽ ഭീഷണിപ്പെടുത്തുന്ന രീതിയിൽ പെരുമാറുന്നതും ഗാർഹിക അക്രമമാണ്.

ഈ നിയമം നിർവചിക്കുന്ന നാലുതരം ഗാർഹിക പീഡനങ്ങളുടെ സ്വഭാവം ഇനി പരിശോധിക്കാം.

### ശാരീരിക പീഡനം

ശാരീരികപീഡന (physical abuse) മെന്നാൽ പരാതിക്കാരിക്ക് ശാരീരിക വേദനയോ ഉപദ്രവമോ, ജീവനോ ശാരീരികാവയവങ്ങൾക്കോ ആരോഗ്യത്തിനോ അപകടമോ, ശാരീരികാരോഗ്യത്തിനോ വളർച്ചയ്ക്കോ തടസ്സമാകുന്ന ഏതൊരു പ്രവൃത്തിയും, പെരുമാറ്റവും അടിപിടിയും അക്രമസ്പർശമുള്ള ഭീഷണിയും, അക്രമ സ്വഭാവമുള്ള ബലപ്രയോഗവും ഉൾപ്പെടും.

### ലൈംഗിക പീഡനം

ലൈംഗിക പീഡന(sexual abuse)മെന്നാൽ സ്ത്രീയുടെ അന്തസ്സിന് ക്ഷതം വരുത്തുന്ന ചീത്തവിളിയും നാണം കെടുത്തലും അപമാനിക്കലും ഉൾപ്പെടെ ലൈംഗിക സ്വഭാവമുള്ള എല്ലാത്തരം പെരുമാറ്റങ്ങളും ഉൾപ്പെടും.

### വാചികവും വൈകാരികവുമായ പീഡനം

വാചികവും വൈകാരികവുമായ പീഡന(verbal & emotional abuse)മെന്നാൽ അപമാനിക്കൽ, അധിക്ഷേപിക്കൽ, നാണം കെടുത്തൽ, ചീത്തവിളിക്കൽ എന്നിവയും കുട്ടിയോ ആൺകുട്ടിയോ ഇല്ലാത്തതിന്റെ പേരിൽ അപമാനിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യലും പരാതിക്കാരിക്ക് താത്പര്യമുള്ള ഏതെങ്കിലും വ്യക്തിയെ ശാരീരികമായി ഉപദ്രവിക്കുമെന്ന ആവർത്തിച്ചുള്ള ഭീഷണിപ്പെടുത്തലും ഉൾപ്പെടും.

### സാമ്പത്തിക പീഡനം

പരാതിക്കാരിക്ക് നിയമപ്രകാരമോ ആചാരപ്രകാരമോ കോടതി വിധിയാലോ അർഹതയുള്ളതോ, പരാതിക്കാരിക്ക് വീട്ടാവശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ ഒഴിച്ചുകൂടാനാവാത്തതോ, പരാതിക്കാരിക്ക് ഒറ്റയ്ക്കോ കുട്ടികൾക്കും മറ്റുള്ളവർക്കും കൂട്ടായോ അവകാശപ്പെട്ട സ്വത്തോ, സ്ത്രീധനമോ കൂട്ടായ താമസസ്ഥലത്തിന്റെ വാടക കൊടുക്കലോ പരിപാലിക്കലോ നിഷേധിക്കപ്പെടുന്നതും, പരാതിക്കാരിക്ക് ഒറ്റയ്ക്കോ കുട്ടികൾക്കും കൂടി കൂട്ടായോ ആവശ്യമുള്ളതും അവകാശപ്പെട്ടതുമായ സ്ഥാവരജംഗമ വസ്തുക്കളോ ഓഹരികളോ ബോണ്ടുകളോ സ്ത്രീധനമോ മറ്റ് സ്വത്തുക്കളോ അന്യാധീനപ്പെടുത്തുന്നതും, കൂട്ടവകാശമുള്ള വീടുൾപ്പെടെ ഏതു തരം സമ്പത്തും സൗകര്യങ്ങളും ലഭിക്കുന്നതിനും നിയന്ത്രണം വരുത്തുന്നതും നിരോധിക്കുന്നതും സാമ്പത്തിക പീഡനത്തിൽ ഉൾപ്പെടും.

### നിയമം നടപ്പാക്കേണ്ട ഉദ്യോഗസ്ഥരും സംവിധാനങ്ങളും

പീഡനം നടന്നതോ പരാതിക്കാരിയോ പ്രതിയോ താമസിക്കുന്ന സ്ഥലത്തെ ക്രിമിനൽ നടപടികൾക്ക് ആധികാരികതയുള്ള ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്, ഗാർഹിക അക്രമത്തിൽപ്പെടുന്നവർക്ക് ബഹുമുഖ സേവനങ്ങൾ നല്കുന്നതിനായി സംസ്ഥാന സർക്കാർ ഓരോ ജില്ലയിലും ആവശ്യാനുസരണം നിയമിക്കുന്ന സംരക്ഷണ ഉദ്യോഗസ്ഥർ (protection officers), സ്ത്രീകൾക്ക് സഹായം നല്കാനായി സേവന ദാതാക്കളായി (service providers) ഈ നിയമം അനുസരിച്ച് സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്ന സന്നദ്ധസംഘടനകളും കമ്പനികളും ഇവയൊക്കെയാണ് ആണ് ഈ നിയമനിർവഹണം ത്വരിതപ്പെടുത്തേണ്ട സുപ്രധാന ഘടകങ്ങൾ.

> **ലൈംഗിക പീഡന (sexual abuse) മെന്നാൽ സ്ത്രീയുടെ അന്തസ്സിന് ക്ഷതം വരുത്തുന്ന ചീത്തവിളിയും നാണം കെടുത്തലും അപമാനിക്കലും ഉൾപ്പെടെ ലൈംഗിക സ്വഭാവമുള്ള എല്ലാത്തരം പെരുമാറ്റങ്ങളും ഉൾപ്പെടും.**

പീഡനത്തിൽപ്പെടുന്ന പരാതിക്കാർക്ക് അഭയം നല്കേണ്ട ചുമതലയുള്ള അഭയമന്ദിരങ്ങൾ, പീഡനത്തിന് ഇരയാകുന്നവർക്ക് ചികിത്സ നല്കേണ്ട ചികിത്സാ സംവിധാനങ്ങൾ, നിയമസഹായം നല്കുന്ന ലീഗൽ സർവീസ് അതോറിട്ടി, കൗൺസിലിങ്ങ് നടത്താൻ നിയോഗിതരായ കൗൺസിലർമാർ, പോലീസ് സ്റ്റേഷൻ ഓഫീസർമാർ എന്നിവരും ഈ നിയമം നടപ്പാക്കാൻ സഹായിക്കുന്നവരാണ്.

### സംരക്ഷണ ഉദ്യോഗസ്ഥർ പരാതിക്കാരെ സഹായിക്കണം

ഗാർഹിക അക്രമത്തിനു വിധേയരാകുന്നവർക്ക് വിവിധയിനം ആശ്വാസങ്ങൾ ലഭിക്കുന്നത് ത്വരിതമാക്കാൻ സഹായവർത്തികളായി പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ജില്ലകളിലും ആവശ്യത്തിന് സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിക്കണം. അവർ കഴിയുന്നതും

സ്ത്രീകൾ ആയിരിക്കണം. മജിസ്ട്രേറ്റിന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കും സംരക്ഷണ ഉദ്യോഗസ്ഥർ പ്രവർത്തിക്കേണ്ടത്.

ഗാർഹിക അക്രമത്തെക്കുറിച്ചുള്ള പരാതി കൈകാര്യം ചെയ്യുന്ന മജിസ്ട്രേറ്റിനെ സഹായിക്കുക, മജിസ്ട്രേറ്റിന് പരാതി സംബന്ധിച്ച ഗാർഹികസംഭവ റിപ്പോർട്ട് നൽകുക, പോലീസ് സ്റ്റേഷനിലും സേവന ദാതാക്കൾക്കും അതിന്റെ കോപ്പി നൽകുക, പരാതിക്കാരിക്ക് സംരക്ഷണം ലഭിക്കാനുള്ള അപേക്ഷ തയ്യാറാക്കാൻ സഹായിക്കുക, സൗജന്യ നിയമസഹായം ലഭ്യമാക്കാൻ വേണ്ടത് ചെയ്യുക, പരാതിക്കാരിക്ക് ആവശ്യമെങ്കിൽ അഭയ മന്ദിരത്തിൽ പാർപ്പിക്കുക, ശാരീരികക്ഷതം ഏറ്റിട്ടുണ്ടെങ്കിൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കുകയും അതിന്റെ മെഡിക്കൽ റിപ്പോർട്ട് മജിസ്ട്രേറ്റിനും പൊലീസ് സ്റ്റേഷനിലും നൽകുക, ചികിത്സാ സൗകര്യം ലഭ്യമാക്കുക, ക്രിമിനൽ നിയമപ്രകാരമുള്ള സാമ്പത്തിക സഹായത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നുവെന്നും അതു നടപ്പിലാക്കുന്നുവെന്നും ഉറപ്പുവരുത്തുക എന്നിവയാണ് സംരക്ഷണ ഉദ്യോഗസ്ഥരുടെ ചുമതലകൾ.

## സേവനദാതാക്കൾക്ക് എന്തു സഹായം ചെയ്യാം?

ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്തതും സ്ത്രീകൾക്ക് സേവനങ്ങൾ നല്കുന്നതുമായ സന്നദ്ധസംഘടനകളോ കമ്പനികളോ ആണ് സേവനദാതാക്കൾ.

സേവനദാതാക്കൾക്ക് ഗാർഹിക അക്രമ റിപ്പോർട്ട് രേഖപ്പെടുത്തി മജിസ്ട്രേറ്റിനും സംരക്ഷണ ഉദ്യോഗസ്ഥനും നൽകാം. പരാതിക്കാരിയെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കിയ ശേഷം മെഡിക്കൽ റിപ്പോർട്ട് സംരക്ഷണ ഉദ്യോഗസ്ഥനും പൊലീസ് സ്റ്റേഷനും നൽകാനും പരാതിക്കാരിക്ക് അഭയകേന്ദ്രം ലഭ്യമാക്കാൻ വേണ്ടതു ചെയ്യാനും അതു സംബന്ധിച്ച റിപ്പോർട്ട് പൊലീസ് സ്റ്റേഷനിൽ നല്കാനും ബാധ്യതയുണ്ട്. സേവനദാതാക്കളുടെ കൃത്യമായ പങ്ക് ഈ നിയമം അനുസരിച്ച് പ്രസിദ്ധീകരിക്കേണ്ട ചട്ടങ്ങളിലൂടെ മാത്രമേ വ്യക്തമാകുകയുള്ളു.

## ഗാർഹിക അക്രമം നടന്നാൽ എന്തു ചെയ്യണം?

അക്രമത്തിനു വിധേയയായ പരാതിക്കാരിക്ക് ഈ നിയമം അനുസരിച്ചുള്ള പരിഹാരങ്ങൾ ലഭിക്കാനായി നിശ്ചിതഫോറത്തിൽ മജിസ്ട്രേറ്റിനോ സംരക്ഷണ ഉദ്യോഗസ്ഥനോ പൊലീസ് സ്റ്റേഷനിലോ സേവനദാതാവിനു മുന്നിലോ പരാതി നൽകാം.

അക്രമത്തിനു വിധേയയാകുന്ന പരാതിക്കാരിക്കു മാത്രമല്ല, ഏതൊരാൾക്കും ഗാർഹിക അക്രമം നടന്നുവെന്നോ നടന്നു വരുന്നുണ്ടെന്നോ നടക്കാനിടയുണ്ടെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ സംരക്ഷണ ഉദ്യോഗസ്ഥനെ വിവരം അറിയിക്കാം. വിവരം നല്കുന്നയാൾക്ക് സിവിൽ-ക്രിമിനൽ ബാധ്യതകൾ ഒന്നും ഉണ്ടായിരിക്കില്ല.

ഈ നിയമം അനുസരിച്ച് മജിസ്ട്രേറ്റിന് അപേക്ഷിച്ചാൽ സംരക്ഷണ ഉത്തരവും ലഭിക്കും. സംരക്ഷണ ഉദ്യോഗസ്ഥൻ അപേക്ഷ



**അക്രമത്തിനു വിധേയയാകുന്ന പരാതിക്കാരിക്കു മാത്രമല്ല, ഏതൊരാൾക്കും ഗാർഹിക അക്രമം നടന്നുവെന്നോ നടന്നുവരുന്നുണ്ടെന്നോ നടക്കാനിടയുണ്ടെന്നോ വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ സംരക്ഷണ ഉദ്യോഗസ്ഥനെ വിവരം അറിയിക്കാം. വിവരം നല്കുന്നയാൾക്ക് സിവിൽ-ക്രിമിനൽ ബാധ്യതകൾ ഒന്നും ഉണ്ടായിരിക്കില്ല.**

തയ്യാറാക്കാൻ സഹായിക്കും. സൗജന്യ നിയമസഹായം ലഭിക്കാൻ ലീഗൽ സർവീസ് അതോറിട്ടിയ്ക്ക് അപേക്ഷ നൽകണം. അപേക്ഷാഫോറവും നിയമസഹായവും ലഭ്യമാക്കുന്നതിന് സംരക്ഷണ ഉദ്യോഗസ്ഥൻ സഹായിക്കും.

അഭയമന്ദിരം ലഭിക്കാൻ സംരക്ഷണ ഉദ്യോഗസ്ഥനോടോ സേവനദാതാവിനോടോ അപേക്ഷിച്ചാൽ അഭയമന്ദിരത്തിന്റെ ചുമതലയുള്ളയാളോട് പരാതിക്കാരിക്ക് അഭയം നൽകാൻ അവർ നിർദേശം നൽകണം.

ശാരീരികക്ഷതം ഏറ്റ പരാതിക്കാരി സംരക്ഷണ ഉദ്യോഗസ്ഥനെ സമീപിച്ചാൽ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കാനും മെഡിക്കൽ റിപ്പോർട്ട് മജിസ്ട്രേറ്റിനും പൊലീസ് സ്റ്റേഷനിലും നല്കാനും സംരക്ഷണ ഉദ്യോഗസ്ഥന് ചുമതലയുണ്ട്. ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കും. ക്രിമിനൽ നടപടിക്രമം അനുസരിച്ചുള്ള നഷ്ടപരിഹാരമാണ് പരാതിക്കാരിക്ക് വേണ്ടതെങ്കിൽ അതിനുവേണ്ട സഹായവും സംരക്ഷണ ഉദ്യോഗസ്ഥൻ നൽകും.

## പരാതിക്കാരിക്ക് സേവന ദാതാവിനെയും സമീപിക്കാം

പരാതിക്കാരിയ്ക്ക് സേവന ദാതാവിനെയും സമീപിക്കാം. അങ്ങനെയാണെങ്കിൽ സേവനദാതാവ് നിശ്ചിതഫോറത്തിൽ ഗാർഹിക അക്രമറിപ്പോർട്ട് തയ്യാറാക്കി മജിസ്ട്രേറ്റിനും സംരക്ഷണ ഉദ്യോഗസ്ഥനും നൽകണം. അവർ തുടർ നടപടികൾ സ്വീകരിക്കും. ശാരീരികക്ഷതം ഏറ്റിട്ടുണ്ടെങ്കിൽ സേവനദാതാവ് പരാതിക്കാരിയെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയയാക്കിയശേഷം മെഡിക്കൽ റിപ്പോർട്ടിന്റെ പകർപ്പ് സംരക്ഷണ ഉദ്യോഗസ്ഥനും പൊലീസ് സ്റ്റേഷനിലും അനന്തര നടപടികൾക്കായി നൽകാം. അങ്ങനെ ലഭിക്കുന്ന മെഡിക്കൽ റിപ്പോർട്ട് സംരക്ഷണ ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിനു തുടർ നടപടികൾക്കായി നൽകണം. സേവനദാതാവും പരാതിക്കാരിക്ക് അഭയമന്ദിരം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും അക്കാര്യം പൊലീസ് സ്റ്റേഷനിൽ അറിയിക്കുകയും വേണം.

## പൊലീസിലും പരാതിപ്പെടാം.

ഗാർഹിക അതിക്രമത്തിൽ ക്രിമിനൽ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പരാതിക്കാരിക്ക് പൊലീസ് സ്റ്റേഷനിൽ പരാതിപ്പെടാം. പൊലീസ് ഓഫീസർ ക്രിമിനൽ നടപടിക്രമം അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കും.

## പരാതി സമർപ്പിക്കലിന് ശേഷമുള്ള തുടർ നടപടികൾ

ഗാർഹിക അക്രമത്തെക്കുറിച്ച് മജിസ്ട്രേറ്റിനു പരാതി ലഭിച്ചാൽ ആദ്യ വിചാരണ മൂന്നുദിവസങ്ങൾക്കുള്ളിൽ കഴിയണം. തുടർന്ന് സംരക്ഷണ ഉദ്യോഗസ്ഥന്റെയോ സേവനദാതാവിന്റെയോ ഗാർഹിക സംഭവ റിപ്പോർട്ട് മജിസ്ട്രേറ്റ് പരിഗണിച്ച ശേഷം പരാതിയിൽ തീർപ്പ് കല്പിക്കണം. വിചാരണ രഹസ്യമായും നടത്താം. മജിസ്ട്രേറ്റിന് പരാതിക്കാരിയെയൊ പ്രതിയെയോ കൗൺസിലിങ്ങിന് വിടാം.

പരാതിയ്ക്കിടയിൽ, പരാതിക്കാരിക്ക് ഇപ്പോൾ താമസിക്കുന്ന വീട്ടിൽ ഒരു അവകാശവുമില്ലെങ്കിലും തുടർന്നും താമസിക്കാവുന്നതും നിയമാനുസൃതമല്ലാതെ ആ സ്ത്രീയെ ഒഴിപ്പിക്കാവുന്നതുമല്ല.

പ്രഥമദൃഷ്ട്യാ ഗാർഹിക അക്രമം നടന്നുവെന്നോ നടക്കാൻ സാധ്യതയുണ്ടെന്നോ മജിസ്ട്രേറ്റിനു ബോധ്യപ്പെട്ടാൽ, പ്രതി ഗാർഹിക അക്രമം നടത്തുന്നതിൽ നിന്നും, അക്രമം നടത്തുന്നതിന് പ്രേരിപ്പിക്കുന്നതിൽ നിന്നും, പരാതിക്കാരിയുടെ ജോലി സ്ഥലമോ, പരാതിക്കാരി കുട്ടിയാണെങ്കിൽ ആ കുട്ടിയുടെ സ്കൂളോ പ്രതി സന്ദർശിക്കുന്നതിൽ നിന്നും, പ്രതി പരാതിക്കാരിയുമായി ആശയവിനിമയം നടത്തുന്നതിൽ നിന്നും, കൂട്ടായ സ്വത്തുക്കളും ലോക്കറുകളും അക്കൗണ്ടുകളും പ്രതി ഉപയോഗിക്കുന്നതിൽ നിന്നും, പരാതിക്കാരിയെ സംരക്ഷിക്കുന്ന ബന്ധുക്കളെ പ്രതി ആക്രമിക്കുന്നതിൽ നിന്നും പ്രതിയെ തടഞ്ഞുകൊണ്ടുള്ള സംരക്ഷണ ഉത്തരവ് മജിസ്ട്രേറ്റിന് പുറപ്പെടുവിക്കാം.


പരാതിക്കാരി താമസിക്കുന്നിടത്ത് ബുദ്ധിമുട്ട് ഉണ്ടാക്കരുതെന്നും പരാതിക്കാരിയോടൊപ്പം കൂട്ടായി താമസിക്കുന്ന പ്രതിയോട് മാറി താമസിക്കാനും പരാതിക്കാരി താമസിക്കുന്ന വീട്ടിൽ പ്രതി പ്രവേശിക്കുന്നതു തടയാനും ഒന്നിച്ചു താമസിക്കുന്ന വീട് അന്യായപ്പെടുത്തുന്നത് തടയാനും കൂട്ടായി താമസിക്കുന്ന വീട്ടിലെ അവകാശങ്ങൾ പ്രതി ഉപയോഗിക്കുന്നത് നിയന്ത്രിക്കാനും സാഹചര്യം ആവശ്യപ്പെടുന്നുവെങ്കിൽ നിലവിലുള്ള താമസത്തിന് സമാനമായ താമസസ്ഥലം പ്രതി പരാതിക്കാരിക്ക് വാടകയ്ക്ക് ലഭ്യമാക്കാനും മജിസ്ട്രേറ്റിന് ഉത്തരവു പുറപ്പെടുവിക്കാം.

പരാതിക്കാരിയ്ക്ക് അവകാശപ്പെട്ട സ്വത്ത് തിരിച്ചു നൽകാൻ പ്രതിക്ക് നിർദേശം നല്കാം. പരാതിക്കാരിക്കോ കുഞ്ഞിനോ ഉണ്ടായ വരുമാനനഷ്ടം, ചികിത്സാ ചെലവ്, സ്വത്തിന്റെ നാശം, മറ്റ് നിയമപരമായ നഷ്ടങ്ങൾ എന്നിവ പരാതിക്കാരിയുടെ ജീവിത നിലവാരം അനുസരിച്ച് പരിഹരിക്കാൻ ഉത്തരവിലൂടെ നിർദേശിക്കാം. കൂടാതെ മാനസിക പീഡനത്തിനും വൈകാരിക സംഘർഷത്തിനും നഷ്ടപരിഹാരം നൽകാൻ പ്രതിയോട് ആവശ്യപ്പെടാം.

ചുരുക്കത്തിൽ, ഗാർഹിക അക്രമത്തിന് വിധേയയായ പരാതിക്കാരിയെ പ്രതിയിൽ നിന്നും സംരക്ഷിക്കുന്ന സംരക്ഷണ ഉത്തരവ്, സാമ്പത്തിക ആശ്വാസത്തിനുള്ള ഉത്തരവ്, കുട്ടികളുടെ സംരക്ഷണം പരാതിക്കാരിയെ ഏല്പിക്കുന്ന ഉത്തരവ്, താമസ അവകാശം നൽകുന്ന ഉത്തരവ് എന്നിവയിൽ ഒന്നോ ഒന്നിലധികമോ ലഭിക്കാം. മജിസ്ട്രേറ്റ് കഴിയുന്നതും അറുപതു ദിവസങ്ങൾക്കുള്ളിൽ പരാതിയിൽ തീർപ്പ് കല്പിക്കണം.

## മജിസ്ട്രേറ്റിന്റെ ഉത്തരവ് നടപ്പാക്കൽ

മജിസ്ട്രേറ്റിന്റെ ഉത്തരവുകൾ നടപ്പാക്കാൻ അദ്ദേഹത്തിന് പൊലീസ് സ്റ്റേഷൻ ഓഫീസർക്ക് നിർദേശം നൽകാം. പ്രതി പരാതിക്കാരിക്ക് പണം നല്കേണ്ട സന്ദർഭത്തിൽ അത് നൽകാതിരുന്നാൽ പ്രതിയുടെ തൊഴിലുടമയോടോ, പ്രതിക്കു കടം തിരിച്ച് നല്കേണ്ട ആളിനോടോ പണം പരാതിക്കാരിക്ക് നേരിട്ടു നൽകാനും മജിസ്ട്രേറ്റിന് നിർദേശിക്കാം.



**മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന സംരക്ഷണ ഉത്തരവ് പാലിക്കാതെ പ്രതി ലംഘനം നടത്തിയാൽ ഒരു വർഷം തടവോ, 20000 രൂപ വരെ പിഴയോ രണ്ടും കൂടി യുള്ള ശിക്ഷയോ വിധിക്കാനും മജിസ്ട്രേറ്റിന് അധികാരമുണ്ട്. അത് ജാമ്യമില്ലാത്ത കുറ്റവുമാണ്.**

മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന സംരക്ഷണ ഉത്തരവ് പാലിക്കാതെ പ്രതി ലംഘനം നടത്തിയാൽ ഒരു വർഷം തടവോ, 20000 രൂപ വരെ പിഴയോ രണ്ടും കൂടിയുള്ള ശിക്ഷയോ വിധിക്കാനും മജിസ്ട്രേറ്റിന് അധികാരമുണ്ട്. അത് ജാമ്യമില്ലാത്ത കുറ്റവുമാണ്. സംരക്ഷണ ഉദ്യോഗസ്ഥൻ മജിസ്ട്രേറ്റിന്റെ ഉത്തരവ് പാലിക്കാതിരുന്നാലും മേൽപ്പറഞ്ഞ ശിക്ഷയ്ക്കു വിധേയമാകും.

ഈ നിയമം മൂലം മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ അപ്പീൽ സമർപ്പിക്കേണ്ടത് സെഷൻ കോടതിയിലാണ്. അപ്പീൽ മുപ്പതു ദിവത്തിനകം സമർപ്പിക്കണം. ഈ നിയമത്തിൽ കീഴിൽ വരുന്ന കാര്യങ്ങൾ ക്രിമിനൽ നടപടിക്രമങ്ങൾ അനുസരിച്ചായിരിക്കും വിചാരണ ചെയ്യുന്നത്.

## സംസ്ഥാന സർക്കാരിന്റെ ചുമതലകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമവ്യവസ്ഥകൾക്ക് മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രസിദ്ധീകരണം നൽകണം. പൊലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർക്കും നീതിന്യായ ഉദ്യോഗസ്ഥർക്കും കാലാകാലങ്ങളിൽ ഈ നിയമനിർവഹണത്തിന് ആവശ്യമായ ബോധവത്കരണ പരിശീലനം നൽകണം. ആഭ്യന്തരം, ആരോഗ്യം, നിയമം തുടങ്ങിയ വിവിധ വകുപ്പുകളെ ഈ നിയമം ഉന്നയിക്കുന്ന കാര്യങ്ങൾ സംബോധന ചെയ്യാനായി ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കണം. കൂടാതെ ഈ നിയമം മുന്നോട്ട് വയ്ക്കുന്ന സേവനങ്ങൾ സ്ത്രീകൾക്ക് ലഭ്യമാകുവാനുതകുന്നത്ര കോടതികൾ ഉണ്ടാകുന്നതുൾപ്പെടെയുള്ള നയങ്ങളും സർക്കാരുകൾ സ്വീകരിക്കണം.

## എന്തിനൊക്കെ ചട്ടങ്ങൾ തയ്യാറാക്കണം?

കേന്ദ്ര-ഗവണ്മെന്റ് ചട്ടങ്ങൾ കൂടി പുറപ്പെടുവിക്കുമ്പോൾ മാത്രമേ ഈ നിയമം അതിന്റെ പൂർണതയിലെത്തുകയുള്ളൂ. ചട്ടങ്ങളിൽ സംരക്ഷണ ഉദ്യോഗസ്ഥന്റെ യോഗ്യതകൾ, സേവനവേതന വ്യവസ്ഥകൾ, ഗാർഹിക അക്രമറിപ്പോർട്ട് തയ്യാറാക്കേണ്ട രീതി, സംരക്ഷണ ഉത്തരവിനായുള്ള അപേക്ഷയുടെ മാതൃക, പരാതി നല്കേണ്ട രീതി, സംരക്ഷണ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ, സേവനദാതാക്കളുടെ രജിസ്ട്രേഷൻ, നഷ്ടപരിഹാര അപേക്ഷയിൽ ഉണ്ടാകേണ്ട വിവരങ്ങളുടെ മാതൃക, നോട്ടീസ് നല്കുന്ന രീതി, കൗൺസിലിങ്ങ് നടത്തുന്നവർക്കു വേണ്ട യോഗ്യത തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കണം.

## ജനങ്ങൾ എന്ത് ചെയ്യണം?

നിയമയുദ്ധങ്ങളുടെ ഒരു ഘോഷയാത്രയ്ക്ക് ഈ നിയമം തുടക്കമാവും. സ്ത്രീകൾ നെടുനാളായി അനുഭവിച്ചുവന്ന

ഗാർഹിക അപമാനത്തിന്റെയും അക്രമത്തിന്റെയും ക്രൂരതയുടെയും മൂടുപടം എടുത്തുമാറ്റാൻ ഈ നിയമയുദ്ധങ്ങൾ കാരണമാകും. സ്ത്രീകൾ ചരിത്രപരമായി നേരിടേണ്ടി വന്ന ദുർവിധികൾക്ക് ഈ നിയമം ഒരു താത്കാലിക ആശ്വാസമേ ആകുന്നുള്ളൂ. നെടുനാളായി സ്ത്രീകളെ സ്വകാര്യ ഉപഭോഗവസ്തുപോലെ പൊതുജീവിതത്തിൽ നിന്നും ഉത്പാദനപ്രക്രിയയിൽ നിന്നും തീരുമാനമെടുക്കലിൽ നിന്നും സാമ്പത്തിക സ്വാതന്ത്ര്യത്തിൽ നിന്നും മാറ്റിനിർത്തിയിരുന്നതിന് സ്ഥായിയായ പരിഹാരങ്ങൾ ഈ നിയമം നല്കുന്നില്ലെങ്കിലും ഗാർഹിക അക്രമങ്ങളുടെ വില്ലനും രക്തസാക്ഷിയുമില്ലാത്ത ഒരു പുതിയ കുടുംബക്രമം ക്രമേണ സൃഷ്ടിക്കാൻ ഈ നിയമത്തിന് കഴിയും. ഇങ്ങനെയൊരു നിയമമുണ്ടെന്നും താൻ ചെയ്യുന്ന പ്രവൃത്തി നിയമവിരുദ്ധമായ ഗാർഹിക അക്രമമാണെന്നും അതൊരു പുലിവാൽ പിടിക്കലാകുമെന്നും അറിയാൻ അവസരമുണ്ടായാൽത്തന്നെ പല പീഡനകേസരികളും പീഡിപ്പിക്കലിൽ നിന്നും സ്വയം പിന്മാറും.

കുടുംബത്തിനുള്ളിൽ നടക്കുന്ന നിശ്ശബ്ദമായ അക്രമങ്ങളെ ഫലപ്രദമായി നേരിടാനുള്ള അതിശക്തമായ ആയുധമാണ് ഈ നിയമം. അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് ഈ നിയമവ്യവസ്ഥകൾ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയാണ് ഇത് പ്രയോഗത്തിൽ വരുത്തുവാനുള്ള ആദ്യപടി. ഗൃഹാന്തർഭാഗങ്ങളിൽ പുറം ലോകമറിയാതെ നടക്കുന്ന അക്രമങ്ങളിൽ നിന്നും അക്രമരഹിത സാഹചര്യത്തിലേക്ക് സ്ത്രീകളെ വഴി നടത്താനുദ്യമിക്കുന്നവർക്ക് ഈ നിയമം ആയാസരഹിതമായ വഴികാട്ടിയാണ്. ഈ നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആശയങ്ങൾ നമ്മുടെ സാമൂഹിക ജീവിതത്തെ സ്ത്രീ സൗഹൃദമാക്കാനും സ്ത്രീകൾ ഏറ്റുവാങ്ങുന്ന ഗാർഹിക പീഡനത്തിന്റെ അളവുകുറയ്ക്കാനും ക്രമേണ വഴിയൊരുക്കും. നിശ്ചയമായും ഏതൊരു സാമൂഹ്യമാറ്റത്തിലുമെന്നപോലെ ചില ആദ്യകാല തിരിച്ചടികൾ ഈ നിയമത്തിന്റെ പ്രയോഗങ്ങളിലുമുണ്ടാകും. നിയമത്തിന്റെ ആ പരിമിതികളെ അതിജീവിച്ചേ ഗാർഹിക അക്രമത്തിന്റെ രഥഘോഷയാത്രകൾക്കിടയിൽപ്പെട്ടുഴലുന്ന ദുർബലരായ സ്ത്രീകളെ മോചിതരാക്കാനാകൂ. അപ്പോഴേ ആത്മാർത്ഥതയില്ലാതെ നാം പ്രയോഗിക്കുന്ന സ്ത്രീ സമത്വം, സാമൂഹികനീതി തുടങ്ങിയ പദങ്ങൾക്ക് എന്തെങ്കിലും അർത്ഥമുണ്ടാകൂ. ▢



റ്റി. എം. വാമനറാവു

# ഉപഭോക്തൃ വിലസൂചിക എന്ത് ?

**ഉപഭോക്തൃ വിലസൂചികകൾ പല കാരണങ്ങളാൽ പലപ്പോഴുമുണ്ടാകുന്ന മാറ്റങ്ങളുടെ പരിണിതഫലം വെളിവാക്കുക മാത്രമല്ല ചെയ്യുന്നത്, പ്രത്യുത ഉപഭോക്താവിന് ന്യായമായ വിലനിലവാരം അറിയാനും അവയുടെ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിക്കുന്ന ഗുണദോഷം വിലയിരുത്തുവാനും അവ ഉതകുന്നു.**



എന്താണ് ഉപഭോക്തൃ വില സൂചിക? ഉപഭോഗവസ്തുക്കളുടെ ചില്ലറ വിലകളിൽ പല കാരണങ്ങളാൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ മൊത്തത്തിലുള്ള ഫലം എന്താണെന്നും അതിന്റെ അളവ് എത്രമാത്രമാണെന്നും നിർണയിക്കുവാൻ കഴിയുന്ന ഒരു ശാസ്ത്രീയ മാനദണ്ഡമാണ് ഉപഭോക്തൃ വില സൂചിക. ഉപഭോഗവസ്തുക്കളുടെ വിലയുടെ നിലവാരമല്ല അവയുടെ വിലകളിൽ വന്നുഭവിക്കുന്ന ഏറ്റക്കുറച്ചിലുകളുടെ മൊത്തമായ നിലവാരത്തെയാണ് ഉപഭോക്തൃ വിലസൂചിക കൊണ്ട് വിവക്ഷിക്കുന്നത്.

മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് വിലക്കയറ്റം. വിലക്കയറ്റത്തിന് എടുത്തു പറയുവാൻ പ്രത്യേക കാരണങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ഉത്പാദനത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ വിലനിലവാരത്തെ സാരമായി ബാധിക്കാം. കടത്തുകൂലിയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മുതൽ മാർക്കറ്റിൽ ഉണ്ടാകുന്ന ക്ഷാമവും ഉപഭോഗവസ്തുക്കളിൽ ഉണ്ടാകുന്ന അമിത ഉപയോഗവും വരെ വിലനിലവാരത്തെ ഒരു

ഗാർഹിക അപമാനത്തിന്റെയും അക്രമത്തിന്റെയും ക്രൂരതയുടെയും മൂടുപടം എടുത്തുമാറ്റാൻ ഈ നിയമയുദ്ധങ്ങൾ കാരണമാകും. സ്ത്രീകൾ ചരിത്രപരമായി നേരിടേണ്ടി വന്ന ദുർവിധികൾക്ക് ഈ നിയമം ഒരു താത്കാലിക ആശ്വാസമേ ആകുന്നുള്ളൂ. നെടുനാളായി സ്ത്രീകളെ സ്വകാര്യ ഉപഭോഗവസ്തുപോലെ പൊതുജീവിതത്തിൽ നിന്നും ഉത്പാദനപ്രക്രിയയിൽ നിന്നും തീരുമാനമെടുക്കലിൽ നിന്നും സാമ്പത്തിക സ്വാതന്ത്ര്യത്തിൽ നിന്നും മാറ്റി നിർത്തിയിരുന്നതിന് സ്ഥായിയായ പരിഹാരങ്ങൾ ഈ നിയമം നല്കുന്നില്ലെങ്കിലും ഗാർഹിക അക്രമങ്ങളുടെ വില്ലനും രക്തസാക്ഷിയുമില്ലാത്ത ഒരു പുതിയ കുടുംബക്രമം ക്രമേണ സൃഷ്ടിക്കാൻ ഈ നിയമത്തിന് കഴിയും. ഇങ്ങനെയൊരു നിയമമുണ്ടെന്നും താൻ ചെയ്യുന്ന പ്രവൃത്തി നിയമവിരുദ്ധമായ ഗാർഹിക അക്രമമാണെന്നും അതൊരു പുലിവാൽ പിടിക്കലാകുമെന്നും അറിയാൻ അവസരമുണ്ടായാൽത്തന്നെ പല പീഡനകേസരികളും പീഡിപ്പിക്കലിൽ നിന്നും സ്വയം പിന്മാറും.

കുടുംബത്തിനുള്ളിൽ നടക്കുന്ന നിശ്ശബ്ദമായ അക്രമങ്ങളെ ഫലപ്രദമായി നേരിടാനുള്ള അതിശക്തമായ ആയുധമാണ് ഈ നിയമം. അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് ഈ നിയമവ്യവസ്ഥകൾ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയാണ് ഇത് പ്രയോഗത്തിൽ വരുത്തുവാനുള്ള ആദ്യപടി. ഗൃഹാന്തർഭാഗങ്ങളിൽ പുറം ലോകമറിയാതെ നടക്കുന്ന അക്രമങ്ങളിൽ നിന്നും അക്രമരഹിത സാഹചര്യത്തിലേക്ക് സ്ത്രീകളെ വഴി നടത്താനുദ്യമിക്കുന്നവർക്ക് ഈ നിയമം ആയാസരഹിതമായ വഴികാട്ടിയാണ്. ഈ നിയമത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആശയങ്ങൾ നമ്മുടെ സാമൂഹിക ജീവിതത്തെ സ്ത്രീ സൗഹൃദമാക്കാനും സ്ത്രീകൾ ഏറ്റുവാങ്ങുന്ന ഗാർഹിക പീഡനത്തിന്റെ അളവുകുറയ്ക്കാനും ക്രമേണ വഴിയൊരുക്കും. നിശ്ചയമായും ഏതൊരു സാമൂഹ്യമാറ്റത്തിലുമെന്ന പോലെ ചില ആദ്യകാല തിരിച്ചടികൾ ഈ നിയമത്തിന്റെ പ്രയോഗങ്ങളിലുമുണ്ടാകും. നിയമത്തിന്റെ ആ പരിമിതികളെ അതിജീവിച്ചേ ഗാർഹിക അക്രമത്തിന്റെ രഥഘോഷയാത്രകൾക്കിടയിൽപ്പെട്ടുഴലുന്ന ദുർബലരായ സ്ത്രീകളെ മോചിതരാക്കാനാകൂ. അപ്പോഴേ ആത്മാർത്ഥതയില്ലാതെ നാം പ്രയോഗിക്കുന്ന സ്ത്രീ സമത്വം, സാമൂഹികനീതി തുടങ്ങിയ പദങ്ങൾക്ക് എന്തെങ്കിലും അർത്ഥമുണ്ടാകൂ.





റ്റി. എം. വാമനറാവു

# ഉപഭോക്തൃ വിലസൂചിക എന്ത് ?

**ഉപഭോക്തൃ വിലസൂചികകൾ പല കാരണങ്ങളാൽ പലപ്പോഴുമുണ്ടാകുന്ന മാറ്റങ്ങളുടെ പരിണിതഫലം വെളിവാക്കുക മാത്രമല്ല ചെയ്യുന്നത്, പ്രത്യുത ഉപഭോക്താവിന് ന്യായമായ വിലനിലവാരം അറിയാനും അവയുടെ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിക്കുന്ന ഗുണദോഷം വിലയിരുത്തുവാനും അവ ഉതകുന്നു.**



എന്താണ് ഉപഭോക്തൃ വിലസൂചിക? ഉപഭോഗവസ്തുക്കളുടെ ചില്ലറ വിലകളിൽ പല കാരണങ്ങളാൽ ഉണ്ടാകുന്ന മാറ്റങ്ങളുടെ മൊത്തത്തിലുള്ള ഫലം എന്താണെന്നും അതിന്റെ അളവ് എത്രമാത്രമാണെന്നും നിർണയിക്കുവാൻ കഴിയുന്ന ഒരു ശാസ്ത്രീയ മാനദണ്ഡമാണ് ഉപഭോക്തൃ വില സൂചിക. ഉപഭോഗവസ്തുക്കളുടെ വിലയുടെ നിലവാരമല്ല അവയുടെ വിലകളിൽ വന്നുഭവിക്കുന്ന ഏറ്റക്കുറച്ചിലുകളുടെ മൊത്തമായ നിലവാരത്തെയാണ് ഉപഭോക്തൃ വിലസൂചിക കൊണ്ട് വിവക്ഷിക്കുന്നത്.

മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് വിലക്കയറ്റം. വിലക്കയറ്റത്തിന് എടുത്തു പറയുവാൻ പ്രത്യേക കാരണങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ഉത്പാദനത്തിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ വിലനിലവാരത്തെ സാരമായി ബാധിക്കാം. കടത്തുകൂലിയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മുതൽ മാർക്കറ്റിൽ ഉണ്ടാകുന്ന ക്ഷാമവും ഉപഭോഗവസ്തുക്കളിൽ ഉണ്ടാകുന്ന അമിത ഉപയോഗവും വരെ വിലനിലവാരത്തെ ഒരു

തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ബാധിക്കുന്നു. അതിനാൽ എല്ലാ സാധനങ്ങളുടെയും വില നിരക്കുകൾ ഒരേ അളവിലോ ഒരേ തരത്തിലോ, ഒരേ സമയത്തോ, ഒരുമിച്ച് കുറയുകയോ കൂടുകയോ ചെയ്യുന്നില്ല. സർക്കാരിന്റെ നികുതി ഘടനയിൽ വരുത്തുന്ന മാറ്റങ്ങളും വിതരണസമ്പ്രദായത്തിലുണ്ടാകുന്ന ക്രമക്കേടുകളും മറ്റും വിലനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

വിലകളെ പൊതുവിൽ മൂന്നായി തരംതിരിച്ചിരിക്കുന്നു. ഉത്പാദകന് ലഭിക്കുന്ന തോട്ടവില അഥവാ ഫാം പ്രൈസ്. ഇടനിലക്കാരനും മൊത്തക്കച്ചവടക്കാരനും ലഭിക്കുന്ന മൊത്തവില - ഹോൾസെയിൽ പ്രൈസ്. ഉപഭോക്താവ് നൽകുന്ന ചില്ലറ വില അഥവാ റീട്ടെയിൽ പ്രൈസ്.

ഇവിടെ ഉപഭോക്താവിന് വസ്തുക്കൾ ലഭിക്കുമ്പോൾ, നൽകുന്ന ചില്ലറ വിലയിലെ



മാറ്റങ്ങൾക്കനുസൃതമായിട്ടാണ് ഉപഭോക്തൃ വിലസൂചിക കണക്കാക്കുന്നത്. കാരണം ഉപഭോക്താവ് സാധനങ്ങൾ വാങ്ങിക്കഴിഞ്ഞാൽ പിന്നെ യാതൊരു കൈമാറ്റങ്ങളും ഉണ്ടാകുന്നില്ല. അതിനാലാണ് അത് അവസാനത്തെ വിലയായി കണക്കാക്കുന്നത്. നിത്യോപയോഗ സാധനങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഉപഭോക്താവിനെ എങ്ങനെ ബാധിക്കുന്നു എന്ന് അറിയാനുള്ള അളവുകോലാണ് ചില്ലറ വിലസൂചിക. ഇതിനെ ആസ്പദമാക്കി, സർക്കാരിനും മറ്റ് പല സ്ഥാപനങ്ങൾക്കും പല തീരുമാനങ്ങളും എടുക്കേണ്ടതായിട്ടുണ്ട്.



ചില്ലറ വിലസൂചിക കണക്കാക്കുന്നതിന് ഒരു അടിസ്ഥാനവർഷം ആവശ്യമാണ്. ആ അടിസ്ഥാനവർഷത്തെ വിലയിൽ നിന്നും പിന്നീടുള്ള കാലങ്ങളിൽ വന്നിട്ടുള്ള നിലവാരം കാണിക്കുന്ന സൂചികയാണ് ചില്ലറ വിലസൂചിക കൊണ്ട് കാണിക്കുന്നത്. ഈ ചില്ലറ വിലസൂചിക ജീവിത നിലവാര സൂചിക എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ ജീവിത നിലവാരസൂചിക(Cost of Living Index)എന്ന വളരെ അർത്ഥവ്യാപ്തിയുള്ള പദത്തിന് പകരമായിട്ടാണ് ഉപഭോക്തൃ വിലസൂചിക (Consumer Price Index) എന്ന പദം ധനതത്ത്വശാസ്ത്രത്തിൽ ഉപയോഗിച്ചിട്ടുള്ളത്.

ഈ വിലസൂചികയുടെ അടിസ്ഥാനത്തിലാണ് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല എന്നിവിടങ്ങളിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ ക്ഷാമബത്ത അനുവദിക്കുന്നത്. സൂചിക ഉയർന്നാൽ ക്ഷാമബത്ത വർദ്ധിക്കും. സൂചിക കുറഞ്ഞാൽ ക്ഷാമബത്ത കുറയുന്നില്ല. പക്ഷേ വേരിയബിൾ ഡി.എ. നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്, സൂചിക താഴ്ന്നാൽ, ക്ഷാമബത്ത

**വിലനിലവാര സൂചിക** — **അടിസ്ഥാനം: 1970=100**

| കേന്ദ്രം | 1970 | 12/75 | 12/80 | 12/85 | 12/90 | 12/95 | 12/2000 | 09/01 |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 100 | 175 | 215 | 327 | 464 | 784 | 1129 | 1153 |
| കൊല്ലം | 100 | 176 | 218 | 331 | 479 | 805 | 1126 | 1155 |
| പുനലൂർ | 100 | 176 | 210 | 312 | 450 | 730 | 1079 | 1101 |
| ആലപ്പുഴ | 100 | 176 | 214 | 318 | 455 | 788 | 1132 | 1157 |
| കോട്ടയം | 100 | 169 | 215 | 329 | 461 | 790 | 1131 | 1163 |
| മുണ്ടക്കയം | 100 | 180 | 208 | 301 | 461 | 778 | 1096 | 1116 |
| മൂന്നാർ | 100 | 184 | 221 | 316 | 448 | 756 | 1096 | 1127 |
| എറണാകുളം | 100 | 172 | 208 | 305 | 441 | 761 | 1083 | 1112 |
| ചാലക്കുടി | 100 | 172 | 214 | 325 | 459 | 796 | 1148 | 1180 |
| തൃശ്ശൂർ | 100 | 171 | 220 | 323 | 446 | 789 | 1104 | 1132 |
| പാലക്കാട് | 100 | 170 | 213 | 308 | 449 | 798 | 1117 | 1145 |
| മലപ്പുറം | 100 | 170 | 215 | 321 | 476 | 816 | 1104 | 1131 |
| കോഴിക്കോട് | 100 | 174 | 215 | 324 | 463 | 779 | 1103 | 1134 |
| മേപ്പാടി | 100 | 175 | 219 | 330 | 475 | 823 | 1173 | 1201 |
| കണ്ണൂർ | 100 | 170 | 210 | 317 | 458 | 803 | 1103 | 1135 |

ഉറവിടം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

അഥവാ ഡി.എ. കുറയുന്നതാണ്. ഒട്ടേറെ സ്ഥാപനങ്ങളുടെ വേതനത്തിന്റെ മാനദണ്ഡത്തിൽ വേരിയബിൾ ഡി.എ. ആണ് നൽകുന്നത്. അതിനാൽ ഒട്ടനവധി സ്ഥാപനങ്ങളും ജീവനക്കാരും ഈ സൂചികയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ തൊഴിൽദായകരും തൊഴിലാളികളും രാഷ്ട്രീയക്കാരും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഈ സൂചികയുടെ കണക്കു കൂട്ടലുകളിൽ വളരെയധികം ശ്രദ്ധിക്കുന്നു. ഈ കാരണങ്ങളാലാണ് ഉപഭോക്തൃവിലസൂചിക എന്താണെന്നും അത് കണക്കാക്കുന്നത് എങ്ങനെയാണെന്നും മനസ്സിലാക്കേണ്ടത്.

രണ്ടു സംഖ്യകൾ തമ്മിലുള്ള താരതമ്യ പഠനത്തിനുപയോഗിക്കുന്ന അളവുകോലാണ് സൂചിക. ആദ്യത്തെ സംഖ്യയെ അപേക്ഷിച്ച് പിന്നീടുള്ള സംഖ്യകളുടെ വലിപ്പം എത്രയാണെന്ന വിവരം മാത്രമാണ് സൂചിക നൽകുന്നത്. വിലനിലവാര സൂചികയാകുമ്പോൾ സ്വാഭാവികമായി പ്രതീക്ഷിക്കുന്നത്, വിലയുടെ നിലവാരത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ പ്രതിഫലിപ്പിക്കുന്ന ഒരു അളവുകോലിനെ കുറിച്ചാണ്. ഏതെങ്കിലും ഒരു സാധനത്തിന്റെ മാത്രം സൂചിക കണക്കാക്കുന്നത് വളരെ എളുപ്പമാണ്. എന്നാൽ ഉപഭോക്തൃ വില സൂചിക കണക്കാക്കുന്നതിന് ഒട്ടനവധി കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്.

ആദ്യമായി ഒരു അടിസ്ഥാനവർഷം തെരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. അത് തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഏതൊക്കെ കേന്ദ്രങ്ങളിലെ ഉപഭോക്തൃ വിലസൂചികയാണ് കണക്കാക്കേണ്ടത് എന്ന് തീരുമാനിച്ച് ആ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കണം. ഉപഭോക്തൃവില സൂചിക കൊണ്ട് ആർക്കൊക്കെ (ഏതൊക്കെ തരം തൊഴിലാളികൾക്ക്) പ്രയോജനം ലഭിക്കണമെന്നത് തീരുമാനിച്ച ശേഷം ആ പ്രദേശങ്ങളിൽ വളരെ വിപുലമായ രീതിയിൽ ഒരു കുടുംബ ബഡ്ജറ്റ് സർവേ നടത്തുന്നു. കുടുംബ ബഡ്ജറ്റ് സർവേയ്ക്കു വേണ്ടി എല്ലാ തൊഴിലാളി കുടുംബങ്ങളിലും സർവേ നടത്തുവാൻ കഴിയുകയില്ല. അതിനായി പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എല്ലാ തൊഴിലാളികളുടെയും ലിസ്റ്റ് ശേഖരിച്ച് എല്ലാ മേഖലയിലെ തൊഴിലാളികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തി റാൻഡം (random) മെത്തേഡിൽ കുറെ തൊഴിലാളി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾ എല്ലാ മേഖലകളിലും പെട്ട തൊഴിലാളികളുടേതാണെന്ന് ഉറപ്പുവരുത്തുവാൻ ഇതുമായി ബന്ധപ്പെട്ട സമിതിക്ക് അധികാരവുമുണ്ടായിരിക്കും.

മേൽപ്പറഞ്ഞ കുടുംബബഡ്ജറ്റ് സർവേക്കായി വളരെ വിശദമായ ഒരു ചോദ്യാവലി തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ കുടുംബത്തിന്റെ സമ്പദ്ഘടന, ജീവിത സാഹചര്യങ്ങൾ, കുടുംബത്തിന്റെ അംഗസംഖ്യ തുടങ്ങി വിവിധ കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. അതിനാൽ ഈ പ്രവൃത്തിക്കായി തൊഴിലാളി, തൊഴിൽ ദായക, സർക്കാർ പ്രതിനിധികളടങ്ങുന്ന ഒരു വിദഗ്ധകമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു. സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സമിതികൾ ഉണ്ടായിരിക്കും. ഈ സമിതികളുടെ പ്രയത്നത്താൽ എല്ലാ കേന്ദ്രങ്ങളിലേക്കുമായി ഒരു ചോദ്യാവലി തയ്യാറാക്കുന്നു.

സർവേ നടത്തുന്നതിന് ഓരോ കേന്ദ്രത്തിൽ നിന്നും തെരഞ്ഞെടുത്ത ആകെ കുടുംബങ്ങളെ 12 ഭാഗങ്ങളായി വിഭജിക്കുന്നു. ഓരോ ഭാഗവും ഓരോ മാസത്തിൽ സർവേ നടത്തുന്നു. വരവും ചെലവും എല്ലാ മാസവും ഒരേ പോലെ ആയിരിക്കുകയില്ല. അതുകൊണ്ട് മാസാമാസം വരുന്ന വ്യതിയാനങ്ങൾ കണക്കിൽ ഉൾപ്പെടുത്തുവാൻ ഈ രീതി സഹായകമാകും. തെരഞ്ഞെടുത്ത കുടുംബത്തിന്റെ അംഗങ്ങളെപ്പറ്റിയും, അവരുടെ കുടുംബബന്ധം, ജോലി, മറ്റ് വിവരങ്ങൾ, വരവിനങ്ങൾ, വരാവുന്നതായ സകല ചെലവിനങ്ങൾ എന്നിവ ശേഖരക്കുന്നതിനാണ് ചോദ്യാവലി തയ്യാറാക്കിയിരിക്കുന്നത്. ചെലവിനങ്ങൾ ഉൾപ്പെടുത്തുമ്പോൾ ദൈനംദിന ചെലവുകൾ മാത്രമേ ഉൾപ്പെടുത്താറുള്ളൂ. വീട്ടു മൃഗങ്ങൾ, വസ്തുവകകൾ, വാഹനങ്ങൾ, ആഭരണങ്ങൾ എന്നിവ വാങ്ങുന്നതിന്റെ ചെലവുകൾ കണക്കാക്കാറില്ല. അതുപോലെ സമ്പാദ്യങ്ങൾ, കടം കൊടുത്ത തുക, തിരിച്ചു കിട്ടിയ തുക എന്നിവയും കണക്കിൽപ്പെടുത്താറില്ല. ആവർത്തന സ്വഭാവമില്ലാത്ത സാധനങ്ങൾക്കായുള്ള ചെലവിന്റെ കണക്കുകൾ കഴിഞ്ഞ കൊല്ലത്തേതായും, തൊഴിൽ ദായകരിൽ നിന്നും ലഭിക്കുന്ന സൗജന്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തുന്നതാണ്. അതുപോലെ സർക്കാർ സബ്സിഡിയിൽ ലഭിക്കുന്ന റേഷൻ സാധനങ്ങൾ, പൊതുവിതരണത്തിൽ കൂടി ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടങ്ങിയവയും ഉൾപ്പെടുത്തുന്നതാണ്.

ഇങ്ങനെ, തെരഞ്ഞടുക്കപ്പെട്ട എല്ലാ വീടുകളിൽ നിന്നും ഭവന സന്ദർശനത്തിലൂടെ ചോദ്യാവലി പൂരിപ്പിച്ചെടുക്കുന്നു. ഈ ലഭിക്കുന്ന വിവരങ്ങളിൽ നിന്നും ഓരോ കുടുംബത്തിലും ഒരു മാസം ഉപയോഗിക്കുന്ന സാധനങ്ങളും അനുഭവിക്കുന്ന സേവനങ്ങളും ശരാശരി ഏതളവിലാണ് ഉപയോഗിക്കുന്നതെന്ന് കണക്കാക്കി അക്കാലത്തെ വിലനിലവാരം കണക്കാക്കി

അടിസ്ഥാനം : 1998 - 1999=100

| കേന്ദ്രം | 98 - 99 | 10/01 | 01/02 | 01/03 | 01/04 | 01/05 | 10/05 |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 100 | 113 | 115 | 120 | 125 | 132 | 133 |
| കൊല്ലം | 100 | 114 | 115 | 121 | 126 | 128 | 132 |
| പുനലൂർ | 100 | 112 | 113 | 114 | 116 | 119 | 123 |
| പത്തനംതിട്ട | 100 | 113 | 114 | 116 | 119 | 124 | 127 |
| ആലപ്പുഴ | 100 | 112 | 114 | 114 | 118 | 124 | 125 |
| കോട്ടയം | 100 | 114 | 115 | 116 | 119 | 122 | 126 |
| മുണ്ടക്കയം | 100 | 112 | 113 | 115 | 116 | 121 | 122 |
| മൂന്നാർ | 100 | 114 | 115 | 114 | 115 | 120 | 122 |
| എറണാകുളം | 100 | 114 | 115 | 116 | 119 | 124 | 127 |
| ചാലക്കുടി | 100 | 113 | 114 | 114 | 118 | 121 | 125 |
| തൃശ്ശൂർ | 100 | 114 | 115 | 115 | 119 | 121 | 124 |
| പാലക്കാട് | 100 | 111 | 112 | 115 | 116 | 123 | 126 |
| മലപ്പുറം | 100 | 112 | 114 | 116 | 120 | 125 | 126 |
| കോഴിക്കോട് | 100 | 114 | 115 | 114 | 118 | 121 | 124 |
| മേപ്പാടി | 100 | 114 | 115 | 114 | 116 | 118 | 123 |
| കണ്ണൂർ | 100 | 114 | 115 | 115 | 121 | 126 | 127 |
| കാസർഗോഡ് | 100 | 113 | 114 | 115 | 124 | 127 | 131 |

ഉറവിടം : സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

കുടുംബചെലവ് മൊത്തം എത്രയാണെന്നും കണക്കാക്കുന്നു. അതിൽ നിന്നും ഓരോ ഇനത്തിനും ചെലവാക്കിയ തുക എത്ര ശതമാനമെന്ന് കാണുകയും ഇതെല്ലാം കൂടി ഒരു ബാസ്ക്കറ്റ് എന്ന് കണക്കാക്കിയും ഓരോ ഇനത്തിന്റെയും ശതമാനം അതിന്റെ വെയിറ്റായി കണക്കാക്കിയും മൊത്തം ബാസ്ക്കറ്റിന്റെ വെയിറ്റ് 100 എന്നും കണക്കാക്കുന്നു.

ഇതേ സമയം അടിസ്ഥാനവർഷത്തെ വിലനിലവാരവും ശേഖരിക്കുന്നു. അതിനായി കുടുംബ ബഡ്ജറ്റ് സർവേയിൽ ഉൾപ്പെടുത്തിയ എല്ലാ വിഭാഗം സാധനങ്ങളുടെയും സേവനങ്ങളുടെയും വിലകൾ ആഴ്ച തോറും ശേഖരിക്കുന്നു. വിലശേഖരണത്തിനും ഓരോയിനത്തിനും രണ്ടു കടകൾ വീതം തെരഞ്ഞെടുക്കുന്നു. ഇങ്ങനെ രണ്ടുകടകൾ തെരഞ്ഞെടുത്താൽ മാർക്കറ്റിലെ വ്യതിയാനം രേഖപ്പെടുത്താൻ കഴിയുന്നു. എല്ലാ ആഴ്ചയിലും വിലകൾ ശേഖരിച്ച് അതിന്റെ ശരാശരി വില കണക്കാക്കി രജിസ്റ്ററിൽ എഴുതി ഓരോ മാസത്തെയും ശരാശരി വില കണ്ടു പിടിക്കുന്നു.

നേരത്തെ പറഞ്ഞ പ്രകാരം കുടുംബ ബഡ്ജറ്റ് സർവേയിൽ ശേഖരിച്ച സാധനങ്ങളുടെ വിലയുമായി താരതമ്യം ചെയ്ത് ആഴ്ച തോറും ശേഖരിച്ച വിലകളുമായി ഒത്തു ചേർത്ത് അടിസ്ഥാന വർഷത്തിൽ ഒരു കുടുംബത്തിന് ആവശ്യമായ സാധനങ്ങളുടെ/സേവനങ്ങളുടെ വിലകൾ കണക്കാക്കി ആ കുടുംബത്തിനാവശ്യമായ ഒരു മാസത്തെ ചെലവിന്റെ (ബാസ്കറ്റിന്റെ) വില 100 എന്നാക്കി, അടിസ്ഥാനവർഷത്തെ സൂചിക 100 എന്ന് കണക്കാക്കുന്നു.

തുടർന്ന് അടുത്ത വർഷം മുതൽ എല്ലാ ആഴ്ചയിലും നേരത്തെ തെരഞ്ഞെടുത്ത കടകളിൽ നിന്നു തന്നെ ഷെഡ്യൂൾ അനുസരിച്ച് സാധനങ്ങളുടെ ചില്ലറ വിലകൾ ശേഖരിച്ച് മാസാന്ത്യത്തിൽ അതിന്റെ ശരാശരി കണക്കാക്കി, കുടുംബ ബഡ്ജറ്റ് സർവേയിൽ കണക്കാക്കിയ ബാസ്ക്കറ്റിന് തൻമാസത്തിൽ എന്തായിരുന്നു വിലനിലവാരം എന്നു പരിശോധിക്കുന്നു. ഈ പരിശോധനയിൽ സൂചിക 100ൽ നിന്നും അല്പമെങ്കിലും മാറ്റമുണ്ടായിരിക്കും. ഈ മാറ്റത്തിൽ 0.5നു മുകളിൽ വരുന്ന മാറ്റം ഒന്നായി കണക്കാക്കും. 0.5ൽ കുറവാണ് മാറ്റമെങ്കിൽ അത് തള്ളുകയും ചെയ്യും.

ഉദാഹരണമായി അടിസ്ഥാനവർഷത്തിൽ സൂചിക 100 ആയിരുന്നത് പിന്നീട് ഒരു മാസത്തിൽ 102.5 ആണെങ്കിൽ ആ മാസത്തെ സൂചിക 103 ആയിരിക്കും. ചില മാസങ്ങളിൽ ഈ സൂചിക കുറയുവാനും സാധ്യത ഉണ്ട്. കേരളത്തെ സംബന്ധിച്ച് ബാസ്കറ്റിലെ പ്രധാന വെയ്റ്റ് അരിയാണ്. അരിവിലയിൽ വരുന്ന ചെറിയ മാറ്റങ്ങൾ സൂചികയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാം. മറ്റ് സാധനങ്ങളുടെ കാര്യത്തിൽ മാറ്റങ്ങൾ വളരെ ചെറുതുമായിരിക്കും. അടിസ്ഥാനവർഷത്തിൽ നിശ്ചിതബാസ്ക്കറ്റിലെ സാധന/സേവനങ്ങൾക്കെല്ലാം കൂടി 100 രൂപ വിലയായിരുന്നെങ്കിൽ തനതുകാലത്ത് അതേ ഇനങ്ങൾക്ക് എത്ര രൂപ ചെലവാക്കണം എന്നു മാത്രമാണ് ഉപഭോക്തൃ വിലസൂചിക നൽകുന്ന സൂചന.

**ലിങ്കിംഗ് ഫാക്ടർ (ഘടകം)**

| കേന്ദ്രം | ഘടകം | കേന്ദ്രം | ഘടകം | കേന്ദ്രം | ഘടകം |
|---|---|---|---|---|---|
| തിരുവനന്തപുരം | 10.39 | മുണ്ടക്കയം | 10.12 | പാലക്കാട് | 10.48 |
| കൊല്ലം | 10.28 | മൂന്നാർ | 10.03 | മലപ്പുറം | 10.30 |
| പുനലൂർ | 09.96 | എറണാകുളം | 09.92 | കോഴിക്കോട് | 10.08 |
| ആലപ്പുഴ | 10.45 | ചാലക്കുടി | 10.60 | മേപ്പാടി | 10.64 |
| കോട്ടയം | 10.40 | തൃശ്ശൂർ | 10.05 | കണ്ണൂർ | 10.06 |



ഇനിയിപ്പോൾ നിലവിലുള്ള ഉപഭോക്തൃ വിലസൂചികകൾ ഏതൊക്കെയാണെന്ന് നോക്കാം. കേരളത്തിൽ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി പ്രസിദ്ധം ചെയ്യുന്നത് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പാണ്. 1970 അടിസ്ഥാനവർഷമായി കേരളത്തിലെ 15 കേന്ദ്രങ്ങളിൽ കുടുംബ ബഡ്ജറ്റ് സർവേ നടത്തി, അവിടത്തെ വിലനിലവാരമനുസരിച്ച് ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിച്ചു വരുന്നുണ്ട്.

ഈ സൂചികകളെ ആസ്പദമാക്കിയാണ് സംസ്ഥാനത്തെ വിവിധ മേഖലകളിലെ ജീവനക്കാരുടെ ക്ഷാമബത്ത നിശ്ചയിക്കുന്നത്. 1948ലെ മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ നിർത്തി തൊഴിൽ ദായകരുമായി ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്താനിരക്കുകൾ നിശ്ചയിക്കുന്നത്.

കേരളത്തിൽ 1970 അടിസ്ഥാനമാക്കിയതിന് ശേഷം 1998-99 അടിസ്ഥാനവർഷമായി കണക്കാക്കി 17 കേന്ദ്രങ്ങളിൽ കുടുംബ ബഡ്ജറ്റ് സർവേ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ 2001 ഒക്ടോബർ മുതൽ ഉപഭോക്തൃ വിലസൂചിക പ്രസിദ്ധപ്പെടുത്തുന്നുണ്ട്. പുതിയ സൂചികയിൽ നിന്നും പഴയതിലേക്ക് പോകുന്നതിനുള്ള ഘടകം (Linking Factor) കൂടി കണ്ടുപിടിച്ച് പ്രസിദ്ധപ്പെടുത്തുന്നു.

## ലിങ്കിംഗ് ഫാക്ടർ (ഘടകം)

പല വ്യവസായ സംരംഭങ്ങളിലും ക്ഷാമബത്ത നിർണയിക്കുന്നതിനുള്ള കരാറുകൾ പുതുക്കാത്തതു കാരണം പുതിയ ഉപഭോക്തൃ വിലസൂചികകൾ പ്രയോഗത്തിൽ വരുത്തിയിട്ടില്ല. അതിനു വേണ്ടിയാണ് മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഘടകങ്ങൾ (ലിങ്കിംഗ് ഫാക്ടർ) തയ്യാറാക്കിയിരിക്കുന്നത്.

സർക്കാർ ജീവനക്കാരുടെ ക്ഷാമബത്താനിരക്കുകൾ നിശ്ചയിക്കുന്നതിനായി കണക്കാക്കുന്ന സൂചിക സിംല ലേബർ ബ്യൂറോ തയ്യാറാക്കുന്ന വിലനിലവാര സൂചികയാണ്. കേരളത്തിൽ മൂന്ന് കേന്ദ്രങ്ങൾ ഇതിനു വേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. 1960 അടിസ്ഥാനവർഷമായിട്ടാണ് ഇത് പ്രസിദ്ധം ചെയ്തിരിക്കുന്നത്. കൂടാതെ 1982 അടിസ്ഥാനമാക്കി വ്യവസായത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ഉപഭോക്തൃ വിലസൂചിക ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതിനായി കേരളത്തിൽ നാല് കേന്ദ്രങ്ങളിലാണ് വിലനിലവാരം ശേഖരിക്കുന്നത്.

ഇങ്ങനെ പല കേന്ദ്രങ്ങളിലും പ്രസിദ്ധീകരിക്കുന്ന വിലനിലവാരസൂചികകളെ താരതമ്യം ചെയ്യുവാൻ സാധാരണഗതിയിൽ കഴിയുകയില്ല. ഇതിന്റെ പ്രധാന കാരണം സൂചികകൾ കണക്കാക്കുന്നതിലെ പ്രധാന ഘടകങ്ങളായ വെയിറ്റുകളും അടിസ്ഥാന കാലത്തെ വിലനിലവാരവും ഓരോ കേന്ദ്രത്തിലും വ്യത്യസ്തം ആയിരിക്കും എന്നതു തന്നെ. അതിനാൽ ഉപഭോക്തൃ വിലസൂചികകൾ വ്യതിചലിക്കുന്നത് പല കേന്ദ്രങ്ങളിലും പല തരത്തിലായിരിക്കും.

അനിത സി.എസ്



**മനുഷ്യരാശിയ്ക്കു തന്നെ വിപത്തായ എയ്ഡ്സ് രോഗം, ബാധിച്ചിട്ടുണ്ടോ എന്നറിയുന്നതിനുള്ള പരിശോധനയായിട്ടാണ് എലിസയെക്കുറിച്ച് നാമറിയുന്നത്. എന്നാൽ അതേ പരിശോധനാമാർഗം സസ്യങ്ങളിലെ രോഗനിർണയത്തിനും ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് ഈ ലേഖനം വെളിവാക്കുന്നു.**

# സസ്യരോഗനിർണയത്തിനും എലിസാ


എയ്ഡ്സ് രോഗനിർണയത്തിനുള്ള അടിസ്ഥാന പരിശോധനാമാർഗമായാണ് എലിസയെ നാമറിയുന്നത്. എന്നാൽ, ജീവജാലങ്ങളുടെ ശരീരവ്യവസ്ഥയിൽ ആന്റിബോഡി ഉത്പാദനം ത്വരിതപ്പെടുത്തുന്ന അന്യപദാർത്ഥങ്ങളായ രോഗാണുക്കൾ, ഹോർമോണുകൾ, കീടനാശിനികൾ, അഫ്ളാടോക്സിനുകൾ മുതലായവ നിർണയിക്കാൻ ഉപയോഗിക്കാവുന്ന ചെലവു കുറഞ്ഞതും കൃത്യതയും സൂക്ഷ്മതയുമാർന്ന ടെസ്റ്റാണ് എലിസാ (ELISA)

ശരീരത്തിന്റെ പ്രതിരോധമുറയായ ആന്റിജൻ-ആന്റിബോഡി പ്രതിപ്രവർത്തനമാണ് എലിസാ ടെസ്റ്റിന്റെയും തത്ത്വം. രോഗാണുക്കൾ മുതലായ അന്യവസ്തുക്കൾ ശരീരത്തിൽ പ്രവേശിക്കുമ്പോൾ ഇവയെ പ്രതിരോധിക്കാനായി ഉത്പാദിപ്പിക്കുന്ന പ്രോട്ടീൻ തന്മാത്രകളാണ് ആന്റിബോഡികൾ. ആന്റിബോഡികളുടെ ഉത്പാദനത്തെ ഉത്തേജിപ്പിക്കുന്ന അന്യവസ്തുക്കളാണ് ആന്റിജനുകൾ.

ജന്തുജാലങ്ങളിൽ നമ്മുടെ ആവശ്യാനുസരണം ഏത് ആന്റിജന്റെ (രോഗാണുക്കൾ, അഫ്ളാടോക്സിനുകൾ മുതലായവ) സാന്നിദ്ധ്യത്തെയാണോ നിർണയിക്കേണ്ടത് അവയ്ക്കെതിരായ ആന്റിബോഡികൾ വാണിജ്യമായി ഉത്പാദിപ്പിക്കപ്പെടുന്നു. പ്രസ്തുത ആന്റിജൻ ആട്, മുയൽ തുടങ്ങിയ മൃഗങ്ങളിൽ കുത്തിവച്ചാണ് ആന്റിജനെതിരായ ആന്റിബോഡികൾ ഉത്പാദിപ്പിക്കുന്നത്.

ഉദാഹരണത്തിന്, കന്നുകാലികളെ ബാധിക്കുന്ന ആന്ത്രാക്സ് ബാക്ടീരിയക്കെതിരെയോ, വാഴയുടെ കുറുനാമ്പ് രോഗ വൈറസിനെതിരെയോ ആന്റിബോഡി ഉത്പാദിപ്പിക്കാമെന്നിരിക്കട്ടെ. ഇതിനായി രോഗബാധയുള്ള കന്നുകാലികളിൽ നിന്നും ആന്ത്രാക്സ് ബാക്ടീരിയയെയും, വാഴയിൽ നിന്നും കുറുനാമ്പ് വൈറസിനെയും ശുദ്ധീകരിച്ചെടുക്കും. ശുദ്ധീകരിച്ച രോഗാണുവിനെ ആട്, മുയൽ, എലി, ഗിനിപ്പന്നി മുതലായവയിൽ കുത്തിവയ്ക്കുന്നു. രോഗാണു

വിനെതിരായി ഈ മൃഗങ്ങളിലെ പ്രതിരോധ വ്യവസ്ഥ (immune system) പ്രതികരിക്കുകയും തത്ഫലമായി ആന്ത്രാക്സ് ബാക്ടീരിയക്കെതിരെ ആന്ത്രാക്സ് ആന്റിബോഡികളും കുറുനാമ്പ് വൈറസിനെതിരെ കുറുനാമ്പ് വൈറസ് ആന്റിബോഡികളും ഉത്പാദിപ്പിക്കുന്നു. ഈ ആന്റിബോഡികളെ വേർതിരിച്ചെടുത്ത് എലിസാ ടെസ്റ്റിനുപയോഗിക്കാം. ഇതിനായി വേർതിരിച്ചെടുത്ത ആന്റിബോഡികളെ ഒരു എൻസൈമുമായി ബന്ധിപ്പിക്കുന്നു. പരിശോധിക്കുന്ന സാമ്പിളുകളിൽ ബന്ധപ്പെട്ട രോഗാണു അഥവാ ആന്റിജൻ ഉണ്ടെങ്കിൽ ആന്റിബോഡി അവയുമായി പ്രതിപ്രവർത്തിക്കുകയും ആന്റിബോഡിയിൽ ബന്ധിപ്പിച്ചിരിക്കുന്ന എൻസൈമിന് നിറംമാറ്റം ഉണ്ടാകുകയും ചെയ്യും. അങ്ങനെ നിറംമാറ്റത്തിന്റെ അടിസ്ഥാനത്തിൽ രോഗാണു നിർണയം എലിസാ ടെസ്റ്റിലൂടെ അനായാസം കണ്ടെത്താം.



എൻസൈമിനെ ബന്ധിപ്പിച്ച് പ്രതിരോധ വസ്തുക്കളായ ആന്റിജൻ-ആന്റിബോഡിയുടെ പ്രതിപ്രവർത്തനത്താൽ പരിശോധന നടത്തുന്നതിനാലാണ് എൻസൈം ലിങ്ക്ഡ് ഇമ്മ്യൂണോസോർബന്റ് അസ്സേ അഥവാ ELISA എന്ന വിളിപ്പേരിൽ ഈ ടെസ്റ്റ് അറിയപ്പെടുന്നത്. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലുള്ള എലിസാപ്ലേറ്റുകളാണ് എലിസാ ടെസ്റ്റിന് ഉപയോഗിക്കുന്നത്. എലിസാ പാത്രത്തിലെ വെല്ലുകളിൽ (കുഴി) സാമ്പിൾ നിറച്ചാണ് പരിശോധന നടത്തുന്നത്.

ജൈവസാങ്കേതികരംഗത്തെ പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും എലിസാ ടെസ്റ്റ് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ആരോഗ്യമേഖലയിൽ എലിസാ ടെസ്റ്റിനുള്ള പ്രാധാന്യം പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. അതുപോലെ തന്നെ സസ്യങ്ങളുടെ രോഗനിർണയത്തിനും എലിസാ ടെസ്റ്റ് ഉപയോഗിക്കാമെന്നതു നമുക്ക് പലർക്കുമറിയില്ല. ടിഷ്യുകൾച്ചർ വഴി ഉത്പാദിപ്പിക്കുന്ന സസ്യങ്ങളിൽ രോഗാണു ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനും സംശയാസ്പദമായ സാഹചര്യങ്ങളിൽ രോഗാണു ഏതാണെന്ന് നിർണയിച്ച് പ്രതിരോധ നടപടി സ്വീകരിക്കുന്നതിനും കീട-രോഗ പ്രതിരോധശേഷിയുള്ള അത്യുത്പാദന ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും എലിസാടെസ്റ്റ് ഉപയോഗിക്കാം.

സസ്യഭാഗങ്ങളെ പലതരത്തിലുള്ള എലിസാ പരിശോധനയ്ക്ക് വിധേയമാക്കാം. ഡയറക്ട് ആന്റിജൻ കോട്ടിംഗ് എലിസാ, ഡബിൾ ആന്റിബോഡി സാൻഡ്‌വിച്ച് എലിസാ തുടങ്ങിയവ ഇവയിൽ ചിലതു മാത്രം. നേരിട്ടുള്ള ആന്റിജൻ കോട്ടിംഗ് എലിസാ എങ്ങനെ ചെയ്യാമെന്ന് ഇവിടെ വിശദമാക്കാം.

പരിശോധനയ്ക്ക് വിധേയമാക്കേണ്ട സസ്യഭാഗങ്ങളിൽ നിന്നും നീരെടുത്ത് രാസപദാർത്ഥങ്ങളുമായി ചേർത്ത് എലിസാ പാത്രത്തിലെ കുഴികളിൽ ഒഴിച്ചുകൊടുക്കും. ഇത് ഒരു നിശ്ചിതസമയത്തേക്ക് സൂക്ഷിച്ചു വയ്ക്കണം. അതുകഴിഞ്ഞ് എൻസൈം ബന്ധിത ആന്റിബോഡി ഒഴിച്ചു കൊടുക്കും. സാമ്പിളുകളിൽ ആന്റിബോഡിക്കെതിരായ ആന്റിജൻ അഥവാ രോഗാണു ഉണ്ടെങ്കിൽ ആന്റിബോഡി അതുമായി കൂടിച്ചേർന്ന് എലിസാപാത്രത്തിന്റെ ഭിത്തികളിൽ ഒട്ടിയിരിക്കും. ഇതിനുശേഷം എൻസൈമുമായി പ്രവർത്തിക്കാൻ ചേർക്കുന്ന മറ്റൊരു രാസവസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാകുന്ന നിറംമാറ്റം രോഗാണുവിന്റെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നു.

തക്കാളിച്ചെടികളിൽ എലിസാ മുഖേന മൊസൈക് വൈറസ് രോഗനിർണയം നടത്തിയതിന്റെ പരിശോധനാഫലമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്. രോഗബാധയുള്ള ചെടികളാണ് കുഴികളിൽ മഞ്ഞനിറത്തിൽ കാണുന്നത്. രോഗബാധ താരതമ്യേന കുറഞ്ഞ ചെടികൾ ഇളംപച്ചനിറത്തിലും രോഗബാധയില്ലാത്ത ചെടികളുടെ സാമ്പിൾ പച്ചനിറത്തിലും കാണും. നിറംമാറ്റം വന്നതിനുശേഷം എലിസാപ്ലേറ്റ് 'എലിസാറീഡർ' എന്ന ഉപകരണത്തിലൂടെ കടത്തിവിട്ടാൽ റീഡിംഗിന് അനുസൃതമായി രോഗാണുവിന്റെ സാന്ദ്രതയും മനസ്സിലാക്കാം.

ചെലവ് കുറഞ്ഞതും കൃത്യതയാർന്നതുമായ എലിസാടെസ്റ്റ് ഇന്ന് പരീക്ഷണശാലകളിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഓർഡർ ചെയ്യുന്നതനുസരിച്ച് ബയോടെക് കമ്പനികളിൽ നിന്നും റെഡിമെയ്ഡ് എലിസാ കിറ്റുകൾ തയ്യാറാക്കി നൽകുന്നുണ്ട്. വീട്ടിലിരുന്ന് ഗർഭനിർണയം നടത്താവുന്ന പ്രഗനൻസി കാർഡ് ഇതിനൊരുദാഹരണം മാത്രം.

തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ എലിസാ സങ്കേതം വാഴയുടെ വൈറൽ രോഗനിർണയത്തിന് ഉപയോഗിച്ചു വരുന്നു. ഇവിടത്തെ വൈറസ് നിർണയ ലാബിൽ ടിഷ്യൂകൾച്ചർ ചെയ്യാൻ തെരഞ്ഞെടുത്ത മാതൃവാഴയിൽ വൈറസ് ബാധയുണ്ടോ എന്ന് പരിശോധിക്കുന്നു. വൈറസ് ബാധയില്ലെന്ന് തെളിഞ്ഞ മാതൃവാഴയിൽ നിന്നും മാത്രം മുകുളങ്ങൾ എടുത്ത് കൾച്ചർ ചെയ്യും. ഇങ്ങനെ ഓരോ ഘട്ടത്തിലും പരിശോധിച്ച ശേഷം അവസാനം വിതരണത്തിന് തയ്യാറായ തൈകളും രോഗവിമുക്തമാണെന്ന് ഉറപ്പ് വരുത്തുന്നു. നടീൽ വസ്തുക്കളിലൂടെ പ്രധാനമായും പകരുന്ന കുറുനാമ്പ്, കൊക്കാൻ, സ്ട്രീക്ക്, മൊസൈക് മുതലായ രോഗങ്ങളുടെ വൈറസുകളെയാണ് പ്രധാനമായും നിർണയിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന രോഗാണുവിമുക്തമായ തൈകൾ കൃഷിയിടത്തിലും രോഗബാധ ഉണ്ടാകാതെ ശ്രദ്ധയോടെ വളർത്തിയാൽ നല്ല വിളവ് ലഭിക്കും. എലിസാ സങ്കേതത്തിലൂടെ രോഗവിമുക്തമായ തൈകൾ തെരഞ്ഞെടുക്കാൻ കർഷകർ ശ്രദ്ധിച്ചാൽ നടീൽ വസ്തുക്കളിൽ നിന്നും പകരുന്ന രോഗബാധ മൂലം കർഷകർ ദുഃഖിക്കേണ്ടി വരില്ല. എന്തായാലും ഒന്നുറപ്പ്; എലിസാ സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ കർഷകരുടെ കൺമുന്നിൽ എത്തുന്ന കാലം വിദൂരമല്ല.

വേണുഗോപാൽ പേരാമ്പ്ര

# കർണ്ണൻ എന്ന പാവം മനുഷ്യൻ

**നോവൽ സാഹിത്യശാഖയ്ക്ക് എന്നും അഭിമാനിക്കാവുന്ന കൃതിയാണ് പി. കെ. ബാലകൃഷ്ണന്റെ ഇനി ഞാൻ ഉറങ്ങട്ടെ. മഹാഭാരതത്തിലെ പൗരുഷപ്രകൃതിയായ കർണ്ണൻ ഒരു സ്ത്രീയുടെ ബോധധാരയിലൂടെ മാറിമറിഞ്ഞു വരുന്ന വ്യത്യസ്തമായ ഭാവതലങ്ങൾ ഏറ്റെടുക്കുകയാണ് ഈ കൃതിയിൽ. ഏറ്റവുമൊടുവിൽ ആത്മാവിനേറ്റ ഉണങ്ങാത്ത മുറിപ്പാടുകളുമായി കർണ്ണൻ ഋതുഭേദങ്ങളിൽ പെയ്തൊഴിയുന്നു.....**

അവിശ്രാന്തമായ സാധനയുടെ മാത്രം സൃഷ്ടിയാണ് നോവൽ എന്ന വികൃതമായ ദർശനത്തിന്റെ ഇരകളാവേണ്ടി വരുന്ന വായനക്കാരിൽ ഭൂരിഭാഗവും മലയാളികളാണ്. സൂക്ഷ്മമായ യുക്തിബോധവും കലർപ്പറ്റ ശാസ്ത്രീയവീക്ഷണവുമുള്ള ഏതു തൂലികയ്ക്കും സൃഷ്ടിക്കാവുന്ന സാഹിത്യരൂപങ്ങളിൽ ഒന്നു തന്നെയാണ് നോവൽ എന്ന് വിശ്വസിക്കുന്ന അധ്വാനശീലരാണ് സർഗാത്മകതയ്ക്ക് നിത്യഭീഷണിയാവുന്നത്. ദൈവത്തിന്റെ കൈയൊപ്പോടുകൂടിയ ജൻമങ്ങളെ പിന്തള്ളിക്കൊണ്ട് കുതിക്കുന്ന ഇത്തരം സാഹിത്യത്തൊഴിലാളികൾ നമ്മുടെ ആഖ്യായികാ മോഹങ്ങളിൽ തെയ്യാട്ട് നടത്തുകയാണ്.

## പി.കെ. ബാലകൃഷ്ണന്റെ പ്രസക്തി

ഭീതിദമായി വളരുന്ന അരാജകത്വം തിറമാടുമ്പോഴും ആശ്വാസത്തിന്റെ വൻകരയുമായി നിൽക്കുന്ന ചില പ്രതിഭാസമ്പന്നർ നമ്മുടെ നോവൽ സാഹിത്യചരിത്രത്തിലുണ്ട്. സിദ്ധിയുള്ളവന്റെ സാധനയുടെ സാക്ഷാത്കാരമാണ് നോവൽ എന്ന് വിശ്വസിക്കുന്ന പി.കെ. ബാലകൃഷ്ണൻ അവരിൽ അഗ്രഗണ്യനാണ്. അഭിരുചിയും അഭ്യാസവും സൃഷ്ടിക്കുന്ന വാസനാവൈഭവത്തിന്റെ സാകല്യമാണ് നോവൽ എന്നദ്ദേഹം സിദ്ധാന്തിക്കുന്നു. സമഗ്രമായ ജീവിതാനുഭവങ്ങളിൽ ഭാവനയുടെ പരാഗസ്പർശം സ്ഫുരിക്കുമ്പോൾ ഉത്തമമായ സൃഷ്ടികൾ രൂപം കൊള്ളുന്നു എന്ന് തെളിയിച്ച പ്രതിഭാശാലിയാണദ്ദേഹം. സ്വപ്നത്തിന്റെ യാഥാർത്ഥ്യത്തിലേക്കും യാഥാർത്ഥ്യത്തിന്റെ സ്വപ്നത്തിലേക്കും കടന്നുചെല്ലുന്ന ജീവിതാവബോധമാർന്ന അന്വേഷണത്തിന്റെ സദ്ഫലമാണ് ഉത്തമനോവലുകൾ എന്ന് പ്രായോഗിക തലത്തിൽ പ്രഖ്യാപിക്കുകയാണ് പി.കെ. ബാലകൃഷ്ണൻ, 'ഇനി ഞാൻ ഉറങ്ങട്ടെ' എന്ന നോവലിലൂടെ ചെയ്യുന്നത്.

"ഇതിൽ കാണുന്നത് മറ്റ് പലയിടത്തും കാണും. എന്നാൽ ഇതിൽ കാണാത്തത് ലോകത്തൊരിടത്തും കാണില്ല"- എന്ന പ്രചരണത്തോടെയാണ് വർഷങ്ങൾക്കു മുമ്പ് ദൂരദർശൻ മഹാഭാരതം സീരിയൽ അവതരിപ്പിച്ചത്. സീരിയലിന് എന്നതിനുപരി വ്യാസവിരചിതമായ മഹാഭാരതകാവ്യത്തിനാണ് ആ പരസ്യം കൂടുതൽ യോജിക്കുന്നത് എന്ന് പറയാം. അഞ്ചാംവേദമെന്നും സമസ്തവേദാർത്ഥ സാരസംഗ്രഹമെന്നും ജയസംഹിതയെന്നും വിശേഷിപ്പിക്കപ്പെട്ട മഹാഭാരതത്തിന് ലോകമെമ്പാടും പരശ്ശതം വിവർത്തനങ്ങളുണ്ട്. അതിലെത്രയോ മടങ്ങ് വ്യാഖ്യാനങ്ങളുണ്ട്. അവയിൽ പലതും പരസ്പരവിരുദ്ധവും ഭിന്നലക്ഷ്യകേന്ദ്രീകൃതങ്ങളുമാണ്. അത്തരമൊരു സാഹചര്യത്തിൽ മൂലകൃതിയുടെ അന്തഃസത്തയിൽ വേരൂന്നിക്കൊണ്ടുള്ള അന്വേഷണത്തിനേ ജനകീയസ്വഭാവം നിലനിർത്താൻ സാധിക്കൂ. വ്യാസഭാരതത്തിന്റെ വിവർത്തനങ്ങളിൽ ഏറെക്കുറെ സമഗ്രവും പൂർണവുമെന്ന് പറയാവുന്നത് വിദ്വാൻ കെ. പ്രകാശത്തിന്റേതാണ്. പദാനുപദ വിവർത്തനത്തിന് ഉത്തമമാതൃകയെന്ന് വിശേഷിപ്പിക്കാവുന്ന കൃതിയാണിത്. പി.കെ. ബാലകൃഷ്ണൻ അവലംബമായി സ്വീകരിച്ചിട്ടുള്ളത് പ്രകാശത്തിന്റെ വിവർത്തനമാണ്. പിൽക്കാലത്ത് രചിക്കപ്പെട്ട എല്ലാ കൃതികളിലും മഹാഭാരതത്തിന്റെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള സ്വാധീനം കാണാം. അതിലുപരി മഹാഭാരതത്തെ അധികരിച്ചാണ് ലോകത്തിൽ ഏറ്റവും അധികം നോവലുകൾ എഴുതപ്പെട്ടത് എന്നതും അനിഷേധ്യമാണ്. മലയാളത്തിൽത്തന്നെ 'അമ്മേ ഗാന്ധാരി', 'രണ്ടാമൂഴം', 'ഇനി ഞാൻ ഉറങ്ങട്ടെ' എന്നിങ്ങനെ നിരവധി നോവലുകൾക്ക് ആധാരമായിത്തീർന്ന ഇതിഹാസം മഹാഭാരതമാണ്. ഇന്ത്യൻ ഭാഷകൾ മുഴുവൻ പരിഗണിച്ചാൽ നൂറിലേറെ ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും! യയാതി (വി.എസ്. ഖണ്ഡേൽക്കർ), മഥുരാപുരി (കുലപതി കെ.എം. മുൻഷി), ദ്രൗപതി (പ്രതിഭാറായ്) എന്നിങ്ങനെ ലോകനിലവാരമുള്ള നിരവധി ഇന്ത്യൻ നോവലുകൾ മഹാഭാരതത്തിന്റെ ശകലങ്ങളാണ്. അക്കൂട്ടത്തിൽ എന്തുകൊണ്ടും പരിഗണനാർഹമായ ഒരു മികച്ച സൃഷ്ടിയാണ് പി. കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ'!

## എന്തുകൊണ്ട് കർണ്ണൻ

അതിനായകൻമാരുടെ സമുദ്രം തന്നെയായ വ്യാസഭാരതത്തിൽ നിന്ന് ഒരു പ്രത്യേക നായകനെ കണ്ടെത്തുക അസാധ്യമാണ്. നായകൻ അനിവാര്യമാകുന്ന ഭൗതിക (ആത്മീയ) സാഹചര്യത്തിൽ ശ്രീകൃഷ്ണനെ കാണിച്ചുകൊടുക്കുകയേ നിവൃത്തിയുള്ളൂ. (എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ട് ശ്രീകൃഷ്ണൻ എന്ന വ്യക്തമായ നായകനെ കേന്ദ്രീകരിച്ചാണ് വളരുന്നത്). വ്യക്തമായ മൗലികതയും സ്വതന്ത്രമായ വ്യക്തിത്വവുമുള്ള ഒട്ടനവധി കഥാപാത്രങ്ങളുടെ കേദാരഭൂമിയായ മഹാഭാരതത്തിൽ നായകനെ തെരയുന്നതും അർത്ഥശൂന്യമാണ്. എങ്കിലും സഹസ്രാബ്ദങ്ങൾക്ക് ശേഷമുള്ള വായനയിൽ ഏറ്റവും കൂടുതൽ ആരാധകരെ നേടുന്ന കഥാപാത്രത്തെ പ്രഥമപരിഗണനയിൽപ്പെടുത്താമെന്ന ധാരണയിൽ നമുക്കാരെ സ്വീകരിക്കാം? ശ്രീകൃഷ്ണൻ, യയാതി, ഭീഷ്മർ, ഭരതൻ, കർണ്ണൻ....? വസ്തുനിഷ്ഠമായ കണക്കെടുപ്പിലുപരി മാനസിക സങ്കല്പങ്ങളാണ് പലപ്പോഴും നായകനിർണയത്തിന് നിദാനമാവുന്നത്. മഹാഭാരത്തിലെ ഓരോ കഥാപാത്രവും ഓരോ മഹാഭാരതത്തിന് വിഷയീഭവിക്കുന്ന മാനുഷികസാധ്യതയുള്ളതാണ്. ആ നിലയ്ക്ക് ഏത് കഥാപാത്രവും സമഗ്രപഠനം അർഹിക്കുന്നുണ്ട്. ലോക സാഹിത്യത്തിലെ കഥാപാത്രങ്ങളിൽത്തന്നെ ഏറ്റവും കാല്പനികചാരുത



യുള്ള കർണനാവട്ടെ ഇപ്പോൾ നമ്മുടെ വിഷയം. കർണനെന്ന ഏഴഴകുള്ള ധനുർവേദിയെപ്പറ്റി ഇഷ്ടം പോലെ ആട്ടക്കഥകളും നാടകങ്ങളും കവിതകളും നിരൂപണങ്ങളും കേരളക്കരയിൽ രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ ലക്ഷണയുക്തമായ അധികം നോവലുകൾ മലയാളത്തിലെന്നല്ല; ഭാരതീയ ഭാഷകളിൽ ഒന്നും തന്നെ എഴുതപ്പെട്ടിട്ടില്ല. ഇവിടെയാണ് പി.കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' അതിന്റെ അദ്വിതീയത പ്രഖ്യാപിക്കുന്നത്. എന്തുകൊണ്ട് കർണൻ എന്ന ചോദ്യത്തിന് പി.കെ. ബാലകൃഷ്ണന് കൃത്യമായ മറുപടിയുണ്ട്. ദുരന്തനായകൻ എന്ന സാഹിത്യസങ്കല്പത്തിന് കർണനെക്കാളും യോജിച്ച കഥാപാത്രം ഒരിടത്തും ഉണ്ടാവില്ലെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. നന്മയും മികവും ആദർശവും ജീവിതവ്രതമാക്കിയെടുത്ത് ഔദ്ധത്യം നേടുന്ന നായകന് വ്യക്തിത്വത്തിലോ സാഹചര്യത്തിലോ (സാഹചര്യം മിക്കവാറും ജന്മം കൊണ്ട് രൂപപ്പെട്ടതായിരിക്കും) സംഭവിക്കുന്ന ദൗർബല്യത്താൽ അയാൾ അനുഭവിക്കേണ്ടി വരുന്ന ജീവിത വൈഫല്യമാണ് 'ദുരന്തനായക'നെ നിർവചിക്കുന്നത്.



പ്രകാശ്

## ഇനി ഞാൻ ഉറങ്ങട്ടെ; ആവിഷ്കരണത്തിലെ നൂതനത്വം

നായികയുടെ ബോധധാരയിലൂടെ നായകന്റെ വിരുദ്ധമായ രണ്ട് മുഖങ്ങൾ ആവിഷ്കരിക്കുന്നു എന്നതാണ് 'ഇനി ഞാൻ ഉറങ്ങട്ടെ'യുടെ അസാധാരണത്വം. അതിവിദഗ്ധമായ ആഖ്യാനശൈലിയുടെ ഉത്തമ മാതൃകയായി നിലനിൽക്കുന്ന ഈ നോവൽ സാഹചര്യങ്ങളും അറിവുകളും മനുഷ്യനെ ഏതൊക്കെ തരത്തിൽ ചിന്തിപ്പിക്കാം എന്ന ചോദ്യത്തിന്റെ മികച്ച ഉത്തരമാണ്. കുരുക്ഷേത്രയുദ്ധത്തിന് മുമ്പും പിമ്പും ദ്രൗപദിയുടെ മനസ്സിൽ കർണനുണ്ടാവുന്ന വ്യതിയാനമാണ് പ്രഖ്യാതമായ ഈ നോവലിന്റെ അടിസ്ഥാനം. തന്റെ സ്വയംവരത്തിൽ പങ്കെടുക്കാൻ കർണനെത്തിയ മുഹൂർത്തം ദ്രൗപദി കൃത്യമായി ഓർക്കുന്നുണ്ട്. എന്നാൽ അവളുടെ ജീവിതത്തിൽ കറുത്ത സാന്നിധ്യമായി കർണൻ കടന്നെത്തിയത് വസ്ത്രാക്ഷേപ സംഭവത്തോടെയാണ്. അന്തഃപുരസ്ത്രീകളുടെ ആവേശം നിറഞ്ഞ കഥകളിൽ തിളങ്ങിയ കർണൻ മുഖംമൂടിയണിഞ്ഞ ക്ഷുദ്രവാസനയായിരുന്നെന്ന് കൃഷ്ണയ്ക്ക് തോന്നുന്നു. ഭാവഗരിമയും രൂപഭംഗിയുമുള്ള ആ രാജാവ് എന്തുകൊണ്ട് ഒരു തെമ്മാടിയായെന്ന് അവൾ ചിന്തിക്കുന്നു. പാണ്ഡവരുടെ മോഹങ്ങളിൽ കഴുകൻചിറക് വിരിച്ചുകൊണ്ട് കർണൻ എന്ന അപ്രതിരോധിതശക്തി ഭാരതവർഷത്തിൽ നിറഞ്ഞ് നിൽക്കയാണെന്ന് വിഹ്വലമായ ആ മനസ്സിൽ തോന്നുന്നു. പാഞ്ചാലിയുടെ കർണ സങ്കല്പങ്ങളിൽ ശക്തമായ വ്യതിയാനം വരുന്നത് കർണന്റെ മരണത്തോടെയാണ്. ആദ്യ പിണ്ഡം അഗ്രജനായ കർണന് വയ്ക്കണമെന്ന് കുന്തി ധർമപുത്രരോട് പറഞ്ഞപ്പോൾ പാണ്ഡവരെക്കാൾ തളർന്നത് പാണ്ഡവപത്നിയായിരുന്നു! അർജുനൻ വല്ലപാടും കർണനെ വധിച്ചാൽ സ്വസ്ഥമായുറങ്ങാമെന്ന് പ്രതീക്ഷിച്ച ദ്രൗപദി അക്ഷരാർത്ഥത്തിൽ തകർന്നുപോയി! കാലവും വിധിയും സാഹചര്യവും ഒപ്പം അർജുനനും താനും കർണനോട് ചെയ്തത് ചതിയായിരുന്നു എന്നവൾ ചിന്തിക്കുന്നു. നരാധമനായ കർണൻ അവളിൽ പൊടുന്നനെ ദുരന്തനായകനായി പരിണമിക്കുന്നു. അറിഞ്ഞുകൊണ്ടല്ലെങ്കിലും, കർണനവകാശപ്പെട്ടത് കയ്യടക്കാനാണ് ദുര്യോധനനും തന്റെ ഭർത്താക്കൻമാരും തമ്മിൽ പട വെട്ടിയതെന്ന ബോധം അവളെ അപമാനിതയാക്കുന്നു. ഇങ്ങനെ ദ്രൗപദിയുടെ വ്യത്യസ്തമായ രണ്ട് വീക്ഷണകോണിലൂടെ കർണൻ നികൃഷ്ടനും ദുരന്തനായകനുമാവുന്നു. എന്നാൽ ഈ രണ്ട് ചിന്താസരണിയുടെയും നാടകീയ വിവരണത്തിൽ നിന്ന് രണ്ടുമല്ലാത്ത ഒരു പരിവേഷവും നോവലിസ്റ്റ് കർണന് നൽകുന്നുണ്ട്. അത് മഹാരഥന്റേതാണ്. അതുല്യമായ ഇച്ഛാശക്തിയും അസാധാരണമായ സാഹസികമനോഭാവവുമുള്ള ധീരോദാത്തനായ നായകന്റെ വേഷമാണത്. മരണം പോലും മഹാവിജയമാക്കിയ യഥാർത്ഥ ക്ഷത്രിയനായി ഇതിഹാസത്തിലെന്നപോലെ നോവലിലും ശതകോടി ഭാസ്കരതേജസ്സോടെ കർണൻ പരിലസിക്കുന്നു.

## കർണൻ എന്ന നികൃഷ്ടൻ

"ഒരു സുഹൃത്തെന്ന നിലയിൽ ദുര്യോധനനെക്കാളും ശ്രേഷ്ഠനായാരെ

ങ്കിലുമുണ്ടെങ്കിൽ അത് അയാളുടെ ആത്മസുഹൃത്തായ കർണ്ണൻ മാത്രമായിരിക്കും"! – 'യുദ്ധത്തിന്റെ ആയുധശാല' എന്ന ലേഖനത്തിൽ കുട്ടിക്കൃഷ്ണമാരാർ പറയുന്ന വാക്യമാണിത്. പി.കെ. ബാലകൃഷ്ണന്റെ കർണ്ണനും സൗഹൃദത്തിന്റെ കാര്യത്തിൽ ലോകോത്തരനാണ്. ദുര്യോധനനുവേണ്ടി എന്തും ചെയ്യും എന്നതാണ് അംഗേശ്വരന്റെ മുദ്രാവാക്യം. രജസ്വലയും ഒറ്റവസ്ത്രധാരണിയുമായ കൃഷ്ണ സഭാമധ്യത്തിൽ വലിച്ചിഴക്കപ്പെട്ടപ്പോൾ വികർണ്ണൻ അതിനെ വിമർശിച്ച സന്ദർഭത്തിൽ കർണ്ണൻ ഭംഗിയേറിയ കൈകളുയർത്തി ദുര്യോധനനോട് ഇങ്ങനെ പറഞ്ഞു. "വികലമനസ്കനായ ഈ കുട്ടിയോട് മിണ്ടാതിരിക്കാൻ പറയൂ. വേദവിധിയനുസരിച്ച് ഒരു സ്ത്രീക്ക് ഒരു ഭർത്താവാണ് പാടുള്ളത്. ഇവൾ പലർക്കുമുള്ളതാകയാൽ വേശ്യ തന്നെ. അതിനാലിവളെ സഭയിൽ കൊണ്ടുവന്നാലൊന്നുമില്ല; ഒറ്റ വസ്ത്രമായാലും കൊള്ളാം വസ്ത്രമില്ലെങ്കിലും കൊള്ളാം!" ഇതും പറഞ്ഞ് കർണ്ണൻ മുത്ത് കിലുങ്ങും പോലെ ചിരിച്ചു. അതീവസുന്ദരമായ ആ പൊട്ടിച്ചിരി കൊലക്കയർ പോലെ തന്റെ കഴുത്തിനെ വരിഞ്ഞുമുറുക്കുന്നതായ് ദ്രൗപദിക്ക് തോന്നി. പാർത്ഥൻ, കർണ്ണനെ വധിച്ചതിന് ശേഷമേ താൻ കട്ടിലിൽ ഉറങ്ങൂ എന്നവൾ തീരുമാനിച്ചു. അന്നുമുതൽ സ്വസ്ഥതയറ്റ മനസ്സിന്റെ ചിന്നിയ കണ്ണാടിയിൽ പേടിസ്വപ്നമായ കർണ്ണന്റെ പ്രതിബിംബം തെളിഞ്ഞുനിന്നു. അനുദിവസം അത് ഭീതിദമായ വികൃതരൂപം പ്രാപിച്ചു. തന്നെപ്പോലെ അർജുനനനും കർണ്ണനെയോർത്ത് ഉറക്കം നഷ്ടപ്പെടുത്തുകയാണെന്നവൾക്കു മനസ്സിലായി. ഒരു രാത്രി, കർണ്ണൻ അർജുനനെ കഴുത്തറത്ത് കൊല്ലുന്നത് സ്വപ്നം കണ്ട് ഞെട്ടിയുണർന്ന ദ്രൗപദി അർജുനനെ നോക്കിയപ്പോൾ സമാനസ്വപ്നം കണ്ടു ഭയന്ന യുധിഷ്ഠിരൻ അർജുനന്റെ കഴുത്ത് തപ്പി നോക്കുന്നുണ്ടായിരുന്നു. ധർമപുത്രരും ഇതേ മാനസികരോഗത്തിന് അടിമയാണെന്നറിഞ്ഞ ദ്രൗപദി അസ്വസ്ഥതയുടെ നിലയില്ലാകയത്തിലേക്ക് താഴ്ന്ന് പോയി. "കർണ്ണൻ! കർണ്ണൻ! കർണ്ണൻ! പാണ്ഡവദുർവിധിയുടെ പ്രതീകമാണപ്പേര്" – എന്നവൾ ഈർഷ്യയോടെ ചിന്തിച്ചു. തുടർന്നിങ്ങോട്ടുള്ള രാത്രികൾ നിദ്രാവിഹീനങ്ങളായിരുന്നു. കുറുനരികളുടെ ശവതാളത്തോടൊപ്പം അലച്ചെത്തിയ ശീതക്കാറ്റിന് വാളോങ്ങിനിൽക്കുന്ന ഭാസ്കരതനയന്റെ രൂപമായിരുന്നു. അങ്ങനെ ജീവിച്ചിരിക്കുന്ന കർണ്ണൻ ദ്രൗപദിക്ക് ഭീകരസ്വപ്നങ്ങളാൽ ഉറക്കം നഷ്ടപ്പെട്ട രാത്രികളാണ് സമ്മാനിച്ചത്.

## കർണ്ണൻ എന്ന ദുരന്തനായകൻ

കാല്പനിക നായകസങ്കല്പത്തിന്റെ കൊടുമുടിയിൽ നിൽക്കുന്ന കഥാപാത്രമാണ് കർണ്ണൻ. സമാനതകളില്ലാത്ത വ്യക്തിവിശേഷങ്ങളുമായി ഇതിഹാസത്തിൽ ജ്വലിച്ചു നിൽക്കുന്ന കർണ്ണൻ ആസ്വാദകരെ ആവേശം കൊള്ളിക്കുന്നതുപോലെ കരയിക്കുന്നുമുണ്ട്. കഥാപാത്രമെന്ന നിലയിൽ ഏറെ സഹതാപം നേടുന്ന കർണ്ണൻ വ്യക്തിയെന്ന നിലയിൽ അങ്ങേയറ്റം പരിഹസിക്കപ്പെടുന്നുമുണ്ട്. അർഹതകൾ ഒരുപാടുണ്ടായിട്ടും അംഗീകാരം നേടാതെ പോയ ജന്മദോഷത്തിന്റെ ദൈന്യമായ് ജീവിക്കുന്ന കർണ്ണന്റെ ഹൃദയപരിച്ഛേദത്തിലാണ് പി.കെ. ബാലകൃഷ്ണന്റെ തൂലിക വെളിച്ചം പരത്തുന്നത്. കുന്തീഭോജന്റെ മകളായ പൃഥ(കുന്തി) എന്ന കന്യകയ്ക്ക് ഉജ്ജ്വല തേജസ്സാർന്ന സൂര്യൻ എന്ന പൗരുഷത്തോട് അഭിനിവേശം തോന്നിയ നിമിഷം മുതൽ കർണ്ണന്റെ ജന്മവ്യഥകൾ തുടങ്ങുന്നു. ചമ്മണ്വതിയും യമുനയും ഗംഗയും ആ പരിത്യക്ത ശൈശവത്തെ മാറി മാറി സ്വീകരിച്ച് ചമ്പാപുരിയിലെത്തിക്കുന്നു. കുഞ്ഞുന്നാൾ മുതൽ അനാഥത്വവും ഏകാന്തതയും അവനെ വേട്ടയാടുന്നു. ഭൗതിക ജീവിതത്തിന്റെ നിരർത്ഥകതയിൽ വ്യഥിതനായ് നീറുമ്പോഴും അദമ്യമായ ക്ഷാത്രതേജസ് അവന്റെ ധമനികളിൽ ചുര മാന്തിയിരുന്നു. പരപ്രേരണകളില്ലാതിരുന്നിട്ടും ധനുർവേദത്തിന്റെ പരിശീലന സാധ്യതയാരാഞ്ഞ് അവൻ പരശുരാമ സവിധമെത്തുന്നതും അവിടെ നിന്ന് ത്യാഗനിർഭരമായ ഗുരുഭക്തി പ്രകടിപ്പിച്ച് ഗുരുശാപം വാങ്ങുന്നതും നാനാദിക്കിലും പ്രചാരമുള്ള

> അനന്യസാധാരണ ഗുണങ്ങളെല്ലാം സ്വന്തം തകർച്ചയ്ക്ക് നിമിത്തമാവുന്നു എന്നതിനാലാണ് കർണ്ണൻ ലക്ഷണയുക്തനായ ദുരന്തനായകനാവുന്നത്. അത്ഭുതകരമായ ശക്തി കർണ്ണനിൽ നിക്ഷേപിച്ച വിധി ആത്മനാശത്തിന്റെ സുഷിരങ്ങളും അവനിൽ സൃഷ്ടിച്ചിട്ടുണ്ട് !!

കാര്യമാണല്ലോ. പിന്നീട് ഹസ്തിനപുരിയുടെ രാജ്ഞിയായി മാറിയ സ്ത്രീക്ക് സൂര്യഭഗവാനിൽ പിറന്നവനായിട്ടും ചമ്പാപുരിയിലെ ശൂദ്രനായിട്ടാണ് വസുഷേണൻ (കർണ്ണൻ) വളർന്നത്. അശ്വപാലകനായ അതിരഥന്റെയും അലക്കുകാരിയായ രാധയുടെയും മകനായി വളർന്ന കർണ്ണൻ ശൂദ്രസ്ത്രീയെ (പത്മാവതി) വിവാഹം ചെയ്തു. ശൂദ്രനായ മകന് (വൃഷസേനൻ) ജന്മം നല്കി. ജന്മം തുലഞ്ഞ് പോകുന്നത് കർണ്ണന് നിസ്സഹായനായി നോക്കി നിൽക്കേണ്ടിവന്നു. ആരുമാവാതിരുന്ന കർണ്ണനെ ലോകത്തിന്റെ നെറുകയിൽ എടുത്തുവച്ചത് ദുര്യോധനനാണ്. ദുര്യോധനൻ എന്ന മികച്ച സുഹൃത്തിന്റെ നല്ല മനസ്സാണ് കർണ്ണന് ലഭിച്ച 'അംഗദേശത്തെ രാജാവ്' എന്ന പദവി.

വ്യക്തിജീവിതത്തിലും രാജ്യഭരണത്തിലും ആദർശങ്ങൾ സൂക്ഷിച്ച കർണ്ണന്റെ മനസ്സ് ആത്മസംഘർഷങ്ങൾ നിറഞ്ഞതായിരുന്നു. സ്വന്തം പൈതൃകത്തെപ്പറ്റിയുള്ള ചിന്ത ആ വലിയ മനസ്സിനെ നിരന്തരം കുത്തി നോവിച്ചിരുന്നു. ജീവിതത്തോടും രാജകീയഭോഗങ്ങളോടും ഏറെക്കുറെ നിർമമനായിരുന്നിട്ടും അശാന്തിയിൽ നിന്ന് കർണ്ണന് മോചനം ലഭിച്ചിരുന്നില്ല. ദുര്യോധനന് വേണ്ടി ജീവിച്ചപ്പോഴും അവസാനം അയാൾക്ക് വേണ്ടി പട വെട്ടി മരിച്ചപ്പോഴും സ്വന്തം പ്രാണന് പ്രാധാന്യം നൽകാൻ ആ നിസ്വാർത്ഥൻ ശ്രമിച്ചിരുന്നില്ല. അപ്പോഴൊക്കെ ആത്മാഭിമാനത്തിന് മറ്റെന്തിനെക്കാളും വില കല്പിച്ചിരുന്നു എന്നതാണ് കർണ്ണനെ വ്യക്തിമഹത്വത്തിന്റെ ഔന്നത്യത്തിലേക്കുയർത്തുന്നത്. അപേക്ഷയുള്ളവർക്കെല്ലാം ഉപേക്ഷ കൂടാതെ ദാനം ചെയ്യുമെന്ന കഠിനവ്രതം അയാൾ ആജീവനാന്തം പാലിച്ചുപോന്നു. കൊടുത്ത വാക്ക് സാർത്ഥകമാക്കാൻ വിലപ്പെട്ടതെന്തും നൽകാൻ മടിച്ചില്ല. (കർണാർജുന യുദ്ധത്തിൽ അർജുനശിരസ് ലക്ഷ്യമാക്കി കർണ്ണൻ അസ്ത്രം തൊടുക്കാൻ തുനിഞ്ഞപ്പോൾ ശല്യർ ഉപദേശിക്കുന്നു. "കർണ്ണാ, അത് തൊടുക്കരുത്; ലക്ഷ്യം തെറ്റും". അതിന് കർണ്ണന്റെ മറുപടി, "കൊടുത്ത വാക്കും തൊടുത്ത ശരവും കർണ്ണൻ തിരിച്ചെടുക്കില്ല"–എന്നായിരുന്നു. പരശുരാമൻ കനിഞ്ഞേകിയ വിജയം എന്ന ദിവ്യാസ്ത്രം അതോടെ പാഴാകുന്നു. തുടർന്നുള്ള മാരകയുദ്ധത്തിലാണ് കർണ്ണൻ വധിക്കപ്പെടുന്നത്). ഇങ്ങനെ, അനന്യസാധാരണ ഗുണങ്ങളെല്ലാം സ്വന്തം തകർച്ചയ്ക്ക് നിമിത്തമാവുന്നു എന്നതിനാലാണ് കർണ്ണൻ ലക്ഷണയുക്തനായ ദുരന്തനായകനാവുന്നത്. പി.കെ. ബാലകൃഷ്ണന്റെ ഭാഷയിൽ പറഞ്ഞാൽ, "അർത്ഥികൾക്കു ദാനം നിഷേധിക്കില്ലെന്ന മഹാവ്രതം പാലിക്കാൻ ദേവകൾക്ക് പോലും സാധ്യമല്ല. ആ മഹാവ്രതമാണ് കർണ്ണന്റെ അമാനുഷിക ശക്തിയ്ക്ക് നിദാനം. അതേ ഗുണം തന്നെയാണവന്റെ നാശത്തിനുള്ള പ്രവേശനമാർഗവും. ഇത് രണ്ടും ഒരേ സമയം ഒരേ കൈകൊണ്ട് വിധി ഒരുക്കുന്നു. അത്ഭുതകരമായ ശക്തി കർണ്ണനിൽ നിക്ഷേപിച്ച വിധി ആത്മനാശത്തിന്റെ സുഷിരങ്ങളും അവനിൽ സൃഷ്ടിച്ചിട്ടുണ്ട്"!!

## കർണ്ണൻ എന്ന മഹാരഥൻ

ജീവിച്ചിരുന്ന കർണ്ണൻ ദ്രൗപദിയുടെ ദൃഷ്ടിയിൽ എത്രമാത്രം നികൃഷ്ടനായിരുന്നോ മരിച്ചു കഴിഞ്ഞ കർണ്ണൻ അവൾക്ക് അത്ര തന്നെ മഹാനായിരുന്നു. ഭർത്തൃമാതാവിൽ നിന്ന് പകർന്ന് കിട്ടിയ പുതിയ അറിവിന്റെ വെളിച്ചത്തിൽ ദ്രൗപദിക്കു കാണാനാവുന്നത് കർണ്ണൻ എന്ന സമാനതകളില്ലാത്ത നായകനെയാണ്; കാലത്തെപ്പോലും അതിജീവിച്ച ത്യാഗിയെയാണ്, സാഹചര്യത്തിന്റെ മതിൽക്കെട്ടുകളിൽ നിന്ന് അത്യുന്നതിയിലേക്ക് കുതറിച്ചാടിയ ധീരനെയാണ്. എട്ടുമുഴം ഉയരമുള്ള സിംഹ

വിനോദ് പട്ടാണിപ്പാറ

# ഒ.വി. വിജയൻ (1930-2005)

മലയാളസാഹിത്യത്തെ ആധുനികതയുടെ ലോകത്തേയ്ക്ക് നയിക്കുകയും കാർട്ടൂൺ രചനയെ രാഷ്ട്രീയ തത്ത്വചിന്തയുടെ തലത്തിലേയ്ക്ക് ഉയർത്തുകയും ചെയ്ത എഴുത്തുകാരനാണ് ഒ.വി. വിജയൻ. പാലക്കാട് ജില്ലയിലെ വിളയഞ്ചാത്തന്നൂരിൽ ഓട്ടുപുലാക്കൽ വീട്ടിൽ വേലുക്കുട്ടിയുടെയും തച്ചമുച്ചി കമലാക്ഷിയമ്മയുടെയും മകനായി 1930 ജൂലായ് 2ന് വിജയൻ ജനിച്ചു. അച്ഛൻ മലബാർ സ്പെഷ്യൽ പൊലീസിലായിരുന്നു. വിവിധ എം.എസ്.പി. ക്യാമ്പുകളിലായിരുന്നു വിജയന്റെ ബാല്യം. മദിരാശി പ്രസിഡൻസി കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടിയ ശേഷം മധുര സ്റ്റുഡന്റ്സ് ട്യൂട്ടോറിയലിൽ അധ്യാപകനായിച്ചേർന്നു. ഒരു കൊല്ലം പാലക്കാട് വിക്ടോറിയ കോളേജിൽ ട്യൂട്ടറായിരുന്നു. പിന്നീട് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലും അധ്യാപകനായി. ശങ്കേഴ്സ് വീക്ക്ലിയിൽ ചേരാനായി 1958-ൽ ആണ് വിജയൻ ഡൽഹിയിൽ എത്തുന്നത്. 1963-ൽ പേട്രിയട്ടിൽ ചേർന്നെങ്കിലും 1967-ൽ അവിടം വിട്ടു. ഇതിനകം അറിയപ്പെടുന്ന കാർട്ടൂണിസ്റ്റും എഴുത്തുകാരനുമായി വളർന്നു കഴിഞ്ഞിരുന്നു. തുടർന്ന് ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂ, ദി ഹിന്ദു, ഹിന്ദുസ്ഥാൻ ടൈംസിന്റെ വീക്കെന്റ് റിവ്യൂ, സ്റ്റേറ്റ്സ്മാൻ തുടങ്ങിയ ഒട്ടേറെ പ്രസിദ്ധീകരണങ്ങളിൽ വിജയന്റെ സൃഷ്ടികൾ പ്രത്യക്ഷപ്പെട്ടു. 1969-ൽ ആദ്യ നോവൽ 'ഖസാക്കിന്റെ ഇതിഹാസം' പുറത്തിറങ്ങി. ഖസാക്കിനോളം വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത പുസ്തകങ്ങൾ അപൂർവമാണ്. 1990-ൽ കേന്ദ്ര



വിനോദ് പട്ടാണിപ്പാറ

സാഹിത്യ അക്കാദമി അവാർഡ് 'ഗുരുസാഗര'ത്തിന് ലഭിച്ചു. 1991-ൽ വയലാർ അവാർഡും (ഗുരുസാഗരം) 1992-ൽ മുട്ടത്തുവർക്കി അവാർഡും (ഖസാക്കിന്റെ ഇതിഹാസം) 2001-ൽ സമഗ്ര സംഭാവനയ്ക്കുള്ള എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചു. 2004-ൽ സമഗ്ര സംഭാവനയ്ക്കുള്ള മാതൃഭൂമി പുരസ്കാരം, തപസ്യ ഏർപ്പെടുത്തിയ സഞ്ജയൻ പുരസ്കാരം, 2005-ൽ ആന്ധ്രാ സർക്കാരിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവ ലഭിച്ചു. കേരള സാഹിത്യ അക്കാദമി അദ്ദേഹത്തിന് വിശിഷ്ടാംഗത്വം നൽകി. 2003-ൽ രാജ്യം പത്മഭൂഷൺ നൽകി വിജയനെ ആദരിച്ചു. കോളേജ് അധ്യാപികയായി വിരമിച്ച ആന്ധ്രാക്കാരി തെരേസയാണ് വിജയന്റെ ഭാര്യ. കവയത്രി ഒ.വി. ഉഷ സഹോദരിയാണ്. നോവലിസ്റ്റ്, കഥാകൃത്ത്, കോളമിസ്റ്റ്, പത്രപ്രവർത്തകൻ, ചിന്തകൻ, ദാർശനികൻ എന്നീ മേഖലയിൽ അദ്ദേഹം മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ:** ഇന്ദ്രപ്രസ്ഥം, വിജയന്റെ കഥകൾ, ബാലബോധിനി, അശാന്തി, ഒരു നീണ്ട രാത്രിയുടെ ഓർമയ്ക്കായി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ, പൂതപ്രബന്ധവും മറ്റ് കഥകളും, കുറേ കഥാബീജങ്ങൾ (കഥാസമാഹാരങ്ങൾ), ഖസാക്കിന്റെ ഇതിഹാസം, ധർമപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ), സന്ദേഹിയുടെ സംവാദം, ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമയ്ക്ക്, വർഗസമരം, സ്വത്വം, കുറിപ്പുകൾ, ഹൈന്ദവനും അതിഹൈന്ദവനും, അന്ധനും അകലങ്ങൾ കാണുന്നവനും (രാഷ്ട്രീയ ലേഖനസമാഹാരങ്ങൾ), എന്റെ ചരിത്രാന്വേഷണ പരീക്ഷകൾ (ആക്ഷേപഹാസ്യം) ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം (കാർട്ടൂൺ സമാഹാരം), സമുദ്രത്തിലേയ്ക്ക് വഴി തെറ്റി വന്ന പരൽമീൻ (അനുസ്മരണം) എന്നിവയാണ് പ്രധാന രചനകൾ. വിജയന്റെ പ്രമുഖ കൃതികൾ അദ്ദേഹം തന്നെ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തിട്ടുണ്ട്. പത്മാസനം എന്ന നോവൽ എഴുതിപൂർത്തിയാക്കാൻ കഴിഞ്ഞില്ല. 2005 മാർച്ച് 30ന് അദ്ദേഹം കഥാവശേഷനായി.

കായനായ കർണന്റെ ആദർശസ്ഥൈര്യമുള്ള വ്യക്തിത്വം വൈകിയാണെങ്കിലും ദ്രൗപദി തിരിച്ചറിയുന്നു. ക്ഷാത്രസങ്കല്പത്തിന്റെ പരിപൂർണതയായ കർണന്റെ മരണത്തിന് വേണ്ടി ഉറക്കൊഴിഞ്ഞു പ്രാർത്ഥിച്ചതും കർണവധശേഷമേ താൻ കട്ടിലിൽ ഉറങ്ങൂ എന്ന് പ്രതിജ്ഞ ചെയ്തതും അവളെ പശ്ചാത്താപ വിവശയാക്കുന്നു. ശുദ്ധമനസ്കനായ കർണൻ തന്റെ ഭർത്താക്കൻമാരെക്കാൾ ഗുണഗണങ്ങൾ തികഞ്ഞവനായിരുന്നെന്ന് ദ്രൗപദി ചിന്തിക്കുന്നു. പാണ്ഡവരുടെ ജ്യേഷ്ഠനാകാൻ എന്തുകൊണ്ടും യോഗ്യനായിരുന്നു സൂര്യാത്മജൻ എന്നോർത്ത് പരിതപിക്കുകയാണ് പാഞ്ചാലി. ഐതിഹാസിക വിജയങ്ങളുടെ വൻപരമ്പരയായിരുന്ന കർണൻ എന്ന നായകന്റെ ഉജ്ജ്വല ജീവിതം ആദിമധ്യാന്തപൊരുത്തമുള്ള കഥയെന്നോണം അവൾക്ക് കോർത്തെടുക്കാൻ കഴിയുന്നു. വിധി ഇത്ര വികൃതമായ ചൂതാട്ടം നടത്തിയിരുന്നില്ലെങ്കിൽ ഹസ്തിനപുരിയുടെ അധിപനും പാണ്ഡവരിൽ പ്രമുഖനുമാകുമായിരുന്നു കർണൻ (ഒരു കന്യകയിൽ കാനീനനായി ജനിക്കുന്ന പുത്രൻ അവളെ വിവാഹം ചെയ്യുന്നയാൾക്ക് മകനായിരിക്കും എന്നാണ് ഭാരതീയ പ്രമാണം) എന്നവൾ മനസ്സിലാക്കുന്നു. തന്റെ സ്വയംവരത്തിൽ പങ്കെടുക്കാനെത്തിയ കർണനെ താൻ കുലം പറഞ്ഞ പമാനിച്ചതും അത് കേട്ട് കർണൻ വിറങ്ങലിച്ചു നിന്നതും അപ്പോഴവിടെയുള്ള ക്ഷത്രിയകുമാരൻമാർ ആർത്ത് ചിരിച്ചതും ഓർത്ത് ദ്രൗപദി ഉമിത്തീയിലെന്ന പോലെ വെന്തു നീറുന്നു. ശാപഫലമായ് തേർചക്രം ഭൂമിയിൽ താണപ്പോൾ നിസ്സഹായതയോടെ നിൽക്കുന്ന യോദ്ധാവ്, അർജുനന്റെ വർണനയിലൂടെ പാഞ്ചാലിയുടെ മനോമുകുരത്തിൽ തെളിയുന്നു. അങ്ങനെ മരണാനന്തരം കർണൻ ദ്രൗപദിയുടെ സങ്കല്പത്തിൽ നിറയുന്നത് പൗരുഷത്തിന്റെ ആൾരൂപമായാണ്. എന്നാൽ ഉജ്ജ്വലമായ ഈ മനോവെളിച്ചം അവളുടെ ഉറക്കമെന്നെന്നേയ്ക്കുമായ് നഷ്ടപ്പെടുത്തുകയാണുണ്ടായത്.

കുരുക്ഷേത്രയുദ്ധത്തിന് മുമ്പ് ഭയത്താലും യുദ്ധശേഷം കുറ്റബോധത്താലും ഉറങ്ങാൻ കഴിയാതെ പോയ നായികയുള്ള ഈ നോവലിന് ഇനി ഞാൻ ഉറങ്ങട്ടെ എന്ന പേര് ചമത്കാരപൂർണമായ വൈരുധ്യമാണ് പ്രദാനം ചെയ്യുന്നത്. സാഹചര്യത്തിനനുസരിച്ച് രൂപപ്പെടുന്ന സ്ത്രീചിത്ത (പുരുഷചിത്തവും)മാണ് ഈ നോവലിന്റെ അസാധാരണത്വം. അത് തന്നെയാണ് മറ്റൊരു തരത്തിൽ സാധാരണത്വവും എന്ന് പറയാം. കഥാപാത്രമെന്ന നിലയിൽ നായികയായ ദ്രൗപദിയാണോ, ദ്രൗപദിയുടെ 'തോന്നലായ' കർണനാണോ മികച്ചു നിൽക്കുന്നത് എന്ന ചോദ്യം അപ്രസക്തമാണ്. രണ്ടും മികവിന്റെ പാരമ്യത്തിൽ നിൽക്കുന്നുണ്ടെന്ന് പറയണം. കർണൻ എന്ന നികൃഷ്ടനാണോ, കർണൻ എന്ന ദുരന്തനായകനാണോ, അതല്ല; കർണൻ എന്ന മഹാരഥനാണോ സൃഷ്ടിയെന്ന നിലയിൽ ഉത്തമം എന്ന ചോദ്യവും തുല്യമായ ഉത്തരം അർഹിക്കുന്നു. എന്നാൽ ഈ മൂന്നവസ്ഥയ്ക്കും മുകളിൽ തലയുയർത്തി നിൽക്കുന്നത് കർണൻ എന്ന മനുഷ്യനാണ്. ഏകാകിയും നിരാശാഭരിതനും അങ്ങേയറ്റം അസ്വസ്ഥനുമായ 'വസുഷേണൻ' എന്ന പാവം മനുഷ്യൻ! ആത്മാവിൽ ഉണങ്ങാത്ത മുറിപ്പാടുമായി ജീവിക്കുന്ന ആ മനുഷ്യനെ കഥാപാത്രസൃഷ്ടിയുടെ പരകോടിയിൽ പ്രതിഷ്ഠിക്കാനായതുകൊണ്ടാണ് ദശാബ്ദങ്ങൾക്കുശേഷവും 'ഇനി ഞാൻ ഉറങ്ങട്ടെ' ആസ്വാദകന്റെ 'ഉറക്കം' കെടുത്തുന്നത്!!

വിനോദ് പട്ടാണിപ്പാറ

# ഒ.വി. വിജയൻ (1930–2005)

മലയാളസാഹിത്യത്തെ ആധുനികതയുടെ ലോകത്തേയ്ക്ക് നയിക്കുകയും കാർട്ടൂൺ രചനയെ രാഷ്ട്രീയ തത്ത്വചിന്തയുടെ തലത്തിലേയ്ക്ക് ഉയർത്തുകയും ചെയ്ത എഴുത്തുകാരനാണ് ഒ.വി. വിജയൻ. പാലക്കാട് ജില്ലയിലെ വിളയഞ്ചാത്തന്നൂരിൽ ഓട്ടുപുലാക്കൽ വീട്ടിൽ വേലുക്കുട്ടിയുടെയും തച്ചമൂചി കമലാക്ഷിയമ്മയുടെയും മകനായി 1930 ജൂലായ് 2ന് വിജയൻ ജനിച്ചു. അച്ഛൻ മലബാർ സ്പെഷ്യൽ പൊലീസിലായിരുന്നു. വിവിധ എം.എസ്.പി. ക്യാമ്പുകളിലായിരുന്നു വിജയന്റെ ബാല്യം. മദിരാശി പ്രസിഡൻസി കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദം നേടിയ ശേഷം മധുര സ്റ്റുഡന്റ്സ് ട്യൂട്ടോറിയലിൽ അധ്യാപകനായിച്ചേർന്നു. ഒരു കൊല്ലം പാലക്കാട് വിക്ടോറിയ കോളേജിൽ ട്യൂട്ടറായിരുന്നു. പിന്നീട് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലും അധ്യാപകനായി. ശങ്കേഴ്സ് വീക്ക്ലിയിൽ ചേരാനായി 1958-ൽ ആണ് വിജയൻ ഡൽഹിയിൽ എത്തുന്നത്. 1963-ൽ പേട്രിയട്ടിൽ ചേർന്നെങ്കിലും 1967-ൽ അവിടം വിട്ടു. ഇതിനകം അറിയപ്പെടുന്ന കാർട്ടൂണിസ്റ്റും എഴുത്തുകാരനുമായി വളർന്നു കഴിഞ്ഞിരുന്നു. തുടർന്ന് ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യു, ദി ഹിന്ദു, ഹിന്ദുസ്ഥാൻ ടൈംസിന്റെ വീക്കെന്റ് റിവ്യു, സ്റ്റേറ്റ്സ്മാൻ തുടങ്ങിയ ഒട്ടേറെ പ്രസിദ്ധീകരണങ്ങളിൽ വിജയന്റെ സൃഷ്ടികൾ പ്രത്യക്ഷപ്പെട്ടു. 1969-ൽ ആദ്യ നോവൽ 'ഖസാക്കിന്റെ ഇതിഹാസം' പുറത്തിറങ്ങി. ഖസാക്കിനോളം വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത പുസ്തകങ്ങൾ അപൂർവമാണ്. 1990-ൽ കേന്ദ്ര



വിനോദ് പട്ടാണിപ്പാറ

സാഹിത്യ അക്കാദമി അവാർഡ് 'ഗുരുസാഗര'ത്തിന് ലഭിച്ചു. 1991-ൽ വയലാർ അവാർഡും (ഗുരുസാഗരം) 1992-ൽ മുട്ടത്തുവർക്കി അവാർഡും (ഖസാക്കിന്റെ ഇതിഹാസം) 2001-ൽ സമഗ്ര സംഭാവനയ്ക്കുള്ള എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചു. 2004-ൽ സമഗ്ര സംഭാവനയ്ക്കുള്ള മാതൃഭൂമി പുരസ്കാരം, തപസ്യ ഏർപ്പെടുത്തിയ സഞ്ജയൻ പുരസ്കാരം, 2005-ൽ ആന്ധ്രാ സർക്കാരിന്റെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവ ലഭിച്ചു. കേരള സാഹിത്യ അക്കാദമി അദ്ദേഹത്തിന് വിശിഷ്ടാംഗത്വം നൽകി. 2003-ൽ രാജ്യം പത്മഭൂഷൺ നൽകി വിജയനെ ആദരിച്ചു. കോളേജ് അധ്യാപികയായി വിരമിച്ച ആന്ധ്രാക്കാരി തെരേസയാണ് വിജയന്റെ ഭാര്യ. കവയത്രി ഒ.വി. ഉഷ സഹോദരിയാണ്. നോവലിസ്റ്റ്, കഥാകൃത്ത്, കോളമിസ്റ്റ്, പത്രപ്രവർത്തകൻ, ചിന്തകൻ, ദാർശനികൻ എന്നീ മേഖലയിൽ അദ്ദേഹം മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

**പ്രധാനകൃതികൾ:** ഇന്ദ്രപ്രസ്ഥം, വിജയന്റെ കഥകൾ, ബാലബോധിനി, അശാന്തി, ഒരു നീണ്ട രാത്രിയുടെ ഓർമയ്ക്കായി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ, പൂതപ്രബന്ധവും മറ്റ് കഥകളും, കുറേ കഥാബീജങ്ങൾ (കഥാസമാഹാരങ്ങൾ), ഖസാക്കിന്റെ ഇതിഹാസം, ധർമപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ), സന്ദേഹിയുടെ സംവാദം, ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമയ്ക്ക്, വർഗസമരം, സ്വത്വം, കുറിപ്പുകൾ, ഹൈന്ദവനും അതിഹൈന്ദവനും, അന്ധനും അകലങ്ങൾ കാണുന്നവനും (രാഷ്ട്രീയ ലേഖനസമാഹാരങ്ങൾ), എന്റെ ചരിത്രാന്വേഷണ പരീക്ഷകൾ (ആക്ഷേപഹാസ്യം) ഇത്തിരി നേരമ്പോക്ക് ഇത്തിരി ദർശനം (കാർട്ടൂൺ സമാഹാരം), സമുദ്രത്തിലേയ്ക്ക് വഴി തെറ്റി വന്ന പരൽമീൻ (അനുസ്മരണം) എന്നിവയാണ് പ്രധാന രചനകൾ. വിജയന്റെ പ്രമുഖ കൃതികൾ അദ്ദേഹം തന്നെ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തിട്ടുണ്ട്. പത്മാസനം എന്ന നോവൽ എഴുതിപൂർത്തിയാക്കാൻ കഴിഞ്ഞില്ല. 2005 മാർച്ച് 30ന് അദ്ദേഹം കഥാവശേഷനായി.

കായനായ കർണന്റെ ആദർശസ്ഥൈര്യമുള്ള വ്യക്തിത്വം വൈകിയാണെങ്കിലും ദ്രൗപദി തിരിച്ചറിയുന്നു. ക്ഷാത്രസങ്കല്പത്തിന്റെ പരിപൂർണതയായ കർണന്റെ മരണത്തിന് വേണ്ടി ഉറക്കൊഴിഞ്ഞു പ്രാർത്ഥിച്ചതും കർണവധശേഷമേ താൻ കട്ടിലിൽ ഉറങ്ങൂ എന്ന് പ്രതിജ്ഞ ചെയ്തതും അവളെ പശ്ചാത്താപ വിവശയാക്കുന്നു. ശുദ്ധമനസ്കനായ കർണൻ തന്റെ ഭർത്താക്കൻമാരെക്കാൾ ഗുണഗണങ്ങൾ തികഞ്ഞവനായിരുന്നെന്ന് ദ്രൗപദി ചിന്തിക്കുന്നു. പാണ്ഡവരുടെ ജ്യേഷ്ഠനാകാൻ എന്തുകൊണ്ടും യോഗ്യനായിരുന്നു സൂര്യാത്മജൻ എന്നോർത്ത് പരിതപിക്കുകയാണ് പാഞ്ചാലി. ഐതിഹാസിക വിജയങ്ങളുടെ വൻപരമ്പരയായിരുന്ന കർണൻ എന്ന നായകന്റെ ഉജ്ജ്വല ജീവിതം ആദിമധ്യാന്തപൊരുത്തമുള്ള കഥയെന്നോണം അവൾക്ക് കോർത്തെടുക്കാൻ കഴിയുന്നു. വിധി ഇത്ര വികൃതമായ ചൂതാട്ടം നടത്തിയിരുന്നില്ലെങ്കിൽ ഹസ്തിനപുരിയുടെ അധിപനും പാണ്ഡവരിൽ പ്രമുഖനുമാകുമായിരുന്നു കർണൻ (ഒരു കന്യകയിൽ കാനീനനായി ജനിക്കുന്ന പുത്രൻ അവളെ വിവാഹം ചെയ്യുന്നയാൾക്ക് മകനായിരിക്കും എന്നാണ് ഭാരതീയ പ്രമാണം) എന്നവൾ മനസ്സിലാക്കുന്നു. തന്റെ സ്വയംവരത്തിൽ പങ്കെടുക്കാനെത്തിയ കർണനെ താൻ കുലം പറഞ്ഞ പമാനിച്ചതും അത് കേട്ട് കർണൻ വിറങ്ങലിച്ചു നിന്നതും അപ്പോഴവിടെയുള്ള ക്ഷത്രിയകുമാരൻമാർ ആർത്ത് ചിരിച്ചതും ഓർത്ത് ദ്രൗപദി ഉമിത്തീയിലെന്ന പോലെ വെന്തു നീറുന്നു. ശാപഫലമായ് തേർചക്രം ഭൂമിയിൽ താണപ്പോൾ നിസ്സഹായതയോടെ നിൽക്കുന്ന യോദ്ധാവ്, അർജുനന്റെ വർണനയിലൂടെ പാഞ്ചാലിയുടെ മനോമുകുരത്തിൽ തെളിയുന്നു. അങ്ങനെ മരണാനന്തരം കർണൻ ദ്രൗപദിയുടെ സങ്കല്പത്തിൽ നിറയുന്നത് പൗരുഷത്തിന്റെ ആൾരൂപമായാണ്. എന്നാൽ ഉജ്ജ്വലമായ ഈ മനോവെളിച്ചം അവളുടെ ഉറക്കമെന്നെന്നേയ്ക്കുമായ് നഷ്ടപ്പെടുത്തുകയാണുണ്ടായത്.

കുരുക്ഷേത്രയുദ്ധത്തിന് മുമ്പ് ഭയത്താലും യുദ്ധശേഷം കുറ്റബോധത്താലും ഉറങ്ങാൻ കഴിയാതെ പോയ നായികയുള്ള ഈ നോവലിന് ഇനി ഞാൻ ഉറങ്ങട്ടെ എന്ന പേര് ചമത്കാരപൂർണമായ വൈരുധ്യമാണ് പ്രദാനം ചെയ്യുന്നത്. സാഹചര്യത്തിനനുസരിച്ച് രൂപപ്പെടുന്ന സ്ത്രീചിത്ത (പുരുഷചിത്തവും)മാണ് ഈ നോവലിന്റെ അസാധാരണത്വം. അത് തന്നെയാണ് മറ്റൊരു തരത്തിൽ സാധാരണത്വവും എന്ന് പറയാം. കഥാപാത്രമെന്ന നിലയിൽ നായികയായ ദ്രൗപദിയാണോ, ദ്രൗപദിയുടെ 'തോന്നലായ' കർണനാണോ മികച്ചു നിൽക്കുന്നത് എന്ന ചോദ്യം അപ്രസക്തമാണ്. രണ്ടും മികവിന്റെ പാരമ്യത്തിൽ നിൽക്കുന്നുണ്ടെന്ന് പറയണം. കർണൻ എന്ന നികൃഷ്ടനാണോ, കർണൻ എന്ന ദുരന്തനായകനാണോ, അതല്ല; കർണൻ എന്ന മഹാരഥനാണോ സൃഷ്ടിയെന്ന നിലയിൽ ഉത്തമം എന്ന ചോദ്യവും തുല്യമായ ഉത്തരം അർഹിക്കുന്നു. എന്നാൽ ഈ മൂന്നവസ്ഥയ്ക്കും മുകളിൽ തലയുയർത്തി നിൽക്കുന്നത് കർണൻ എന്ന മനുഷ്യനാണ്. ഏകാകിയും നിരാശാഭരിതനും അങ്ങേയറ്റം അസ്വസ്ഥനുമായ 'വസുഷേണൻ' എന്ന പാവം മനുഷ്യൻ! ആത്മാവിൽ ഉണങ്ങാത്ത മുറിപ്പാടുമായി ജീവിക്കുന്ന ആ മനുഷ്യനെ കഥാപാത്രസൃഷ്ടിയുടെ പരകോടിയിൽ പ്രതിഷ്ഠിക്കാനായതുകൊണ്ടാണ് ദശാബ്ദങ്ങൾക്കുശേഷവും 'ഇനി ഞാൻ ഉറങ്ങട്ടെ' ആസ്വാദകന്റെ 'ഉറക്കം' കെടുത്തുന്നത്!!

ഡോ.എം. കെ. ചാന്ദ് രാജ്

# ലിസെ മൈറ്റ്നെർ

## മനുഷ്യത്വം കൈവിടാത്ത ശാസ്ത്രജ്ഞ

ശാസ്ത്രചരിത്രം പരിശോധിച്ചാൽ സ്ത്രീകളുടെ സാന്നിധ്യം വളരെ പരിമിതമാണെന്ന് കാണാം. ഇതിനു കാരണം നൂറ്റാണ്ടുകളായി നിലനിന്ന പുരുഷമേധാവിത്വമായിരിക്കാം. എന്നാൽ ചുരുക്കം ചില വനിതകൾ തങ്ങളുടെ മേൽ സമൂഹം അടിച്ചേൽപ്പിച്ച വിവേചനത്തിനെതിരെ പട പൊരുതി സ്വന്തം കഴിവുകൾ സമൂഹനന്മയ്ക്കുതകും വിധം രൂപപ്പെടുത്തിയതായി കാണാൻ കഴിയും.

ശാസ്ത്രലോകത്ത് വ്യക്തിത്വം സ്ഥാപിച്ച സ്ത്രീകളെപ്പറ്റി ചോദിച്ചാൽ ആരുടെയും മനസ്സിൽ ആദ്യം തോന്നുന്ന പേര് മാഡംക്യൂറിയുടേതായിരിക്കും. ശാസ്ത്രമണ്ഡലത്തിൽ മാഡം ക്യൂറി നൽകിയ സംഭാവനകൾ അറിയാവുന്ന ആർക്കും ഈ പേര് അവഗണിക്കാനുമാവില്ല. എന്നാൽ, മാഡം ക്യൂറിയെപ്പോലെ അണു ഭൗതികത്തിൽ വിലയേറിയ കണ്ടുപിടിത്തങ്ങൾ നടത്തിയ ഒരു വനിത കൂടിയുണ്ട് - ലിസെ മൈറ്റ്നെർ.

1878 നവംബർ 7ന് ആസ്ട്രിയയിൽ ഫിലിപ് മൈറ്റ്നെർ എന്ന വക്കീലിന്റെയും ഭാര്യയായ ഹെഡ്വിഗ്ഗിന്റെയും എട്ടുമക്കളിൽ മൂന്നാമത്തെ പുത്രിയായി ലിസെ ജനിച്ചു. ഇടത്തരം യഹൂദകുടുംബമായിരുന്നു അവരുടേത്. അച്ഛൻ സ്വതന്ത്ര ചിന്താഗതിയുള്ള ആളായിരുന്നു. എഴുത്തുകാർ, അഭിഭാഷകർ, കായികതാരങ്ങൾ, ഭരണാധികാരികൾ തുടങ്ങിയ വിവിധ മേഖലകളിൽപ്പെട്ട ആളുകൾ അവരുടെ വീട്ടിൽ സന്ദർശകരായിരുന്നു. മാതാപിതാക്കളോടും സഹോദരങ്ങളോടും ഒന്നിച്ച് ജീവിച്ച ആ സുന്ദരമായ ബാല്യകാലത്തെക്കുറിച്ച് ലിസെ എന്നും സന്തോഷപൂർവം ഓർക്കുമായിരുന്നു. അത്തരം കുടുംബാന്തരീക്ഷമാണ് തന്റെയും കൂടപ്പിറപ്പുകളുടെയും ബുദ്ധിപരമായ വളർച്ചയെ ഉത്തേജിപ്പിച്ച ഘടകമെന്ന് ലിസെ രേഖപ്പെടുത്തിയിട്ടുണ്ട്.

ലിസെ ആദ്യകാല വിദ്യാഭ്യാസം നിർവഹിച്ചത് ജന്മനാടായ വിയന്നയിലായിരുന്നു; ഉപരിപഠനം നടത്തിയത് വിയന്നാ യൂണിവേഴ്സിറ്റിയിലും.

റേഡിയം എന്ന പുതിയൊരു മൂലകം കണ്ടുപിടിച്ചതായി ലിസെമൈറ്റ്നെർ അറിഞ്ഞു. ഊർജതന്ത്രത്തോടുള്ള കമ്പം ഉടലെടുത്തത് അങ്ങനെയാണ്. ലിസെയുടെ ജീവിതത്തിൽ അതൊരു വഴിത്തിരിവായി. ഊർജതന്ത്രം പഠിക്കുവാനുള്ള ആവേശവുമായി അവർ വിയന്നാ സർവകലാശാലയിൽ ബോൾട്ട്സ്മാന്റെ കീഴിൽ അഭ്യസനം നടത്തുകയും 1905-ൽ ഗവേഷണബിരുദം നേടുകയും ചെയ്തു. താപപ്രസരണത്തെപ്പറ്റിയുള്ള പ്രബന്ധത്തിനായിരുന്നു ഡോക്ടറേറ്റ്. വിയന്നാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടുന്ന രണ്ടാമത്തെ വനിതയായിരുന്നു ലിസെ മൈറ്റ്നെർ.

> സ്വന്തം പ്രവർത്തനമണ്ഡലത്തിൽ ഏറെ അനീതികൾ നേരിടേണ്ടി വന്നിട്ടും കർമമാണ് ധർമം എന്ന് വിശ്വസിച്ച ശാസ്ത്രജ്ഞ. അംഗീകാരത്തിന്റെ അപര്യാപ്തത അവരെ തളർത്തിയില്ല എന്നത് ലിസെ മൈറ്റ്നെറെ മാതൃകാ ശാസ്ത്രജ്ഞയാക്കി മാറ്റുന്നു.



ലിംഗപരമായ വിവേചനത്തിന്റെ ഇരയായിരുന്നു ലിസെ. വിയന്നാ യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ സ്ത്രീയാണെന്ന ഒറ്റക്കാരണത്താൽ സഹപാഠികളിൽ നിന്ന് ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിട്ടതായി അവർ രേഖപ്പെടുത്തിയിട്ടുണ്ട്. അതൊക്കെ മനസ്ഥൈര്യത്തോടെ അവർ നേരിട്ടു.

ശാസ്ത്രജ്ഞരായ സ്ത്രീകൾ തുലോം പരിമിതമായിരുന്ന അക്കാലത്ത് ശാസ്ത്രത്തിൽ ഉപരിപഠനം നേടാൻ ആഗ്രഹം പ്രകടിപ്പിച്ച ലിസെയുടെ മുൻപിൽ പല സർവകലാശാലകളും വാതിൽ കൊട്ടിയടച്ചു. അതുകൊണ്ട് അവർ ജർമനിയിൽ എത്തി. ഇവിടെയും സ്ഥിതി മറിച്ചായിരുന്നില്ല. ഒടുവിൽ എമിൽ ഫിഷർ എന്ന ജർമൻ ശാസ്ത്രജ്ഞൻ മഹാമനസ്കത കാട്ടി. അങ്ങനെ ഫിഷർ അദ്ദേഹത്തിന്റെ അസിസ്റ്റന്റായി ലിസെയെ സ്വീകരിച്ചു. പക്ഷേ, വിചിത്രമായ ഒരു നിബന്ധനകൂടി അദ്ദേഹം ലിസെയെക്കൊണ്ട് അംഗീകരിപ്പിച്ചു. പുരുഷന്മാർ ജോലി ചെയ്യുന്ന അവസരങ്ങളിൽ പരീക്ഷണശാലകളിൽ പ്രവേശിക്കാൻ പാടില്ല എന്നതായിരുന്നു നിബന്ധന.

അതേ സർവകലാശാലയിലെ രസതന്ത്രജ്ഞനായിരുന്നു ഓട്ടോഹാൻ. ലിസെ ആ പ്രശസ്ത ശാസ്ത്രജ്ഞന്റെ കീഴിൽ ഗവേഷണപങ്കാളിയായി. മുപ്പത് വർഷം അവർ രണ്ട് പേരും ഗവേഷണ പങ്കാളികളായി പ്രവർത്തിച്ചു. ഇതിനിടെ ലിസെ ബെർലിനിലെ കൈസർ വിൽഹെം ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിസിക്സ് വിഭാഗം അധ്യക്ഷയായി. ഒന്നാം ലോകമഹായുദ്ധം നടക്കുമ്പോൾ സ്വദേശസ്നേഹം കാരണം ആസ്ട്രിയൻ സൈന്യത്തിൽ നഴ്സ് ആയും അവർ സേവനം നടത്തി.

1918-ൽ ലിസെ മൈറ്റ്നെർ, ഓട്ടോഹാൻ എന്നിവർ ചേർന്ന് പ്രോട്ടാക്ടീനിയം (Protactinium) എന്ന മൂലകം വേർതിരിച്ചെടുത്തു. ഈ പ്രവർത്തനത്തിൽ ഏറിയ പങ്കും നിർവഹിച്ചത് ലിസെ ആയിരുന്നു. അതുകൊണ്ട് പ്രസ്തുത മൂലകത്തിന് ലിസോണിയം (Lisonium), ലിസോട്ടോനിയം (Lisottonium) എന്നീ പേരുകളാണ് നിർദേശിക്കപ്പെട്ടത്. എന്നാൽ പ്രോട്ടാക്ടീനിയം എന്ന പേരിനാണ് ഔദ്യോഗികാംഗീകാരം കിട്ടിയത്.

ജർമനിയിൽ ഹിറ്റ്ലറുടെ കിരാതവാഴ്ച നടക്കുന്ന കാലമായിരുന്നു അത്. ഹിറ്റ്ലർക്ക് ജൂതരോട് കടുത്ത വിരോധം പ്രകടമായി

രുന്നു. ആ വംശത്തിൽ ജനിച്ചവരെ തെരഞ്ഞുപിടിച്ച് പലവിധ പീഡനങ്ങൾക്കും ഇരയാക്കിയിരുന്നു. ജൂതവംശത്തിൽ പിറന്ന ശാസ്ത്രജ്ഞന്മാർക്ക് നേരെയും ഹിറ്റ്ലറുടെ ഫാഷിസ്റ്റ് ഭരണകൂടം പീഡനമുറകൾ ആരംഭിച്ചു. ഇതു കാരണം ജൂതവംശജരായ പല ശാസ്ത്രപ്രതിഭകളും ജർമനി വിട്ടു പോയി. ആസ്ട്രിയക്കാരിയായതിനാൽ ആദ്യമൊന്നും ലിസെക്ക് പ്രയാസമൊന്നും നേരിട്ടില്ല. എന്നാൽ 1938-ൽ ഹിറ്റ്ലർ ആസ്ട്രിയയെ ജർമനിയോട് ചേർത്തു. സ്ഥിതിഗതികൾ അങ്ങനെ തകിടം മറിഞ്ഞു. ലിസെയുടെ നില അപകടത്തിലായി. അവർ ഹോളണ്ടിലേക്ക് രക്ഷപ്പെട്ടു. താമസിയാതെ അവിടെ നിന്നും സ്വീഡനിലേക്കും കടന്നു.

ബെർലിനിൽ വച്ചുതന്നെ അണുവിസ്ഫോടനത്തെക്കുറിച്ചുള്ള ഒട്ടേറെ പരീക്ഷണങ്ങൾ ലിസെ നടത്തിയിരുന്നു. ന്യൂക്ലിയർ പരീക്ഷണങ്ങൾക്ക് ഘനജലം (Heavy water) വളരെ അത്യാവശ്യമായ വസ്തുവാണ്. ബെർലിനിൽ നിന്ന് ഒളിച്ചോടിയ കൂട്ടത്തിൽ അവിടെ വച്ച് നിർമിച്ച ഘനജലം കൂടെ ലിസ കടത്തിക്കൊണ്ടുപോയി. ശാസ്ത്രത്തോടുള്ള കൂറു മൂലമാണ് ഇത്രയും സാഹസികമായ പ്രവൃത്തിക്ക് അവർ ഒരുമ്പെട്ടത്. നാസികളുടെ ശ്രദ്ധയിൽപ്പെട്ടിരുന്നെങ്കിൽ ലിസെയുടെ ജീവൻ തന്നെ അപകടത്തിൽപ്പെട്ടേനെ.

സ്വീഡനിൽ വച്ചാണ് അണുവിഘടനത്തെ സംബന്ധിച്ച തന്റെ വിഖ്യാതമായ റിപ്പോർട്ട് ലിസെ മൈറ്റ്നെർ എഴുതിയത്. അണുവിഘടനം മൂലം ധാരാളം ഊർജം പുറത്തുവരുമെന്ന് അവർ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സമർത്ഥിച്ചു. ഓട്ടോഹാനു പോലും അണുവിഘടനത്തെക്കുറിച്ച് സംശയമുണ്ടായിരുന്ന കാലത്താണ് ലിസെ ഈ റിപ്പോർട്ട് എഴുതിയത്. ഈ കണ്ടുപിടിത്തത്തിന്റെ ക്രെഡിറ്റ് മുഴുവൻ ഓട്ടോഹാനിനാണ് ശാസ്ത്രസമൂഹം നൽകിയത് എന്നത് വിചിത്രമാണ്. 1946-ൽ ഓട്ടോഹാനിന് അണുവിഘടനത്തിന്റെ പേരിൽ നോബൽ സമ്മാനം ലഭിച്ചു. എന്നാൽ ഇതിന് പിന്നിൽ ആത്മസമർപ്പണം നടത്തിയ ലിസെക്ക് നോബൽ സമ്മാനം ലഭിച്ചില്ല. ഇക്കാര്യത്തിൽ അവർ വളരെയേറെ ദുഃഖിച്ചു. എങ്കിലും അവകാശവാദമുന്നയിക്കാൻ അവർ മെനക്കെട്ടില്ല എന്നുമാത്രമല്ല, ഓട്ടോഹാനുമായുള്ള ലിസെയുടെ സൗഹൃദത്തിന് ഉലച്ചിൽ തട്ടിയതുമില്ല.



അണുവിഘടനം മൂലം ധാരാളം ഊർജം പുറത്തുവരുമെന്ന് അവർ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സമർത്ഥിച്ചു. ഓട്ടോഹാനു പോലും അണുവിഘടനത്തെക്കുറിച്ച് സംശയമുണ്ടായിരുന്ന കാലത്താണ് ലിസെ ഈ റിപ്പോർട്ട് എഴുതിയത്. ഈ കണ്ടുപിടിത്തത്തിന്റെ ക്രെഡിറ്റ് മുഴുവൻ ഓട്ടോഹാനിനാണ് ശാസ്ത്രസമൂഹം നൽകിയത് എന്നത് വിചിത്രമാണ്. 1946 – ൽ ഓട്ടോഹാനിന് അണുവിഘടനത്തിന്റെ പേരിൽ നൊബേൽ സമ്മാനം ലഭിച്ചു. എന്നാൽ ഇതിന് പിന്നിൽ ആത്മസമർപ്പണം നടത്തിയ ലിസെക്ക് നൊബേൽ സമ്മാനം ലഭിച്ചില്ല.

നൊബേൽ സമ്മാനം ലഭിച്ചില്ലെങ്കിലും ആണവശാസ്ത്രജ്ഞർക്ക് കിട്ടാവുന്ന ഏറ്റവും ഉന്നത അംഗീകാരമായ എന്റിക്കോ ഫെർമി എന്ന അവാർഡ് 1966-ൽ ലിസെയെ തേടിയെത്തി.

ജീവിതത്തിലുടനീളം ലിസെ സംഗീതത്തിൽ താത്പര്യം കാട്ടിയിരുന്നു. മനുഷ്യനന്മയ്ക്ക് വേണ്ടിയാകണം ശാസ്ത്രീയ പരീക്ഷണങ്ങൾ എന്ന പക്ഷത്തായിരുന്നു അവർ. മാനവരാശിക്ക് വിനാശകരമെന്നതിനാൽ ആണവായുധ നിർമാണത്തെ അവർ നഖശിഖാന്തം എതിർത്തു. ആണവയുദ്ധം മൂലമുള്ള ദുരന്തം അവർ മുൻകൂട്ടി കാണുകയും ചെയ്തു.

ആദ്യത്തെ അണുബോംബ് നിർമിക്കുന്നതിനായുള്ള പദ്ധതിയുമായി ഒട്ടേറെ ആണവശാസ്ത്രജ്ഞൻമാർ ഒത്തുകൂടി. 1943-ൽ ന്യൂ മെക്സിക്കോവിൽ ഓപ്പൻഹെയ്മർ എന്ന ശാസ്ത്രജ്ഞന്റെ നേതൃത്വത്തിലായിരുന്നു ഈ പദ്ധതി. ഈ പദ്ധതിയുമായി സഹകരിക്കുവാൻ ലിസെക്ക് ക്ഷണം കിട്ടി. എന്നാൽ തന്റെ ദൃഢനിശ്ചയം മാറ്റാൻ അവർ തയ്യാറായില്ല. ലോകസമാധാനത്തെ തുരങ്കം വയ്ക്കാൻ സാധ്യതയുള്ള പ്രസ്തുത പദ്ധതിയുമായി സഹകരിക്കാൻ അവർ കൂട്ടാക്കിയില്ല. ലിസെ ക്ഷണം നിരസിച്ചു. ഏറെ പ്രതിഫലം നേടാൻ പാകത്തിലുള്ള ഇത്തരമൊരു ക്ഷണം നിരസിക്കാൻ തന്റേടം കാട്ടിയ ഏക വ്യക്തി ലിസെ മൈറ്റ്നെർ ആയിരുന്നു.

ജപ്പാനിലെ നഗരങ്ങളായ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക അണുബോംബിട്ട് നാശം വിതച്ചപ്പോൾ ലിസെ നടുങ്ങിപ്പോയി. അവർ നിരാശയായി. താൻ കൂടി തുടക്കമിട്ട ആണവോർജയുഗത്തിന്റെ പിഴച്ച പോക്കിൽ അവർ വേദനിച്ചു.

1946-ൽ ലിസെ അമേരിക്കയിൽ പര്യടനം നടത്തി. അവർക്കവിടെ ധാരാളം സ്വീകരണങ്ങൾ ലഭിച്ചു. ജർമിനിയിൽ നിന്ന് അമേരിക്കയ്ക്ക് അണുബോംബ് നൽകി എന്നതായിരുന്നു ലിസെയെക്കുറിച്ചുണ്ടായിരുന്ന കുപ്രചാരണം. ഏതോ പത്രക്കാർ എഴുതിവിട്ടതായിരുന്നു ഈ നുണ. ഈ രീതിയിൽ ഒരു ഹോളിവുഡ് ചലച്ചിത്രം നിർമിക്കുന്നതിനായി ഒരു അമേരിക്കൻ ചലച്ചിത്രനിർമാണക്കമ്പനി തയ്യാറെടുത്തു. സ്ക്രിപ്റ്റ് പൂർത്തിയാക്കിയ ശേഷം കമ്പനി അനുമതിയ്ക്കായി ലിസെയെ സമീപിച്ചു. ലിസെ അനുമതി നിഷേധിച്ചു. ഇത്തരമൊരു കെട്ടുകഥയ്ക്ക് വേണ്ടി താനൊരിക്കലും സഹകരിക്കുകയില്ലെന്ന് അവർ തീർത്തു പറഞ്ഞു. തെരുവിലൂടെ നഗ്നയായി നടക്കുകയാവും ഇതിലും ഭേദമെന്ന് അവർ തുറന്നടിച്ചു.

സ്ത്രീയെന്ന കാരണത്താൽ ലിസെക്ക് പല അവഗണനകളും നേരിടേണ്ടി വന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. ഒരിക്കൽ വിജ്ഞാനകോശത്തിന്റെ ലേഖനമെഴുതാൻ പ്രസാധകർ ലിസെയോട് ആവശ്യപ്പെട്ടു. അവർ സ്ത്രീയാണെന്നറിഞ്ഞപ്പോൾ പ്രസാധകർ തന്നെ ക്ഷണം പിൻവലിച്ചു. മറ്റൊരിക്കൽ പത്രങ്ങളുടെ ക്രൂരവിനോദത്തിനും അവർക്ക് പാത്രമാകേണ്ടി വന്നു. ലിസെ മൈറ്റ്നെർ കോസ്മിക് ഫിസിക്സിൽ (Cosmic Physics) ഗവേഷണം നടത്തിയിരുന്ന അവസരം. എന്നാൽ ലിസെയുടെ ഗവേഷണം കോസ്മെറ്റിക് ഫിസിക്സിൽ (Cosmetic Physics) ആണെന്ന് പരിഹസിച്ചുകൊണ്ട് പത്രക്കുറിപ്പുകൾ പുറത്തിറങ്ങി.

അവിവാഹിതയായിരുന്ന ലിസെ മൈറ്റ്നെർ ജീവിതസായാഹ്നത്തിൽ ഇംഗ്ലണ്ടിൽ കേംബ്രിഡ്ജിലേക്ക് താമസം മാറ്റി. രണ്ടാം മാഡംക്യൂറിയെന്ന് പ്രശംസിക്കപ്പെട്ട ലിസെ 1968 ഒക്ടോബർ 27-ാം തീയതി, തൊണ്ണൂറ് വയസ്സ് പൂർത്തിയാകുന്നതിന് ഏതാനും നാളുകൾക്ക് മുമ്പ് അന്തരിച്ചു.

ഇംഗ്ലണ്ടിൽ, നാട്ടുമ്പുറത്തെ ഒരു പള്ളിസെമിത്തേരിയിൽ ലിസെ മൈറ്റ്നെറുടെ ശവക്കല്ലറയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്; ലിസെ മൈറ്റ്നെർ മനുഷ്യത്വം ഒരിക്കലും കൈവെടിയാത്ത ഭൗതികശാസ്ത്രജ്ഞ (Lise Meitner a Physicist who never lost her humanity).

അതെ, ആ ധന്യജീവിതം അവസാനം വരെ കാത്ത കെടാവിളക്കായിരുന്നു മനുഷ്യത്വം. ശാസ്ത്രം മനുഷ്യനന്മയ്ക്ക് വേണ്ടിയാവണമെന്ന സന്ദേശമാണത് പ്രസരിപ്പിച്ചത്.





ഡോ. റോസ്മേരി എ.

# ശാസ്ത്രീയ കലകളുടെ ആസ്വാദനത്തിലെ പ്രശ്നങ്ങൾ



കേരളത്തിന്റെ ശാസ്ത്രീയകലകളായ കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയവ സാംസ്കാരിക കലാപാരമ്പര്യത്തിന്റെ ഉത്തമ മാതൃകകളാണ്. ശാസ്ത്രീയ കലകൾ പലതും ഭൗതികമോ ആദ്ധ്യാത്മികമോ ആയ ജീവിതത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. മത്സരവും യുദ്ധവും നാടുനീളെ നടമാടിയിരുന്ന കാലത്ത് കർമധീരതയോടുകൂടി പോരാടുവാൻ കായികവും മാനസികവുമായ ആവേശവും പ്രേരണയും അവ നൽകിയിരുന്നിരിക്കണം. വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും സമന്വയമായ ഇത്തരം ശാസ്ത്രീയ കലകൾ ഭാരതത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലും നിലനിന്നിരുന്നെങ്കിലും അവയിൽ പലതും നാമാവശേഷമായി. ഓരോ കാലത്തും സംഭവിച്ച പരിവർത്തനങ്ങളും ഭരണപരമായ മാറ്റങ്ങളും അവയുടെ അധഃപതനത്തിന് കാരണമായിട്ടുണ്ട്. അതിലും പ്രധാനം പ്രേക്ഷകന്റെ ആസ്വാദന പ്രശ്നങ്ങളാണ്. ഏതു കലയും ജനങ്ങൾക്കിടയിൽ പ്രചരിച്ചാൽ മാത്രമേ കാലത്തിനൊത്ത് രൂപാന്തരപ്പെടുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ. ഇതിന് വേണ്ടത് അവയെക്കുറിച്ചുള്ള പരിജ്ഞാനമാണ്. കഥാപാത്രങ്ങളുടെ അവതരണഭാഷ മനസ്സിലാക്കാനുള്ള കഴിവും ആസ്വാദനശേഷിയും സാമാന്യ അനുവാചകർക്കുണ്ടാകണം. ഈ ആസ്വാദനശേഷി കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകൾക്കും ഇല്ല എന്നതാണ് സത്യം.

## സാങ്കേതികവശങ്ങളെ കുറിച്ചുള്ള അജ്ഞത

അഭിനയത്തിന്റെ സാങ്കേതികാംശങ്ങൾ മനസ്സിലാക്കാതെ ശാസ്ത്രീയകലകൾ ആസ്വദിക്കാൻ പ്രയാസമാണ്. അതിനാൽ പൊതുജനങ്ങളെ ആദ്യം ശാസ്ത്രീയകലകളുടെ സാങ്കേതികകാര്യങ്ങൾ പഠിപ്പിക്കുകയാണ് വേണ്ടത്.

## മുദ്രകൾ

മുദ്രകളെക്കുറിച്ചുള്ള പരിജ്ഞാനം കഥകളി പോലുള്ള ശാസ്ത്രീയകലകളുടെ ആസ്വാദനത്തിന് അനിവാര്യമാണ്. സംസ്കൃതബഹുലമായ മണിപ്രവാള ഭാഷയിലുള്ള ശ്ലോകങ്ങൾ പിൻപാട്ടുകാർ പാടുമ്പോൾ നടൻ മുദ്രകളിൽക്കൂടി അതിനെ പ്രേക്ഷകനിൽ എത്തിക്കുന്നു. ഇതിനെയാണ് ചൊല്ലിയാട്ടം എന്നു പറയുന്നത്. ഇതിവൃത്തത്തിന്റെ ഭാഷയും മുദ്രകളെക്കുറിച്ചുള്ള സാമാന്യ ജ്ഞാനവും ഇല്ലാത്ത പ്രേക്ഷകർ കഥയറിയാതെ ആട്ടം കാണുകയാവും ചെയ്യുന്നത്. ഇതിന് പരിഹാരമായി വേണുജി തന്റെ കഥകളിമുദ്രാ നിഘണ്ടു[1] എന്ന കൃതിയിൽ കഥകളിയിലെ മുദ്രകളെ സാമാന്യവായനക്കാർക്ക് രേഖാചിത്രങ്ങളിൽക്കൂടെ പരിചയപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കുറച്ചധികം പുസ്തകങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവ സാധാരണ ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതാണ് സത്യം.

## നൃത്തം, നൃത്യം, നാട്യം

അവതരണസ്വഭാവമനുസരിച്ച് രംഗകലകളെ നൃത്തം, നൃത്യം, നാട്യം എന്നിങ്ങനെ മൂന്നു വിധമായി തരം തിരിക്കാം. താളലയത്തോടു കൂടിയ ചുവടുവയ്പുകളെ നൃത്തം എന്നു പറയുന്നു[2]. ഇതിൽ അഭിനയത്തിന്റെ അളവു കുറഞ്ഞിരിക്കും. കഥകളിയിലെ നൃത്തമാണ് കലാശങ്ങൾ. ഓരോ പദത്തി

ജപ്പാനിലെ നഗരങ്ങളായ ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക അണുബോംബിട്ട് നാശം വിതച്ചപ്പോൾ ലിസെ നടുങ്ങിപ്പോയി. അവർ നിരാശയായി. താൻ കൂടി തുടക്കമിട്ട ആണവോർജയുഗത്തിന്റെ പിഴച്ച പോക്കിൽ അവർ വേദനിച്ചു.

1946-ൽ ലിസെ അമേരിക്കയിൽ പര്യടനം നടത്തി. അവർക്കവിടെ ധാരാളം സ്വീകരണങ്ങൾ ലഭിച്ചു. ജർമിനിയിൽ നിന്ന് അമേരിക്കയ്ക്ക് അണുബോംബ് നൽകി എന്നതായിരുന്നു ലിസെയെക്കുറിച്ചുണ്ടായിരുന്ന കുപ്രചാരണം. ഏതോ പത്രക്കാർ എഴുതിവിട്ടതായിരുന്നു ഈ നുണ. ഈ രീതിയിൽ ഒരു ഹോളിവുഡ് ചലച്ചിത്രം നിർമിക്കുന്നതിനായി ഒരു അമേരിക്കൻ ചലച്ചിത്രനിർമാണക്കമ്പനി തയ്യാറെടുത്തു. സ്ക്രിപ്റ്റ് പൂർത്തിയാക്കിയ ശേഷം കമ്പനി അനുമതിയ്ക്കായി ലിസെയെ സമീപിച്ചു. ലിസെ അനുമതി നിഷേധിച്ചു. ഇത്തരമൊരു കെട്ടുകഥയ്ക്ക് വേണ്ടി താനൊരിക്കലും സഹകരിക്കുകയില്ലെന്ന് അവർ തീർത്തു പറഞ്ഞു. തെരുവിലൂടെ നഗ്നയായി നടക്കുകയാവും ഇതിലും ഭേദമെന്ന് അവർ തുറന്നടിച്ചു.

സ്ത്രീയെന്ന കാരണത്താൽ ലിസെക്ക് പല അവഗണനകളും നേരിടേണ്ടി വന്നുവെന്ന് സൂചിപ്പിച്ചുവല്ലോ. ഒരിക്കൽ വിജ്ഞാനകോശത്തിന്റെ ലേഖനമെഴുതാൻ പ്രസാധകർ ലിസെയോട് ആവശ്യപ്പെട്ടു. അവർ സ്ത്രീയാണെന്നറിഞ്ഞപ്പോൾ പ്രസാധകർ തന്നെ ക്ഷണം പിൻവലിച്ചു. മറ്റൊരിക്കൽ പത്രങ്ങളുടെ ക്രൂരവിനോദത്തിനും അവർക്ക് പാത്രമാകേണ്ടി വന്നു. ലിസെ മൈറ്റ്നെർ കോസ്മിക് ഫിസിക്സിൽ (Cosmic Physics) ഗവേഷണം നടത്തിയിരുന്ന അവസരം. എന്നാൽ ലിസെയുടെ ഗവേഷണം കോസ്മെറ്റിക് ഫിസിക്സിൽ (Cosmetic Physics) ആണെന്ന് പരിഹസിച്ചുകൊണ്ട് പത്രക്കുറിപ്പുകൾ പുറത്തിറങ്ങി.

അവിവാഹിതയായിരുന്ന ലിസെ മൈറ്റ്നെർ ജീവിതസായാഹ്നത്തിൽ ഇംഗ്ലണ്ടിൽ കേംബ്രിഡ്ജിലേക്ക് താമസം മാറ്റി. രണ്ടാം മാഡം ക്യൂറിയെന്ന് പ്രശംസിക്കപ്പെട്ട ലിസെ 1968 ഒക്ടോബർ 27-ാം തീയതി, തൊണ്ണൂറ് വയസ്സ് പൂർത്തിയാകുന്നതിന് ഏതാനും നാളുകൾക്ക് മുമ്പ് അന്തരിച്ചു.

ഇംഗ്ലണ്ടിൽ, നാട്ടുമ്പുറത്തെ ഒരു പള്ളിസെമിത്തേരിയിൽ ലിസെ മൈറ്റ്നെറുടെ ശവക്കല്ലറയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്; ലിസെ മൈറ്റ്നെർ മനുഷ്യത്വം ഒരിക്കലും കൈവെടിയാത്ത ഭൗതികശാസ്ത്രജ്ഞ (Lise Meitner a Physicist who never lost her humanity).

അതെ, ആ ധന്യജീവിതം അവസാനം വരെ കാത്ത കെടാവിളക്കായിരുന്നു മനുഷ്യത്വം. ശാസ്ത്രം മനുഷ്യനന്മയ്ക്ക് വേണ്ടിയാവണമെന്ന സന്ദേശമാണത് പ്രസരിപ്പിച്ചത്.

ഡോ. റോസ്മേരി എ.

# ശാസ്ത്രീയ കലകളുടെ ആസ്വാദനത്തിലെ പ്രശ്നങ്ങൾ



കേരളത്തിന്റെ ശാസ്ത്രീയകലകളായ കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയവ സാംസ്കാരിക കലാപാരമ്പര്യത്തിന്റെ ഉത്തമ മാതൃകകളാണ്. ശാസ്ത്രീയ കലകൾ പലതും ഭൗതികമോ ആദ്ധ്യാത്മികമോ ആയ ജീവിതത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. മത്സരവും യുദ്ധവും നാടുനീളെ നടമാടിയിരുന്ന കാലത്ത് കർമധീരതയോടുകൂടി പോരാടുവാൻ കായികവും മാനസികവുമായ ആവേശവും പ്രേരണയും അവ നൽകിയിരുന്നിരിക്കണം. വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും സമന്വയമായ ഇത്തരം ശാസ്ത്രീയ കലകൾ ഭാരതത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലും നിലനിന്നിരുന്നെങ്കിലും അവയിൽ പലതും നാമാവശേഷമായി. ഓരോ കാലത്തും സംഭവിച്ച പരിവർത്തനങ്ങളും ഭരണപരമായ മാറ്റങ്ങളും അവയുടെ അധഃപതനത്തിന് കാരണമായിട്ടുണ്ട്. അതിലും പ്രധാനം പ്രേക്ഷകന്റെ ആസ്വാദന പ്രശ്നങ്ങളാണ്. ഏതു കലയും ജനങ്ങൾക്കിടയിൽ പ്രചരിച്ചാൽ മാത്രമേ കാലത്തിനൊത്ത് രൂപാന്തരപ്പെടുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ. ഇതിന് വേണ്ടത് അവയെക്കുറിച്ചുള്ള പരിജ്ഞാനമാണ്. കഥാപാത്രങ്ങളുടെ അവതരണഭാഷ മനസ്സിലാക്കാനുള്ള കഴിവും ആസ്വാദനശേഷിയും സാമാന്യ അനുവാചകർക്കുണ്ടാകണം. ഈ ആസ്വാദനശേഷി കേരളത്തിലെ ബഹുഭൂരിപക്ഷം ആളുകൾക്കും ഇല്ല എന്നതാണ് സത്യം.

## സാങ്കേതികവശങ്ങളെ കുറിച്ചുള്ള അജ്ഞത

അഭിനയത്തിന്റെ സാങ്കേതികാംശങ്ങൾ മനസ്സിലാക്കാതെ ശാസ്ത്രീയകലകൾ ആസ്വദിക്കാൻ പ്രയാസമാണ്. അതിനാൽ പൊതുജനങ്ങളെ ആദ്യം ശാസ്ത്രീയകലകളുടെ സാങ്കേതികകാര്യങ്ങൾ പഠിപ്പിക്കുകയാണ് വേണ്ടത്.

## മുദ്രകൾ

മുദ്രകളെക്കുറിച്ചുള്ള പരിജ്ഞാനം കഥകളി പോലുള്ള ശാസ്ത്രീയകലകളുടെ ആസ്വാദനത്തിന് അനിവാര്യമാണ്. സംസ്കൃതബഹുലമായ മണിപ്രവാള ഭാഷയിലുള്ള ശ്ലോകങ്ങൾ പിൻപാട്ടുകാർ പാടുമ്പോൾ നടൻ മുദ്രകളിൽക്കൂടി അതിനെ പ്രേക്ഷകനിൽ എത്തിക്കുന്നു. ഇതിനെയാണ് ചൊല്ലിയാട്ടം എന്നു പറയുന്നത്. ഇതിവൃത്തത്തിന്റെ ഭാഷയും മുദ്രകളെക്കുറിച്ചുള്ള സാമാന്യജ്ഞാനവും ഇല്ലാത്ത പ്രേക്ഷകർ കഥയറിയാതെ ആട്ടം കാണുകയാവും ചെയ്യുന്നത്. ഇതിന് പരിഹാരമായി വേണുജി തന്റെ കഥകളിമുദ്രാ നിഘണ്ടു[1] എന്ന കൃതിയിൽ കഥകളിയിലെ മുദ്രകളെ സാമാന്യവായനക്കാർക്ക് രേഖാചിത്രങ്ങളിൽക്കൂടെ പരിചയപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കുറച്ചധികം പുസ്തകങ്ങളുണ്ടായിട്ടുണ്ടെങ്കിലും അവ സാധാരണ ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നതാണ് സത്യം.

## നൃത്തം, നൃത്യം, നാട്യം

അവതരണസ്വഭാവമനുസരിച്ച് രംഗകലകളെ നൃത്തം, നൃത്യം, നാട്യം എന്നിങ്ങനെ മൂന്നു വിധമായി തരം തിരിക്കാം. താളലയത്തോടു കൂടിയ ചുവടുവയ്പുകളെ നൃത്തം എന്നു പറയുന്നു[2]. ഇതിൽ അഭിനയത്തിന്റെ അളവു കുറഞ്ഞിരിക്കും. കഥകളിയിലെ നൃത്തമാണ് കലാശങ്ങൾ. ഓരോ പദത്തി

**കഥകളി പോലെയുള്ള ശാസ്ത്രീയകലാരൂപങ്ങൾ ഇന്നും സാധാരണക്കാരിൽ നിന്നും വളരെ അകലെയാണ്. കഥയറി യാതെ ആട്ടം കാണുന്ന അവസ്ഥയിലേക്കും അതിന്റ പരിഹാരസാ ധ്യതകളിലേക്കുമാണ് ഈ ലേഖനം നമ്മെ കൊണ്ടുപോകുന്നത്.**



ന്റെയും ചൊല്ലിയാട്ടത്തിൽ ഓരോ ഖണ്ഡം തികയുമ്പോഴും കലാശമെടുക്കുന്നതാണ് കഥകളിയുടെ രീതി.

മോഹിനിയാട്ടം, ഭരതനാട്യം തുടങ്ങിയ കലകളിൽ താളലയത്തോടു കൂടിയുള്ള നൃത്തമുണ്ടെങ്കിലും പദാർത്ഥാഭിനയത്തോ ടുകൂടിയുള്ള നൃത്തത്തിനാണ് പ്രാധാന്യം. നൃത്യം എന്നത് പദാർത്ഥാഭിനയമാണ്[3]. അഭിനയത്തിൽ കൂടിയും നൃത്തത്തിൽ കൂടിയും ഒരു വാക്കിന്റെ അർത്ഥം വിശദീ കരിക്കുന്നു. ഇതിൽ നൃത്തത്തിനും അഭിന യത്തിനും തുല്യ പ്രാധാന്യം കാണും. നാട്യം വാക്യാർത്ഥാഭിനയമാണ്[4]. ഇതിൽ അഭിനയം കൂടുകയും നൃത്തം കുറയുകയും ചെയ്യുന്നു. രംഗാവതരണത്തിന്റെ ഏതു തല ത്തിലാണ് ഇവയുടെ ചേരുവ ഉണ്ടാക്കുന്നത് എന്നറിയേണ്ടത് കലാസ്വാദനത്തിന് സഹാ യകമാകും. ഇത്തരം വകഭേദങ്ങളെക്കുറിച്ച് പരിജ്ഞാനില്ലാത്ത പ്രേക്ഷകന്റെ മുന്നിൽ എല്ലാം ഭാവചലനങ്ങൾ മാത്രമാകുന്നു.

## ആംഗികം, വാചികം, സാത്വികം, ആഹാര്യം

മനസ്സിലുണ്ടാകുന്ന ആശയങ്ങളെ ശരീ രചലനങ്ങളിലൂടെ പ്രകടിപ്പിക്കുന്നതാണല്ലോ അഭിനയം. അഭിമുഖമായി നയിക്കുന്നു എന്നതാണ് അഭിനയം എന്ന പദത്തി നർത്ഥം. പാത്രത്തിന്റെ ഭാവങ്ങൾ പ്രേക്ഷ കരുടെ കൺമുന്നിലെത്തിക്കുന്നതിനുള്ള ഉപാധിയാണ് അഭിനയം[5]. ഏത് കലയിലാ യാലും അഭിനയം പ്രധാന ഘടകമാണ്. അഭിനയത്തിന് ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നീ നാല് അംശ ങ്ങളാണുള്ളത്. ഏതു നിലയിലും ആഹാ ര്യമാണ് ആ കലാരൂപം കാണുന്ന ആരെയും ആദ്യം ആകർഷിക്കുന്നത്. ആഹാര്യമെ ന്നാൽ വേഷവിധാനം എന്നർത്ഥം. ഓരോ കലയ്ക്കും അതിന്റേതായ വേഷവിധാനങ്ങ ളുണ്ട്. ആ വേഷവിധാനങ്ങളെക്കുറിച്ച് അറി വില്ലാത്ത പ്രേക്ഷകന് കലാരൂപങ്ങളുടെയോ കഥാപാത്രങ്ങളുടെയോ വ്യത്യാസം അറി യാൻ സാധിക്കുകയില്ല. ഉദാഹരണമായി കഥ കളിയിൽ ഓരോ കഥാപാത്രത്തിന്റെയും സ്വഭാവമനുസരിച്ച് അതിനനുയോജ്യമായി പച്ച, കത്തി, കരി, താടി, മിനുക്ക് എന്നീ വേഷഭേദങ്ങൾ ഉണ്ട്. ഇവ മുഖത്തെഴു ത്തിലും ആടയാഭരണങ്ങളിലും വരുന്ന ഭേദ ങ്ങളാണ്. ധർമപുത്രർ, അർജുനൻ, ഭീമൻ, നളൻ, കൃഷ്ണൻ, ശ്രീരാമൻ എന്നിങ്ങനെ നന്മയുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കു മ്പോൾ പച്ചവേഷവും രാവണൻ, ദുര്യോധ നൻ പോലുള്ള താമസ പ്രകൃതികളായ രാജാ ക്കന്മാരെ സൂചിപ്പിക്കുവാൻ കത്തിവേഷവും നല്കുന്നു. താടിയിൽത്തന്നെ ചുവന്ന താടി, വെളുത്ത താടി, കറുത്ത താടി എന്നീ ഭേദ ങ്ങളുണ്ട്. ദുശ്ശാസനനെപ്പോലെയുള്ള ദുഷ്ട ന്മാരെ അവതരിപ്പിക്കുവാൻ ചുവന്ന താടിയും ഹനുമാന് വെളുത്ത താടിയും കാട്ടാളന്മാരെ സൂചിപ്പിക്കുവാൻ കറുത്ത താടിയും ഉപയോ ഗിക്കുന്നു. രാക്ഷസികൾക്ക് കരിയും സ്ത്രീകൾ, ബ്രാഹ്മണർ, മഹർഷിമാർ എന്നി വർക്ക് മിനുക്കുമാണ് വേഷം. ഈ വേഷ ഭേദങ്ങളെക്കുറിച്ച് അറിയാതെ ഏതു സ്വഭാ വത്തിലുള്ള കഥാപാത്രമാണ് രംഗത്തു പ്രവേശിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാൻ പ്രയാസമാണ്. ഈ കഥാപാത്രങ്ങളുടെ വേഷവിധാനങ്ങൾ മാത്രമല്ല രംഗാവതരണ ത്തിന് ഉപയോഗിക്കുന്ന ഏതു വസ്ത്രവും ആഹാര്യത്തിൽ ഉൾപ്പെടും.

അഭിനയത്തിന്റെ മറ്റൊരു ഘടകമാണ് വാചികാഭിനയം. കഥകളി, ഭരതനാട്യം, മോഹിനിയാട്ടം, നാങ്ങ്യാർകൂത്ത് എന്നീ ശാസ്ത്രീയ കലകളിൽ വാചികം പിൻപാട്ടു കാർക്ക് ഏൽപ്പിച്ചിരിക്കുകയാണ്. ഉദാഹര ണമായി കഥകളിയിൽ 'കുവലയ വിലോ ചനേ ബാലേ ഭൈമി' എന്ന ഒരു ഖണ്ഡം രണ്ടിലധികം പ്രാവശ്യം പിൻപാട്ടുകാർ പാടി ത്തീരുമ്പോഴാണ് ആ ഖണ്ഡത്തിന്റെ അർത്ഥം അഭിനയത്തിൽ കൂടി, അതായത് നീലത്താമര-തുല്യം-കണ്ണ്-സംബോധന-ബാ ലിക-സംബോധന-ഭീമരാജാവ്-ന്റെ-പുത്രി- സംബോധന എന്നീ മുദ്രകൾ കൊണ്ടും മറ്റ് അംഗചലനങ്ങൾ കൊണ്ടും വിശദീകരിക്കു ന്നത്. ഇപ്രകാരം ചെയ്യുമ്പോൾ ഓരോ വാക്കിനോടൊപ്പം അതിന്റേതായ അഭിനയം തീരുന്നില്ല. അതു കാരണം വാക്കും അഭി നയവും കോർത്തിണക്കി അർത്ഥം മനസ്സി ലാക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് അനർത്ഥമാകും. ആദ്യം ഒരു ഖണ്ഡ ത്തിന്റെ അർത്ഥം മനസ്സിലാക്കുകയും പിന്നെ നടന്റെ അഭിനയത്തിൽക്കൂടെ തന്റെ ഭാവനയിൽ സഞ്ചരിക്കുകയും ചെയ്യുമ്പോ ഴാണ് ശരിയായ ആസ്വാദനം ഉണ്ടാകുന്നത്. ഇതിന് പാട്ടിന്റെ അർത്ഥവും മുദ്രകളുടെ അറിവും ലഭിക്കേണ്ടത് അത്യാവശ്യമാണ്. ഇത് മറ്റുള്ളവരുടെ സഹായം കൊണ്ടോ പരി ശീലനം കൊണ്ടോ മനസ്സിലാക്കാ വുന്നതാണ്.

നാട്യശാസ്ത്രത്തോട് വളരെയടുത്തു നിൽക്കുന്ന കൂടിയാട്ടം സാധാരണ ജനങ്ങളിൽ നിന്ന് അകന്നു പോകാനുള്ള പ്രധാനകാരണം അതിലെ വാചികം തന്നെ. കൂടിയാട്ടത്തിലെ ഇതിവൃത്തത്തിന്റെ ഭാഷ സാധാരണക്കാരന് മനസ്സിലാകാത്ത സംസ്കൃതവും പ്രാകൃതവുമാണ്. ഈ പോരായ്മ മനസ്സിലാക്കിയ കുലശേഖരന്റെ സദസ്യനായിരുന്ന തോലൻ (അതുലൻ) എന്ന കവി 9-ാം ശതകത്തിൽ കൂടിയാട്ടത്തിൽ വാചികാഭിനയത്തിന് പ്രാധാന്യമുള്ള കഥാപാത്രമായ വിദൂഷകനെ സൃഷ്ടിച്ച് അതുവഴി ആ കലയെ സാധാരണജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമിച്ചു. നായകൻ ചൊല്ലുന്ന ശ്ലോകങ്ങൾക്ക് പ്രതിശ്ലോകം ചൊല്ലിക്കുകയും മലയാളം സംസാരിപ്പിക്കുകയും ചെയ്തു. ആരെയും വിമർശിക്കുവാനും പരിഹസിക്കുവാനുമുള്ള അവകാശം വിദൂഷകന് നല്കി. തന്റെ പ്രയത്നം സഫലമാക്കുവാൻ എല്ലാവർക്കും മനസ്സിലാകുന്ന നാടൻ ഭാഷയും ലോകധർമിയായുള്ള മുദ്രകളും ഉപയോഗിക്കുവാൻ തുടങ്ങി. വാചികം മനസ്സിലാക്കാൻ സാധിക്കുന്നതിലൂടെ സാധാരണ ജനങ്ങൾ വളരെ വേഗം കൂടിയാട്ടത്തിലേക്ക് ആകർഷിക്കപ്പെടുകയും ഈ കല ആസ്വദിക്കാൻ തുടങ്ങുകയും ചെയ്തു.



അതുപോലെ വാചികത്തിന് പ്രാധാന്യം നൽകുന്ന മറ്റു ചില കലാരൂപങ്ങളാണ് ചാക്യാർകൂത്ത്, തുള്ളൽ മുതലായവ. ഇതിലെ സംഭാഷണങ്ങളെല്ലാം നല്ല നാടൻ ഭാഷയിൽ വിസ്തരിച്ച് വ്യാഖ്യാനിക്കുന്നതുകൊണ്ട് കുട്ടികളടക്കം എല്ലാവർക്കും കേട്ടു രസിക്കുവാൻ പറ്റും. ചാക്യാർകൂത്തിലെ നടൻ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ ഫലിതത്തോടെ ആരുടെ മുന്നിലും പറഞ്ഞുഫലിപ്പിക്കുന്നതിനാൽ ഇതിന് സാമൂഹിക സാംസ്കാരിക പ്രാധാന്യവും കൈവന്നിട്ടുണ്ട്. നടന്റെ മനോധർമം അനുസരിച്ച് അനുദിനം നടന്നു കൊണ്ടിരിക്കുന്ന സംഭവ വികാസങ്ങളെ വിലയിരുത്തുകയും അതിനെ പറഞ്ഞുകൊണ്ടിരിക്കുന്ന കഥയോട് ബന്ധിപ്പിച്ച് ഫലിതാത്മകമായി ആവിഷ്കരിക്കുകയും ചെയ്യുമ്പോൾ ആരും ആ കലാരൂപത്തിലേക്ക് ആകർഷിക്കപ്പെടും. ഇങ്ങനെ സാധാരണജനങ്ങളെ കലാസ്വാദനത്തിലേക്ക് നയിക്കുന്ന പ്രധാനഘടകം വാചികമാണെന്ന് വീണ്ടും എടുത്തു പറയേണ്ടതില്ലല്ലോ.

അംഗോപാംഗ, പ്രത്യംഗ ചലനങ്ങളിലൂടെയുള്ള അഭിനയമാണ് ആംഗികം എന്ന് നേരത്തെ പറഞ്ഞുവല്ലോ. കൈമുദ്രകളും കലാശങ്ങളും എല്ലാം തന്നെ ഈ വിഭാഗത്തിൽപ്പെടും.

ആംഗിക വാചികാഹാര്യാഭിനയങ്ങളെ എല്ലാം ജീവസ്സുറ്റതാക്കുന്ന മനസ്സിന്റെ സാന്നിദ്ധ്യമാണ് സാത്വികാഭിനയം. സ്തംഭം, സ്വേദം തുടങ്ങിയവയുടെ അഭിനയത്തിൽ സാത്വികാഭിനയം വ്യക്തമാകുന്നു. അഭിനയം സാധിക്കുന്നത് ഈ നാലുവിധത്തിലൂടെയാണ്.

## ലോകധർമി, നാട്യധർമി

ലോകത്തിൽ മനുഷ്യർ എങ്ങനെ പെരുമാറുന്നുവോ അതിനെ അങ്ങനെ തന്നെ നടന്മാർ അഭിനയിക്കുന്നതാണ് ലോകധർമി[6]. ദൈനംദിന ജീവിതത്തിൽ താൻ തന്നെ ചെയ്യുന്ന കാര്യം നടൻമാർ പ്രതിഫലിപ്പിക്കുമ്പോൾ അതു മനസ്സിലാക്കാൻ ഏതു പ്രേക്ഷകനും സാധ്യമാകുന്നു. ലോകധർമിയിൽ നിന്നും തികച്ചും വിപരീതമാണ് നാട്യധർമി. ഏതൊരു ആശയമായാലും വസ്തുവായാലും അതിനെ കൃത്രിമമായ അഭിനയത്തിലൂടെ യഥാർത്ഥ പ്രതീതി ജനിപ്പിച്ച് പ്രേക്ഷകരിൽ എത്തിക്കുകയാണ് നാട്യധർമി ചെയ്യുന്നത്. ഇവിടെ ആസ്വാദനം ഓരോ പ്രേക്ഷകന്റെയും മനോധർമം പോലെയാണ്. പ്രേക്ഷകന്റെ ഭാവന ഉണർത്തുന്നത് ഈ നാട്യധർമിയാണ്[7]. നടന്റെ സർവാവയവങ്ങളുടെയും ചലനങ്ങളിലൂടെ സൃഷ്ടിക്കുന്ന വസ്തു നോക്കിക്കാണാൻ പ്രേക്ഷകന് ഭാവന ഉണ്ടാകണം. അതിന് കലാകാരന്റെയും ആസ്വാദകന്റെയും പക്ഷത്തുനിന്ന് ബോധപൂർവമായ പരിശ്രമമാണ് വേണ്ടത്. നാട്യധർമിയെക്കുറിച്ച് പരിജ്ഞാനമുള്ള പ്രേക്ഷകന് മാത്രമേ ഇങ്ങനെയുള്ള കലയെ പരിപൂർണമായി ആസ്വദിച്ച് ഭാവനയിൽ സഞ്ചരിക്കാൻ സാധിക്കുകയുള്ളു. അല്ലാത്ത പക്ഷം നാട്യധർമിക്കനുസൃതമായിട്ടുള്ള നീണ്ട അഭിനയങ്ങൾ വിരസത ഉണ്ടാക്കും.

## പുരാണകഥകൾ

ശാസ്ത്രീയകലകൾ ഏറെയും ഇന്നും പുരാണകഥകളെത്തന്നെയാണ് ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്. പുരാണകഥകൾ പരിചയമില്ലാത്ത പുതിയ തലമുറ ഇക്കാരണം കൊണ്ടുതന്നെ ശാസ്ത്രീയ കലകളിൽ നിന്ന് അകന്നുപോയേക്കാം.

## അവതരണവും ആസ്വാദനവും– പണ്ടത്തെ രീതി

പണ്ട് ജനങ്ങളുടെ വിനോദം മതപരമായ ആചാരാനുഷ്ഠാനങ്ങളോടനുബന്ധിച്ചു നടത്തപ്പെട്ടിരുന്ന ഉത്സവങ്ങളായിരുന്നു. അങ്ങനെയാണ് ശാസ്ത്രീയ കലകൾ വളർന്നതും. രാത്രി ഒമ്പതുമണി മുതൽ രാവിലെ ആറുമണിവരെയുള്ള സമയദൈർഘ്യത്തിൽ രാത്രിയുടെ ഓരോ യാമങ്ങളെയും ആസ്പദമാക്കിയായിരുന്നു അവ അവതരിപ്പിച്ചിരുന്നത്. രാത്രി മുഴുവൻ ആളുകൾ ഉത്സവപ്പറമ്പുകളിൽ ആട്ടവിളക്കിന് മുന്നിലിരുന്ന് കല ആസ്വദിക്കുമായിരുന്നു. അരണ്ട വെളിച്ചത്തിൽ കാണുന്ന നടന്റെ അഭിനയത്തോടൊപ്പം പ്രേക്ഷകന്റെ ഭാവനയും ഉണർന്നുയർന്ന് അവിസ്മരണീയമായ അനുഭവമായി ആസ്വാദനം പരിണമിക്കുന്നു. ഇവിടെ ആസ്വാദനം സ്വാഭാവികമായിത്തന്നെ സംഭവിക്കുന്നു. എന്നാൽ ചാക്യാർകൂത്ത് പകൽ സമയങ്ങളിലും നടത്തിയിരുന്നു. ഇവ കൂടാതെ കൂട്ടുകുടുംബവ്യവസ്ഥിതി നിലവിലിരുന്നപ്പോൾ മുതിർന്നവർക്കും ഇളം തലമുറയ്ക്കും തമ്മിൽ ആശയവിനിമയം നടത്തുവാൻ വേണ്ടത്ര സമയം ലഭിച്ചിരുന്നു. അതു മാത്രമല്ല അവർ കുടുംബത്തോടൊപ്പം ഉത്സവപ്പറമ്പുകളിൽ ചെന്ന് കല ആസ്വദിച്ചിരുന്നു. അപ്പോൾ ശാസ്ത്രീയ കലകളുടെയും മറ്റു കലകളുടെയും ആസ്വാദനരീതി കാരണവൻമാർ ഇളം തലമുറയ്ക്ക് പകർന്നു കൊടുത്തിരുന്നു.

## അവതരണവും ആസ്വാദനവും– ഇന്നത്തെ രീതി

ഇന്നു രാത്രികാലങ്ങളിൽ അമ്പലമുറ്റത്ത് ചെന്നിരുന്ന് കലാവതരണം കാണുന്നത് സാധാരണമല്ലാതായിരിക്കുന്നു. ക്ഷേത്രാങ്കണങ്ങളിൽ അവതരിപ്പിച്ചിരുന്ന ശാസ്ത്രീയ കലകൾ പലതും കഥകളി ക്ലബ്ബുകളിലും ഫൈൻ ആർട്ട്സ് സൊസൈറ്റികളിലും കലാശാലാ ആർട്ട്സ് ക്ലബ്ബുകളിലും അവതരിപ്പിച്ചു പോരുന്നു. ഇത്തരം സ്ഥലങ്ങളിൽ

പോകാനാണ് ജനങ്ങൾ താത്പര്യപ്പെടുന്നത്. അതും പ്രേക്ഷകന് സൗകര്യപ്പെടുന്ന സമയങ്ങളിൽ മാത്രം. കൂടാതെ ദൂരദർശൻ പോലുള്ള ആധുനിക മാധ്യമങ്ങളുടെ ആവിർഭാവത്തോടെ വീട്ടിലിരുന്നു തന്നെ കല ആസ്വദിക്കാമെന്നായി. ഇവിടെ ആസ്വാദകരെ കണ്ടിട്ടല്ല കല അവതരിപ്പിക്കുന്നത്. നടനും പ്രേക്ഷകനും തമ്മിലുള്ള ബന്ധത്തിന് മാറ്റം സംഭവിച്ചിരിക്കുന്നു. അവർക്ക് തമ്മിൽ നേരിട്ടുള്ള ബന്ധം ഉണ്ടാകുന്നില്ല. ഇത് നടന്റെ മനോധർമ പ്രകടനങ്ങളെയും മറ്റ് കഴിവുകളെയും നശിപ്പിക്കുന്നു. പ്രേക്ഷകനാകട്ടെ ഏകാന്തതയിൽ നിന്ന് വിരസതയിലേക്ക് വഴുതി വീഴുന്നു.

ക്ഷേത്രങ്ങളിൽ ഏഴും എട്ടും ദിവസങ്ങളിലായി നടത്തിയിരുന്ന കഥകളി പോലുള്ള കലാരൂപങ്ങൾ ഇന്ന് നാമമാത്രമായിത്തീർന്നു. ഒരു കാലത്ത് ക്ഷേത്രങ്ങളിൽ ശാസ്ത്രീയ കലകൾക്കുണ്ടായിരുന്ന സ്ഥാനം ഇന്ന് നാടകങ്ങളും ഗാനമേളകളും സിനിമാറ്റിക് ഡാൻസ് പോലുള്ള നൃത്തരൂപങ്ങളും കരസ്ഥമാക്കിയിരിക്കുന്നു. ശാസ്ത്രീയകലകൾ മിക്കവാറും സാമാന്യജനങ്ങൾക്ക് മനസ്സിലാകാത്ത കലാരൂപങ്ങളായി മാറിയിരിക്കുന്നു.

ദ്രുതഗതിയിലാണല്ലോ ഇപ്പോഴത്തെ മനുഷ്യജീവിതം. അതിന്റെ വേഗതയിൽ അടിപ്പെട്ട് ശ്വാസം മുട്ടുമ്പോൾ മനുഷ്യൻ അക്ഷമനും അസ്വസ്ഥനുമാകുന്നു. കൂടാതെ അണുകുടുംബസമ്പ്രദായമായപ്പോൾ മുതിർന്നവരും ഇളം തലമുറയും തമ്മിലുള്ള ആശയവിനിമയത്തിന് സമയവും സാഹചര്യവും ഇല്ലാതാവുന്നു. ഈ കാരണങ്ങൾ അനുവാചകരെ ശാസ്ത്രീയ കലകളുടെ ആസ്വാദനത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു.

## പരിഹാരങ്ങൾ

ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ ഈ കലകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയാണ് വേണ്ടത്. 'മനസ്സിലാക്കാത്തത് നന്നല്ല' എന്ന തോന്നൽ മാനസികമായ ഒരു പോരായ്മയാണ്. മനസ്സിലാക്കാനുള്ള സാഹചര്യം ഇല്ലാത്തപ്പോൾ ആ പോരായ്മ വളർന്ന് വെറുപ്പിലേക്ക് തന്നെ നയിക്കും. അതുകൊണ്ട് നമ്മുടെ ശാസ്ത്രീയ കലകളെക്കുറിച്ചും അവയുടെ മുദ്രകൾ, കഥകൾ, അഭിനയരീതി, അഭിനയ സങ്കേതങ്ങൾ, നൃത്ത ശില്പങ്ങൾ, വേഷവിധാനക്രമങ്ങൾ തുടങ്ങിയവയെക്കുറിച്ചും ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കണം. ചെറുപ്രായം മുതൽ തന്നെ അവ മനസ്സിലാക്കാനും അവയെ ബഹുമാനിക്കാനുമുള്ള സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്. അത് കണ്ടും കേട്ടും അറിയാനുള്ള സാഹചര്യമൊരുക്കണം. ശാസ്ത്രീയ കലകളെക്കുറിച്ചറിവുള്ളവർ അവയെ തങ്ങളുടെ വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുകയാണ് വേണ്ടത്. അതിനായി സമയം കണ്ടെത്തി പുരാണകഥകൾ പറഞ്ഞുകൊടുക്കുകയും കലാവേദികളിൽ ചെന്ന് മേളങ്ങൾ, തുള്ളൽ, കൂത്ത്, കൂടിയാട്ടം, കഥകളി മുതലായവ കാണിച്ച് ആസ്വാദനപരിചയം നേടിക്കൊടുക്കുകയും വേണം. അപ്പോൾ മാത്രമേ വിരസതയിൽ വീഴാതെ കല എങ്ങനെ ആസ്വദിക്കണമെന്ന് ബോധ്യമാകൂ.

ഇന്നത്തെ സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്നെയാണ് ഇതിന് മുൻകൈ എടുക്കേണ്ടത്. ശാസ്ത്രീയ കലാരൂപങ്ങളെപ്പറ്റിയുള്ള ലളിത ലേഖനങ്ങൾ പാഠപുസ്തകത്തിൽ ചേർക്കുകയും പ്രശസ്ത കലാകാരൻമാരുടെ ജീവചരിത്രം പഠിപ്പിക്കുകയും വിനോദയാത്രകളിൽ കേരള കലാമണ്ഡലം പോലെയുള്ള കലാകേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും വേണം. ഇവ കുട്ടികളിൽ അവരുടെ രാജ്യത്തിന്റെ സംസ്കാരത്തെക്കുറിച്ച് അഭിമാനമുളവാക്കുകയും കലാകാരൻമാരിൽ ആദരവ് വളർത്തുകയും ചെയ്യും. കൂടാതെ ശാസ്ത്രീയ കലകളും മറ്റു കലകളോടൊപ്പം ആസ്വദിക്കാൻ കഴിയുമെന്ന വിശ്വാസം അവരിലുണ്ടാക്കും.

സ്കൂളുകളിലും കോളേജുകളിലും കലോത്സവങ്ങൾ സംഘടിപ്പിക്കുമ്പോൾ ആ കലാരൂപത്തെക്കുറിച്ച് ലളിതമായ ക്ലാസുകൾ നടത്തുന്നത് പ്രയോജനകരമായിരിക്കും. അവ കുട്ടികൾക്ക് അടിസ്ഥാനപരമായ ആസ്വാദനബോധം നൽകാൻ സഹായകമാവുകയും ചെയ്യും.

സ്കൂളുകളിലും കലാലയങ്ങളിലും യുവജനോത്സവങ്ങൾ സംഘടിപ്പിക്കപ്പെട്ടതോടുകൂടെ എല്ലാ ശാസ്ത്രീയകലകൾക്കും നല്ല പ്രചാരം ലഭിക്കുന്നുണ്ട്. എന്നാലും സമ്മാനം മാത്രം ലക്ഷ്യമാക്കി അവതരിപ്പിക്കുന്നതുകൊണ്ട് അവയുടെ ഗൗരവ സ്വഭാവം നഷ്ടപ്പെട്ടുപോകുന്നു.

ശാസ്ത്രീയ കലകൾ പലതും മതസിദ്ധാന്തങ്ങളെ ആസ്പദമാക്കി ഭക്തിമാർഗത്തിലൂടെ വളർന്നുവന്നവയാണ്. ഇപ്പോൾ അവ മതത്തിന്റെ ചട്ടക്കൂടുകളിൽ നിന്നു പുറത്തുവന്ന് കേവലം ആസ്വാദനത്തിന് വേണ്ടി മാത്രമുള്ളവയായി. ഒരു കാലത്ത് ജനങ്ങൾ കലാസ്വാദനത്തിനായി അതിന്റെ പിന്നാലെ ചെന്നിരുന്നു. ഇപ്പോൾ ആസ്വാദകരെ തേടി കലയും കലാകാരനും ചെല്ലേണ്ടിവന്നിരിക്കുന്നു. അതും ശാസ്ത്രീയ കലകളെക്കുറിച്ച് യാതൊരു പരിജ്ഞാനവുമില്ലാത്ത സാധാരണജനങ്ങൾക്കിയിലാണ് ഈ അന്വേഷണം. ജനങ്ങളുടെ ഇന്നത്തെ ജീവിത സാഹചര്യവുമായി കലയെ കൂട്ടിയിണക്കാൻ നടത്തുന്ന ശ്രമം പലപ്പോഴും കലയുടെ മൗലികത നഷ്ടപ്പെടുത്തുന്നു. മറിച്ച് അതിന്റെ അടിസ്ഥാന സാങ്കേതിക മേന്മകളിൽ ഉറച്ചുനിന്നു കൊണ്ട് തന്നെ നമ്മുടെ ദൈനംദിന ജീവിതത്തെയും, ജീവിത പ്രശ്നങ്ങളെയും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നയങ്ങളെയും ആസ്പദമാക്കി പുതിയ സമകാലിക ഇതിവൃത്തങ്ങൾ സ്വീകരിച്ച് പുതിയ കലാസൃഷ്ടികൾ രചിക്കണം. അതോടൊപ്പം ആസ്വാദന പരിശീലനവും നൽകുകയാണെങ്കിൽ കല വളർന്ന് ഫലപുഷ്ടിയാർജിക്കുക തന്നെ ചെയ്യും. “ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്, കലയുടെ പ്രയോജനത്തെക്കുറിച്ചുള്ള ബോധം, അതിലേക്ക് ആസ്വാദകനെ വലിച്ചടുപ്പിക്കുന്ന ആവിഷ്കാര ശൈലി എന്നിവയുടെ സമന്വയത്തിൽ നിന്നാണ് ഓരോ കലാ പ്രസ്ഥാനവും പിറക്കുക” എന്ന വാദം[8] ഇവിടെ സ്മരണീയമാണ്.



### അടിക്കുറിപ്പുകൾ


① വേണുജി, കഥകളി മുദ്രാ നിഘണ്ടു, തിരുവനന്തപുരം, കേരള സർക്കാർ, സാംസ്കാരിക വകുപ്പ്, 1994.

② നൃത്തം താളലയാത്രിതം, ധനഞ്ജയൻ, ദശരൂപകം I, 8, വാരാണസി: ചൗഖംബാ വിദ്യാഭവൻ, 1973

③ ശാർങ്ഗ ദേവൻ, സംഗീത രത്നാകാരം, IV, 2630, മദ്രാസ്, അഡയാർ ലൈബ്രറി, 1953.

④ അതിൽത്തന്നെ

⑤ നാരായണപ്പിഷാരടി, കെ.പി, ഭരതമുനിയുടെ നാട്യശാസ്ത്രം (വൃത്താനുവൃത്തം മലയാള പരിഭാഷ) പു-126-127, തൃശൂർ: കേരള സാഹിത്യ അക്കാദമി, 1996.

⑥ നാരായണപ്പിഷാരടി, കെ.പി, (വിവ) ഭരതമുനിയുടെ നാട്യശാസ്ത്രം I, തൃശൂർ: കേരള സാഹിത്യ അക്കാദമി, പു-446-468, 1996.

⑦ അതിൽത്തന്നെ

⑧ വത്സലാബേബി, എക്സ്പ്രഷനിസ്റ്റ് ശൈലിയിൽ ഒരു സമത്വവാദം, സംസ്കാര കേരളം, XIV-1 പു-32.




(കേരള സർവകലാശാല ഭാഷാശാസ്ത്ര വിഭാഗം ലക്ചററാണ് ലേഖിക.)

ഡോ. കവടിയാർ രാമചന്ദ്രൻ

# മേടത്തിന്റെ മടിയിൽപ്പിറന്നവൻ

സത്യത്തിന്റെ കരുത്താർജിച്ചുകൊണ്ട് ഭാവനയുടെ രഥമേറിയ കവിയാണ് വൈലോപ്പിള്ളി! അതിഭാവുകത്വത്തിന്റെ നടുക്കടലിലേക്ക് വായനക്കാരനെ വലിച്ചെറിയാത്ത ഈ കവിയുടെ 96 – ാം ജന്മദിനത്തിന്റെ മധുരം നുണയാൻ ഇക്കഴിഞ്ഞ മെയ് 11ന് നമ്മോടൊപ്പം അദ്ദേഹത്തിന്റെ ഒരുപിടി നല്ല കവിതകൾ മാത്രം!



ക്ലീഷേകൾ കൊണ്ട് കണ്ടംവച്ച കോട്ടുകൾ തീർക്കുന്ന ഗായകകവികളുടെ ഒരു വൻപടല മലയാളത്തിന്റെ കോലായിൽ തിങ്ങിപ്പൊങ്ങിയിരിക്കുന്നു. അവരിൽ പലർക്കും വൈലോപ്പിളളിയാകാനാണ് കൊതി; ആ കാവ്യശൈലി സ്വന്തമാക്കാനാണ് പൂതി! പക്ഷേ, ഈ കവികാമുകർ കൂരമ്പുകളെന്ന മട്ടിൽ തൊടുത്തുവിടുന്ന കാവ്യഭാവശകലങ്ങൾ പദകഞ്ചുകത്തിന്റെ മൃദൂഷ്മളപ്പകിട്ടു കാരണം മന്ദാരസൂനങ്ങളായിട്ടാണ് സഹൃദയമനസ്സിൽ ചെന്നുവീഴുന്നത്. അതറിയുന്ന മഹാകവി മാനത്തുദിച്ച സ്വർണക്കിണ്ണം കണക്ക് ചിരിക്കാറുണ്ട്; കഷ്ടം, കവനദുരന്തമോർത്ത് പൊൻ താരങ്ങൾക്കരികിലിരുന്ന് ചിറികോട്ടിച്ചിരിക്കുന്നുമുണ്ടാകാം.

സത്യസങ്കല്പങ്ങളുടെ പരിണയമാണ് കവിത. ഇവയിലൊന്നു മാത്രമെടുത്ത് കവിത പണിയുന്നവരുണ്ട്. അത്തരം കവിതകൾ പലപ്പോഴും പൊളിഞ്ഞു പോകാറുമുണ്ട്. കേവലകല്പനകളിൽ മെനഞ്ഞെടുത്തവയല്ല, വൈലോപ്പിള്ളിക്കവിതകൾ. വൈലോപ്പിള്ളിയുടെ ഓരോ കവിതയ്ക്കും ഉറവിട (source)മായി ഒരു സത്യമുണ്ടാകും. "പൂത്തുലഞ്ഞ രണ്ട് മുരിങ്ങാമരങ്ങൾ തൊടിയിൽ പരസ്പരം നോക്കിനിൽക്കുന്നത് കണ്ടിട്ട് അവർ അനുരക്തരാണെന്ന് ഞാൻ വിഭാവനം ചെയ്യും. ആ സങ്കല്പത്തിന് പിന്നിൽ ഒരു ശാസ്ത്രീയസത്യമുണ്ടാകും; പരാഗണമെന്ന സത്യം"– ജീവിതാന്ത്യത്തിന് കുറച്ചു മുമ്പുണ്ടായ മുഖാമുഖത്തിലാണ് വൈലോപ്പിള്ളി ഇപ്രകാരം പറഞ്ഞത്. സത്യത്തിന്റെ പിൻബലത്തോടെ, അനുഭവത്തിന്റെ അടിത്തറയോടെയാണ്, കവിതകളിലേറെയും അദ്ദേഹമെഴുതിയത്. അവയെല്ലാം പ്രസാദാത്മകങ്ങളായിരുന്നു. ജീവിതാഭിമുഖ്യവും ശുഭാപ്തിവിശ്വാസവും അവയിലെല്ലാം നിറഞ്ഞു നിന്നിരുന്നു.

അമ്മയെപ്പോലെ സ്നേഹം നിറഞ്ഞ ഒരു കൊച്ചുലോകം. ഇളവെയിലിൽ കുളിച്ചു നിൽക്കുന്ന നാട്ടിൻപുറം. പാലപ്പൂവിന്റെ മണത്തോടൊപ്പം ജീർണതയുടെ ഗന്ധവും ഈ ഗ്രാമത്തിൽ കലർന്നിരിക്കുന്നു. ജീർണഗന്ധം സംഭാവന ചെയ്തത് നഗരമാണ്. ആ ഗന്ധമേറ്റേറ്റ് ഗ്രാമദേവത അവശയായിരിക്കുന്നു. എങ്കിലും ആ ചുളിമുഖത്ത് ആർദ്രമായ ക്ഷമ ഇന്നും മിന്നുന്നുണ്ട്. ഒരു കള്ളൻ ആ നാട്ടിൻപുറത്ത് പങ്ങിപ്പങ്ങി നടക്കുന്നു. ഗ്രാമീണരുടെ ഭൗതികാത്മീയ സമ്പത്തുകളെ ഗൂഢമായി കവർന്നെടുക്കുന്ന കള്ളൻ. അവനാണ് ഗ്രാമനന്മകളെ മുഴുവൻ ചങ്ങലയ്ക്കിടാൻ വെമ്പുന്നവൻ. ആ ചങ്ങല മുട്ടിത്തട്ടിയുടയ്ക്കുന്ന ധീരസ്വരമാണ് ഗ്രാമത്തിലെ കൊല്ലന്റെ കൂടമടിയിൽ കവി കേൾക്കുന്നത്. (എന്റെ ഗ്രാമം)

കള്ളമാന്യതയുടെയും കാപട്യത്തിന്റെയും നെഞ്ചുകീറി നേരിനെ കാട്ടിയ കവിയാണ് വൈലോപ്പിള്ളി. താനുൾക്കൊള്ളുന്ന മധ്യവർഗത്തിന്റെ സമസ്തജാടകളും അദ്ദേഹം പുറത്തെടുത്തിട്ടു. ചുമ്മാകഷ്ടങ്ങൾ ഉരുവിട്ട് സഹതാപങ്ങൾ എഴുന്നള്ളിച്ച്

നടക്കുന്നവരുടെയും തത്ത്വനിരകളുടെ പൊത്തുകളിലൂടെ തലയൂരുന്നവരുടെയും ചെറ്റത്തരങ്ങൾ കാവ്യലാവണ്യത്തിന് ചോർച്ച വരാതെ കവി അനാവൃതമാക്കി. വെള്ളം ചേർക്കാത്ത കള്ളങ്ങളുടെ സമാഹാരമായ കരൾ–ആഢ്യമ്മന്യന്മാരുടെ തിരുഹൃദയം–ഞെക്കിപ്പിഴിഞ്ഞ് നിഷ്കിഞ്ചനവർഗം അവരുടെ കള്ളിൽച്ചേർത്ത് കുഞ്ഞുനാളമിളകെക്കുടിക്കുന്ന ചിത്രം 'കുടിയൊഴിക്കലി'ൽ വരച്ചിട്ടു. കവിയുടെ ചരമ (1985)ത്തിനു ശേഷം പ്രസിദ്ധീകരിച്ച 'കൃഷ്ണമൃഗങ്ങൾ' എന്ന കാവ്യസമാഹാരത്തിലുള്ള 'ഓണക്കാഴ്ച' എന്ന കവിതയിലെ രണ്ടു ഭാഗങ്ങളിതാ:

'നാണമെന്തിനു? മത്സരിക്കയാം മുതിർന്നോരും,
ഓണമേളയിൽ വീഴും ലക്ഷങ്ങൾ പെറുക്കുവാൻ'

സമകാലിക ജീവിതത്തെയും മുതിർന്നോരുടെ 'ലക്ഷബോധ'ത്തെയും ഇങ്ങനെ ഭർത്സിച്ചതിനു ശേഷം ഭരണകക്ഷിയെയും പ്രതിപക്ഷത്തെയും പക്ഷപാതമില്ലാതെ പരിഹസിക്കുന്നതു കാണുക:

'നിലവിട്ടടുത്തൂണിൽ നിസ്വർ മാഴ്കുമ്പോൾ ഇവർ
നിയമസഭാംഗത്തിൻ പെൻഷനെപ്പിൻതാങ്ങുവോർ!'

മേൽ കണ്ടതൊക്കെ പ്രകടമാക്കാനുള്ള 'തലക്കനം' വച്ചതിന് ഒരു കാരണം കവിയുടെ മനുഷ്യസ്നേഹമാണ്. തലക്കനത്തിന് മറ്റൊരു കാരണം വ്യുത്പത്തിയും. നമ്മുടെ പുരാണേതിഹാസങ്ങൾ, വിശ്വസാഹിത്യ രചയിതാക്കളായ മഹാപ്രതിഭകളുടെ കൃതികൾ തുടങ്ങിയവയുമായുണ്ടായ ചിരപരിചയം വിജ്ഞാനവികസനത്തിനും ഹൃദയവ്യാസത്തിനും നിമിത്തമായതായി കവി തന്നെ വെളിവാക്കിയിട്ടുണ്ട്. കാളിദാസകൃതികൾ കവിതയുടെ ഒരു പുതിയ ലോകം തുറന്നിട്ടു കൊടുത്തു. ആശാൻകവിതകളിൽ നിന്ന് ആത്മീയാനുഭൂതിയുടെ സൗമ്യ തീവ്ര സൗരഭങ്ങൾ നുകർന്നു. ഉള്ളൂരിന്റെ കാവ്യങ്ങളുടെ ഉള്ളെഴുത്തുകൾ ഉൾക്കൊണ്ടു. എന്നാൽ, കവിയുടെ രസനയിൽ തേനും വയമ്പും തേച്ചത് വള്ളത്തോൾക്കവിതയത്രെ. അങ്ങനെയങ്ങനെ ശ്രീധരമേനോനിലെ കവി ഊർജസ്വലനായി. അതോടെ കവനകൗതുകം ആതിരനിലാവായി; രചനയുടെ പാവുനെയ്ത്ത് പകൽവെട്ടമായി.

അഞ്ചുവയസ്സുകാരനായിരിക്കുമ്പോൾത്തന്നെ വടക്കൻപാട്ടിന്റെ ചന്തവും ചുണയുമുള്ള ഈണത്തിലലിഞ്ഞ് പാതിരാവു വരെ ഉറങ്ങാതെ കിടക്കാറുള്ളവനായിരുന്നു നമ്മുടെ കവി. പിന്നെപ്പിന്നെ പാടത്തുനിന്ന് അതേ പാട്ടുകൾ പാടിക്കേൾക്കുമ്പോഴും വീരാഹ്ലാദഭരിതനായി വഴിയരികിൽ നിന്നുപോയിട്ടുള്ളവനാണവൻ – 'കിലുങ്ങിപ്പൊങ്ങുമപ്പാട്ടിൽ കരൾ കോരിത്തരിച്ചു ഞാനലിഞ്ഞു...' (വടക്കൻ പാട്ട്), ആ പാട്ടിലെ തെളിമലയാളമാണ് അദ്ദേഹം കവിതയിൽ പകർത്താൻ ശ്രമിച്ചത്. 'പുളിയില നേർകരമുണ്ടുമടക്കിപ്പൂവുനിറച്ചാളമ്മാളു'– ഇതാണ് വൈലോപ്പിള്ളിക്കിഷ്ടമുള്ള ഭാഷാരീതി.

കോളേജിൽ പഠിക്കുമ്പോൾ ഇടപ്പള്ളിയിലുള്ള കരുണാകരമേനോന്റെ വീട്ടിൽ വച്ചാണ് ശ്രീധരമേനോൻ ഇടപ്പള്ളിക്കവികളെ കാണുന്നത്. രാഘവൻപിള്ളയുടെയും കൃഷ്ണപിള്ളയുടെയും കവിതകൾ അദ്ദേഹത്തെ വേണ്ടത്ര ആകർഷിച്ചില്ല. ആതിരരാവിൽ ഇടപ്പള്ളിയിലെ ഗാനകിന്നരന്റെ കവിതകൾ പാടി കന്യകമാർ കൈകൊട്ടിക്കളിക്കുന്ന ദൃശ്യം കുടിയൊഴിക്കലിലുള്ളത് ഓർമിക്കുക. ആടാനും പാടാനുമിണങ്ങുന്നതാണ് ഗാനകിന്നരന്റെ കവിതയെന്ന സൂചന കൂടെ അതിൽ ഉള്ളടക്കിയിട്ടുണ്ട്. മറിച്ച്, ജീവിതവേനലിന്റെ ചൂടും വെളിച്ചവും കവിതയ്ക്ക് വിഷയമാക്കിയ തന്റെ രചനകളുടെ നിസ്തുലമായ ഈടിനെപ്പറ്റി നിശ്ചിതമായ വിശ്വാസം വൈലോപ്പിള്ളി പുലർത്തുന്നുമുണ്ട്.

"മഴയെപ്പുകഴ്ത്തട്ടേ മണ്ഡൂകം, മാവിൻചുന
മണക്കും മേടത്തിന്റെ മടിയിൽപ്പിറന്ന ഞാൻ
സ്വർഗവാതിൽപ്പക്ഷിയോടൊപ്പമേ വാഴ്ത്തിപ്പാടു-
മുദ്ഗളം, മലനാട്ടു വേനലിന്നപദാനം!"

(വിഷുക്കണി)

ഇടപ്പള്ളിക്കവിതകളുടെ അതിഭാവുകത്വമോ അതിരുകടന്ന സ്വപ്ന സങ്കല്പനങ്ങളോ വൈലോപ്പിള്ളിക്കവിതയിലില്ല. പരാജയബോധമോ ആക്രോശമോ കാണാനില്ല. ജീവിതത്തോടും മരണത്തോടും മാറിമാറിയുള്ള അനുരാഗനിവേദനങ്ങളുമില്ല.

ഒരേകൊല്ലം (1911) പിറന്ന കവികളാണ് ചങ്ങമ്പുഴയും വൈലോപ്പിള്ളിയും. നൂറ്റകണക്കിന് കവികൾ പ്രേമഗായകനായ ചങ്ങമ്പുഴയുടെ പകർപ്പ് ഗുമസ്തന്മാരായി. ലക്ഷോപലക്ഷം ജനങ്ങളുമായി രമണാദികവിതകൾ സംവദിച്ചു. അപ്പോൾപ്പോലും ചങ്ങമ്പുഴക്കവിതയെ പിൻതുടരാൻ കൂട്ടാക്കാതെ ഏകനായി നീങ്ങിയ കവിയാണ് വൈലോപ്പിള്ളി. 'പുതുതാം നാനാജനവ്യാപാരം മുളകുപ്പു പൊതിയാൻ വലിച്ചെന്റെ പുസ്തകമെടുത്തേക്കാം' എന്ന് ആദ്യകാലത്ത് വൈലോപ്പിള്ളി സംശയിച്ചു പോയിട്ടുണ്ട്. എന്നിട്ടും തന്റേതായ കാവ്യാധ്വാവിൽ നിന്ന് അദ്ദേഹം മാറി നടന്നില്ല. അതു കൊണ്ടുണ്ടായ ഗുണം ഗണനീയവും ദൂരവ്യാപകവുമായി. മലയാളകവിതയിൽ കാല്പനികതയ്ക്ക് പിൻപ് മാറ്റത്തിന്റെ ആദ്യപാഠങ്ങൾ ഒച്ചപ്പാടില്ലാതെ പഠിപ്പിച്ച 'സംക്രമപുരുഷ'നായി, വൈലോപ്പിള്ളി മാഷ്. ഇത്തരത്തിൽ മറ്റൊരാളെപ്പറ്റി പറയാനാണെങ്കിൽ അത് ഇടശ്ശേരിയെക്കുറിച്ചാകും.

ഇടശ്ശേരിക്കവിതയോടാണ് ഏറെയിഷ്ടമെന്ന് വൈലോപ്പിള്ളി പറഞ്ഞിട്ടുണ്ട്. ഇടച്ചേരിക്കാരന്റെ ജീവിതപരിചയവും മനുഷ്യസ്നേഹവും സത്യസന്ധതയുടെ നാഡീബലവും നാടൻമൊഴിയുടെ ചാരുതയുമത്രെ ഇഷ്ടത്തിനാസ്പദം. ഇപ്പറഞ്ഞ ഗുണങ്ങൾ അതിലേറെ വൈലോപ്പിള്ളിക്കവിതയിലുമുണ്ട്. എന്നാൽ ഒന്നറിയുക. മാനവദുരിതങ്ങളെ ഭേദിച്ച് മുന്നേറുന്നതിനിടയിൽ ചോര പൊടിയുന്നതു കണ്ടാൽ കുടിയൊഴിക്കലെഴുതിയ കവിയുടെ നെറ്റി ചുളിയും, മിഴിയുരുകും. 'താണു നാമാദിമാനുഷരോളം' എന്ന് ആ ഹൃദയം വേപഥു കൊള്ളും; 'പോംവഴി മറ്റൊരു വിധമായിരുന്നെങ്കിൽ' എന്ന് പരിദേവനം ചെയ്യും. എന്നാൽ, ഇടശ്ശേരിയോ? വിശക്കുന്ന വയറുകൾക്ക് ഭക്ഷണത്തിനുള്ള വകയുമായി പായുന്നതിനിടയിൽ ചാടി വീഴുന്ന പുലിയുടെ പിടലിക്കുമേൽ ബുദ്ധപ്രതിമ മറിച്ചിട്ടായാലും ശരി കശാപ്പു ചെയ്യണമെന്ന കാര്യത്തിൽ പൊന്നാനിക്കവിക്ക് ലേശവും സംശയമില്ല. ഇത് കവിയുടെ ഉൾബലത്തിന്റെ കാര്യം. എന്നാൽ, കവിതയുടെ ഭാവചാരുതയിലും ബാഹ്യചാരുതയിലും ഒന്നാമൻ വൈലോപ്പിള്ളിയാണ്.

ഈടുവയ്പുകളുടെ ഈടും, നവഭാവങ്ങൾക്കനുസൃതമായ ഭാഷയുടെ കരുത്തും സൗന്ദര്യവും സാക്ഷാത്കരിക്കാൻ വൈലോപ്പിള്ളിക്ക് കഴിഞ്ഞു. കാലത്തിന്റെ എലുകകളെ അതിലംഘിക്കുന്ന കുറേ രചനകൾ മലയാളത്തിന് സമ്മാനിക്കാൻ വൈലോപ്പിള്ളിക്കൊപ്പം ഇടശ്ശേരിക്കും സാധിച്ചു. അതുകൊണ്ടാണ്, വൈലോപ്പിള്ളിക്കും ഇടശ്ശേരിക്കും ശേഷം സമശീർഷനായ മറ്റൊരു കവി മലയാളത്തിലുണ്ടായിട്ടില്ലെന്ന അപ്രിയസത്യം വിളിച്ചു പറയപ്പെട്ടത്.

**ഇടപ്പള്ളിക്കവിതകളുടെ അതിഭാവുകത്വമോ അതിരുകടന്ന സ്വപ്ന സങ്കല്പനങ്ങളോ വൈലോപ്പിള്ളിക്കവിതയിലില്ല. പരാജയബോധമോ ആക്രോശമോ കാണാനില്ല. ജീവിതത്തോടും മരണത്തോടും മാറിമാറിയുള്ള അനുരാഗനിവേദനങ്ങളുമില്ല.**



# നാളികേര ഉത്പാദനം ഇരട്ടിപ്പിക്കും



**മുല്ലക്കര രത്നാകരൻ**
*കൃഷിമന്ത്രി*

സംസ്ഥാനത്തെ നാളികേര ഉത്പാദനം ഒരു വർഷം കൊണ്ട് ഇരട്ടിയാക്കാൻ പദ്ധതി തയ്യാറാക്കുമെന്ന് കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു.

ഓരോ ജില്ലയ്ക്കും കൃഷിഭവനുകൾക്ക് പ്രവർത്തന, ഉത്പാദന രംഗങ്ങളിൽ ടാർജറ്റ് നൽകും.

നാളത്തെ ലോകത്തെ കർഷകന്റെ സാധ്യതകൾ ഉപയോഗിക്കാനും വെല്ലുവിളികളെ പ്രതിരോധിക്കാനും കർഷകരെ പ്രാപ്തമാക്കുന്ന നയപരിപാടികൾ ആവിഷ്കരിക്കും.

സമഗ്രജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തും. പ്രവാസി മലയാളി സമൂഹത്തിന്റെ സഹായത്തോടെ അന്താരാഷ്ട്ര വിപണനമേഖലകളിൽ പ്രവേശിക്കാൻ സംവിധാനം ഒരുക്കും.

പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും പുന:സംഘടിപ്പിച്ചും ഗവേഷണ പ്രവർത്തനങ്ങൾ ശക്തമാക്കിയും ഒഴിവുള്ള തസ്തികകളിൽ കൃത്യസമയത്ത് നിയമനം നടത്തിയും കാർഷിക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കും.

കാർഷിക രംഗത്തെ ഗുരുതരമായ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിക്കാൻ കൃഷിഭവനുകൾ കർഷകന്റെ ഹൃദയതാളമാകണമെന്ന് കൃഷിവകുപ്പുമന്ത്രി പറഞ്ഞു.

കർഷകന്റെ നിലവിളികേൾക്കാൻ നമുക്കാവണം. അതിന് പരിഹാരം കാണാൻ കഴിയണം. കർഷകരുടെ നിരന്തര സാന്നിധ്യവും കൂട്ടായ്മയും കൊണ്ട് കൃഷിഭവനുകൾ അവരുടെ ഹൃദയത്തിന്റെ ഭാഗമാകണം.

കർഷകനും കൃഷിവകുപ്പും തമ്മിലുള്ള അകലം കുറയണം. കൃഷിഭവൻ കർഷകരുടേതെന്ന അവബോധം സൃഷ്ടിക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയണം. അങ്ങനെ കാർഷിക രംഗത്തുണ്ടായിരുന്ന കൂട്ടായ്മയും സന്തുഷ്ടിയും സമൃദ്ധിയും തിരിച്ചുകൊണ്ടുവരണം. കാർഷികവൃത്തിയുടെ തകർച്ച സമൂഹത്തിന്റെ തകർച്ചയാണ്.

കാർഷിക പദ്ധതികളുടെ ഗുണം യഥാർത്ഥ കർഷകന് ലഭ്യമാകണം. നിർവഹണം സുതാര്യമാവണം. അത് ജനങ്ങൾക്ക് ബോധ്യപ്പെടുകയും വേണം.

സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ നടന്ന ഉന്നത കൃഷി ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും അഞ്ചുവർഷത്തിനുള്ളിൽ ഭൂമിയും പാർപ്പിടവും വെള്ളവും വെളിച്ചവും നൽകുമെന്ന് പട്ടികജാതി-വർഗ പിന്നോക്ക വിഭാഗക്ഷേമ വൈദ്യുതി മന്ത്രി എ.കെ.ബാലൻ പറഞ്ഞു.

പാവങ്ങളിൽ പാവങ്ങളായ ആദിവാസി സമൂഹത്തിന്റെ പ്രതീക്ഷയായ വകുപ്പിനെ സേവന തത്പരതയോടെ കാണണം. അതിനുപോറലേറ്റാൽ ഒരു സമൂഹത്തെയാകെ അത് ബാധിക്കും. സമയബന്ധിതമായും സത്വരമായും പ്രവർത്തിച്ച് ആദിവാസി സമൂഹത്തെ സംരക്ഷിക്കേണ്ടതുണ്ട്.

പട്ടികവർഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വേണ്ടത്ര ഹോസ്റ്റലുകളുമില്ല, ഉള്ള സ്ഥലങ്ങളിൽ താമസിച്ചു പഠിക്കാനുള്ള സൗകര്യവുമില്ല. ഇത് സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കും. ജൂൺ 15ന് ലഭ്യമാകത്തക്കവിധം കുട്ടികൾക്ക് സ്റ്റൈപ്പെന്റ് അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് നൽകുന്ന

# കൃഷിക്ക

സംസ്ഥാനത്തെ കൃഷിക്കാർക്ക് സംരക്ഷണം നൽകാതെ മുന്നോട്ടു പോകാനാവില്ലെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ. കാപ്പിക്കും കുരുമുളകിനും നാളികേരത്തിനും നല്ല വിലയുണ്ടായിരുന്ന കാലത്ത് കൃഷിക്കാരെ അഭിനന്ദിച്ചവരാണ് ധനകാര്യസ്ഥാപനങ്ങൾ. കാർഷിക വിലയിടിവുകൊണ്ട് കർഷകർ ദുഃഖിച്ചപ്പോൾ ഒരു കാലത്തെ സേവനം ഓർത്ത് സഹായിക്കാൻ ധനകാര്യസ്ഥാപനങ്ങൾ നടപടി എടുത്തില്ല. അതുകൊണ്ടുകൂടിയാണ് ഇവിടെ കർഷകമരണങ്ങൾ ഉണ്ടായത്.

കാർഷിക കടാശ്വാസം സംബന്ധിച്ച് സംസ്ഥാനത്തെ സഹകരണബാങ്കിംഗ് സ്ഥാപനങ്ങളുമായി നടന്ന ചർച്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

കേരളത്തിൽ അങ്ങിങ്ങായി ഇപ്പോഴും നടക്കുന്ന കർഷക ആത്മഹത്യകൾക്ക് കാരണം ബ്ലേഡ് മാഫിയകളാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ന്യായമായ ധനകാര്യസ്ഥാപനങ്ങൾ ഇതിന് കാരണക്കാരല്ല.

കാർഷികവൃത്തിയിൽ കൊല്ലങ്ങ

# ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും പാർപ്പിടവും



എ.കെ.ബാലൻ
*പട്ടികജാതി-വർഗ ക്ഷേമ മന്ത്രി*

തുക 900 രൂപയായും പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 600 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. ഈ വിഭാഗത്തിലെ കുട്ടികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ സത്വരമായി പരിഹരിക്കാൻ സംവിധാനമുണ്ടാക്കും. ആറളം ഭൂമി പ്രശ്നം സംബന്ധിച്ച് ജൂലൈ ആദ്യവാരം ആഭ്യന്തര-റവന്യൂ-പട്ടികജാതി/വർഗ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ നടക്കുന്ന യോഗത്തിൽ സമവായത്തോടെ തീരുമാനമെടുക്കും.

പട്ടികവർഗവികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ പട്ടികജാതി/വർഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റൊമാനസ് ഹോറോ, പട്ടികവർഗവികസന വകുപ്പ് സെക്രട്ടറി സുധാകരൻ എന്നിവർ സംബന്ധിച്ചു.



# ാരെ സംരക്ഷിക്കും മുഖ്യമന്ത്രി




ദീപക്

ളായി നടന്നുവന്ന തകർച്ചയാണ് കർഷകരുടെ ആത്മഹത്യകളിൽ കലാശിച്ചത്. ആഗോളവത്കരണ നയസമീപനത്തിന്റെ ഭാഗമായി നടന്ന ഇറക്കുമതിച്ചുങ്കമില്ലാത്ത ഇറക്കുമതികൾ കർഷകന്റെ അദ്ധ്വാനത്തിന്റെ വില ചോർത്തിക്കളഞ്ഞു. കൃഷിക്കാരൻ കടക്കെണിയിലായി. വിളവെടുപ്പിനൊപ്പം ജപ്തിഭീഷണിയും വന്നു.

സംസ്ഥാനത്ത് 1500-ൽ അധികം കർഷകരാണ് ജീവനൊടുക്കിയത്. ആത്മഹത്യ ചെയ്തവരുടെ ജീവിച്ചിരിക്കുന്ന ബന്ധുക്കളും മരണത്തിന്റെ വഴിക്ക് പോകാതെ അവരെ രക്ഷിക്കേണ്ടതുണ്ട്.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലെത്തിയ ശേഷം ആത്മഹത്യകളിലേക്ക് നയിച്ച കാർഷിക പ്രതിസന്ധിയുടെ പരിഹാരത്തിന് നടപടി കൈക്കൊണ്ടുവരുന്നതായി മുഖ്യമന്ത്രി പറഞ്ഞു. ചില സഹായങ്ങൾ പ്രഖ്യാപിച്ചു കഴിഞ്ഞു. ആത്മഹത്യ ചെയ്തവരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടം ദേശസാത്കൃത ബാങ്കുകൾ എഴുതിത്തള്ളുകയാണ്. കർഷകരുടെ സഹായം സംബന്ധിച്ച് പ്രധാനമന്ത്രിയെയും കണ്ടു പറയും. സഹകരണ ധനകാര്യ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഇനി പ്രത്യേക താത്പര്യം ഉണ്ടാവണം.

ദർബാർ ഹാളിൽ നടന്ന യോഗത്തിൽ ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക്, സഹകരണമന്ത്രി ജി. സുധാകരൻ, കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ, റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ, അഡിഷണൽ ചീഫ് സെക്രട്ടറി ജോൺ മത്തായി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ജോസ് സിറിയക്, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഷീലാ തോമസ്, സംസ്ഥാന ജില്ലാ സഹകരണ ബാങ്കിംഗ് സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.



2006-2007-ലെ പുതുക്കിയ ബജറ്റ് ധനമന്ത്രി ഡോ. തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിക്കുന്നു.

സ്വാശ്രയ ബിൽ സംബന്ധിച്ച് മുഖ്യ മന്ത്രി വി.എസ്. അച്യുതാനന്ദൻ വൈസ്ചാൻസലർമാരുമായി ചർച്ച നടത്തുന്നു.



കാർഷിക കടാശ്വാസം സംബന്ധിച്ച് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ധനകാര്യ സ്ഥാപന പ്രതിനിധികളുമായി ചർച്ച നടത്തുന്നു.





നഗരസഭാ മേയർമാരുമായി തദ്ദേശഭരണ മന്ത്രി
പാലൊളി മുഹമ്മദ്കുട്ടി ചർച്ച നടത്തുന്നു.



തീരദേശത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് തീരദേശ എംഎൽഎ മാരുമായി
റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ ആശയവിനിമയം നടത്തുന്നു.




വായനവാരാചരണത്തോടനുബന്ധിച്ച്
നടന്ന സെമിനാർ വനം
വകുപ്പ് മന്ത്രി ബിനോയ് വിശ്വം
ഉദ്ഘാടനം ചെയ്യുന്നു.

## ‘ഒരു ദേശത്തിന്റെ കഥ’- ശബ്ദസാക്ഷാത്കാരം വ്യത്യസ്ത അനുഭവം!


എസ്.കെ. പൊറ്റെക്കാടിന്റെ വിശ്രുതമായ ‘ഒരു ദേശത്തിന്റെ കഥ’ എന്ന ജ്ഞാനപീഠം പുരസ്കാരം നേടിയ നോവൽ കഴിഞ്ഞ ഒരു വർഷമായി തികച്ചും വ്യത്യസ്തമായ ഒരു റേഡിയോ അനുഭവമായിത്തീർന്നിരിക്കുന്നു. അനുഗൃഹീത നടൻ നെടുമുടി വേണു ‘ഒരു ദേശത്തിന്റെ കഥ’ റേഡിയോയിൽ വായിക്കാൻ തുടങ്ങിയിട്ട് ഒരു വർഷം തികഞ്ഞു. അതിരാണിപ്പാടത്തെ ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ നെടുമുടി വേണു എല്ലാ വ്യാഴാഴ്ചയും രാവിലെ 7.05ന് നമുക്കായി തന്റെ സ്വതസിദ്ധമായ ശൈലിയിൽ കേൾപ്പിക്കുന്നു. ആഗസ്റ്റ് മാസത്തോടെ നെടുമുടി വേണു അതിരാണിപ്പാടത്തെ കൃഷ്ണൻമാസ്റ്ററുടെയും കുഞ്ഞിക്കേളു മേലാന്റെയും കോരൻ ബട്ലറുടെയും കുളൂസ് പറങ്ങോടന്റെയും അവരിലൊരാളായി ജീവിച്ച കഥാനായകൻ ശ്രീധരന്റെയും കഥകൾ പറഞ്ഞു തീർക്കും. ആകാശവാണി തിരുവനന്തപുരം നിലയത്തിലെ സാഹിത്യപ്രക്ഷേപണങ്ങളിൽ മികവുറ്റ പരിപാടിയായി ഇത് വിലയിരുത്തപ്പെടുന്നു.



## ശുചിയാക്കാൻ ഇനി $TiO_2$

വീട് വൃത്തിയാക്കി നടുവൊടിഞ്ഞുവോ? 2011-മാണ്ടാകുമ്പോഴേക്ക് നിങ്ങൾക്ക് വീണ്ടും വീണ്ടും വീട് വൃത്തിയാക്കേണ്ടി വരില്ല. ഒരു സ്വിച്ചമർത്തുകയേ വേണ്ടൂ. വീടും ബാത്ത്റൂമും ഒക്കെ വൃത്തിയാക്കാൻ വീടിന്റെ പ്രതലത്തിൽ ടൈറ്റാനിയം ഡൈ ഓക്സൈഡ് വേണം എന്നുമാത്രം.

$TiO_2$ പാർട്ടിക്കിൾസിൽ ലൈറ്റടിക്കുമ്പോൾ സ്വതന്ത്ര ഇലക്ട്രോൺ പോസിറ്റീവ് ചാർജ് ഉണ്ടാകുകയും അവ അന്തരീക്ഷത്തിലെ വായുവും നീരാവിയുമായി പ്രതിപ്രവർത്തിച്ച് ജൈവിക ഘടകങ്ങളായി വിഘടിക്കുകയും അന്തരീക്ഷത്തിലെ മാലിന്യങ്ങളെ ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്. നാനോ ടെക്നോളജിയാണ് ഒരു സ്വപ്നം പോലെ തോന്നുന്ന ഈ വസ്തുത യാഥാർത്ഥ്യമാക്കുന്നത്.









## റംഗ്‌വെസിബസ് കിപുഞ്ചി

83 വർഷങ്ങൾക്കുശേഷം പുതിയ ഇനം കുരങ്ങ
ങ്ങിനെ ടാൻസാനിയയിലെ കാടുകളിൽ ശാസ്ത്ര
ജ്ഞർ കണ്ടെത്തി. സമുദ്രനിരപ്പിൽ നിന്ന് വളരെ
ഉയർന്ന പ്രദേശങ്ങളിലാണ് ഇവ താമസിക്കുന്നത്.
90 സെ.മീറ്ററാണ് ഉയരം. വയറിലും വാലിന്റെ അഗ്ര
ഭാഗത്തും വെള്ളയും മറ്റു ഭാഗങ്ങൾക്ക് ഗ്രേ
ബ്രൗണും ആണ് നിറം. തലയിലാകട്ടെ നീണ്ട മുടി
കളുണ്ട്. റംഗ്‌വെസിബസ് കിപുഞ്ചി എന്നാണിതിന്റെ
പേര്. ആഫ്രിക്കയിലെ ദക്ഷിണ ഉന്നതപീഠഭൂമികളി
ലാണത്രെ ഇവയുടെ വാസം. 500 എണ്ണമേ ഈ വർഗ
ത്തിലവശേഷിക്കുന്നുള്ളൂ എന്നാണ് ഇപ്പോഴത്തെ
നിഗമനം.




## നിങ്ങൾക്കുണ്ടോ ‘ബംപ്’



ഉണങ്ങിയ പ്രതലത്തിലെന്നപോലെ നനഞ്ഞ പ്രതലത്തിലും മരത്തവളയ്ക്ക് നടക്കാൻ
യാതൊരു പ്രയാസവുമില്ല. ഇത് സാധ്യമാകുന്നത് തവളയുടെ കാലിനടിയിലുള്ള നനവാർന്ന
പാട പ്രതലത്തിൽ ഒട്ടിപ്പിടിക്കുന്നതു മൂലമാണെന്നായിരുന്നു ഇതുവരെയുള്ള ധാരണ. അങ്ങ
നെയാണെങ്കിൽ എങ്ങനെ നീരൊഴുക്കിലുള്ള പാറയിലോ മഴ സമയത്ത് മരത്തിന്റെ ചില്ലയിലോ
തവളയ്ക്ക് നടക്കാനാകും? ഈ ചോദ്യത്തിനുത്തരം കണ്ടെത്തി കേംബ്രിഡ്ജ് സർവകലാശാല
യിലെ വാൾട്ടർ ഫെഡർലെ.

മരത്തവളയുടെ പാദത്തിൽ ധാരാളം ചെറിയ ബംപുകൾ (Bump) ഉണ്ടത്രെ. വഴുവഴുപ്പുള്ള
പ്രതലങ്ങളിൽ നടക്കാൻ തവളയെ സഹായിക്കുന്നത് ഇതാണ്. മാത്രവുമല്ല മഴക്കാലത്ത് വിര
ലുകളുടെ അടിഭാഗത്തുള്ള ചെറിയ ചാനലുകളിൽ കൂടി അധികമുള്ള വെള്ളം പുറത്ത് കള
യാനും വേനൽക്കാലത്ത് നനവാർന്ന പാടയുള്ളതിനാൽ ആവശ്യമായ ഈർപ്പം നിലനിർത്താനും
മരത്തവളയ്ക്ക് കഴിയുമത്രെ.



## റോക്കറ്റ് വിക്ഷേപിക്കാനുള്ള ഇന്ധനം

ശാസ്ത്ര രംഗത്ത് ഏറെ കൗതുകമുണർത്തുന്ന ഒരു പരീക്ഷണം!
ശാസ്ത്രപ്രേമികളെയാകെ അത്ഭുതപ്പെടുത്തിയതാകട്ടെ തിയോഡർ
ഗ്രേ എന്ന ശാസ്ത്രജ്ഞനും.

ആഹാരവും പൊട്ടാസ്യം പെർക്ലോറേറ്റും ചേർത്ത മിശ്രിതത്തിൽ
നിന്ന് റോക്കറ്റ് വിക്ഷേപിക്കാനുള്ള ഇന്ധനം കണ്ടെത്തി തിയോഡർ
ഗ്രേ. ശരിക്കൊരു റോക്കറ്റ് വിക്ഷേപണമൊന്നുമല്ല ഒരു പരീക്ഷണപ്പ
റക്കൽ മാത്രമാണ് തിയോഡറിന്റെ ‘മോഡൽറോക്കറ്റ്’ ചെയ്തത്.

# നൊബേൽ സമ്മാനം ലഭിച്ച വനിതകൾ

1903-ൽ ഭൗതികശാസ്ത്രത്തിൽ നൊബേൽ സമ്മാനം ലഭിച്ച ആദ്യത്തെ വനിത മേരിക്യൂറിയെന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന മേരിസ്ക്ലോഡോവ്സ്കാക്യൂറിയാണ്. പിന്നീട് 60 വർഷങ്ങൾക്കു ശേഷമാണ് ഭൗതികശാസ്ത്രത്തിൽ ഒരു വനിതയ്ക്ക് നൊബേൽ സമ്മാനം ലഭിക്കുന്നത്. മരിയാ ജോപ്പർട്ട് മേയർ ആയിരുന്നു ആ ഭാഗ്യവതി.



മേരിക്യൂറി


നദീൻ ഗോഡിമെർ

1905-ൽ ബാരോനെസ് ബർത്താ വൺ സത്നർ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടുന്ന ആദ്യവനിതയായി.

1909-ൽ സെൽമാ ഓറ്റില്യ ലോവിസാ ലാഗർലോഫ് സാഹിത്യത്തിൽ ആദ്യവനിതാ നൊബേൽ ജേതാവായി.


ബാരോനെസ് ബർത്താ വൺ സത്നർ


വാങ്കാരി മത്തായി

1931-ൽ ജെയ്ൻ ആഡംസിന് സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചപ്പോൾ 1935-ൽ ഐറീൻ ജോലിയട് ക്യൂറി രസതന്ത്രശാസ്ത്രത്തിൽ നൊബേൽ സമ്മാനാർഹയായി.

എമിലി ഗ്രീൻ ബാൽക് (1946), ബെറ്റി വില്യംസ് (1976), മെയറീഡ് കോറിഗൻ (1976), മദർ തെരേസ (1979), ആൽവാ മെർഡൽ (1982), ആങ് സാൻ സൂ കി (1991), റിഗബർട്ടാ മെഞ്ചുതും (1992), ജോഡി വില്യംസ് (1997), ഷിറിൻ എബാദി (2003), വാങ്കാരി മത്തായി (2004) എന്നിവരാണ് സമാധാനത്തിനുള്ള നൊബേൽ സമ്മാനത്തിന് അർഹരായ മറ്റ് വനിതകൾ.


ടോണി മോറിസൺ


ദോറോത്തി

ഗ്രേഷ്യാ ഡെലിഡ്ഡാ (1926), സിഗ്രിഡ് (1928), പേൾബക്ക് (1938), ഗബ്രിയേലാ മിസ്ട്രൽ (1945) നെല്ലി സാക്സ് (1966), നദീൻ ഗോഡിമെർ (1991), ടോണി മോറിസൺ (1993), വിസ്ലാവ സിംബോർഡ്ക (1996), എൽഫ്രിഡേ ജെലിനെക് (2004), എന്നിവർ സാഹിത്യത്തിലും ജർട്ടി റാഡ്നിറ്റ്സ് കോൺ (1947), റോസലിൻ സൂസ്മാൻ യാലോ (1977), ബാർബറാ മാക് ക്ലിന്റക് (1983), റീത്തലവി മോൺസിനി (1986), ജട്രൂഡ് എലിയൺ (1988), കൃസ്ത്യൻ നസ്ലീൻ - വോൾഹാർഡ് (1995) ലിന്റ-ബി ബക്ക് (2004) എന്നിവർ മെഡിസിൻ വിഭാഗത്തിലും ദോറോത്തി (1964) രസതന്ത്രത്തിലും നൊബേൽ സമ്മാനം നേടിയിട്ടുണ്ട്.


മദർ തെരേസ


ആങ് സാൻ സൂ കി


**കെ. ബാലകൃഷ്ണൻ**
മുഖ്യമന്ത്രിയുടെ
പ്രസ് സെക്രട്ടറി


**കെ.എൻ. ബാലഗോപാൽ**
മുഖ്യമന്ത്രിയുടെ
പൊളിറ്റിക്കൽ സെക്രട്ടറി


**ജോസ് ബേബി**
കേരള നിയമസഭാ
ഡപ്യൂട്ടി സ്പീക്കർ

## ആസൂത്രണബോർഡ് വൈസ് ചെയർമാൻ



സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനായി പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ **പ്രഭാത് പട്നായിക്** ചുമതലയേറ്റു.

## ചീഫ് ഇലക്ഷൻ കമ്മിഷണർ




**എൻ. ഗോപാലസ്വാമി**യാണ് അടുത്ത മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ. 2009 ഫെബ്രുവരി വരെ കാലാവധിയുണ്ട്. 1966 ലെ ഐ.എ.എസ്. ബാച്ചിലെ ഗുജറാത്ത് കേഡറിൽപ്പെട്ട സ്വാമി കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ദേശീയ മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി ജനറൽ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

## ഐ.ബി.ഐ. അധ്യക്ഷൻ



ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ (ഐ.ബി.ഐ) അധ്യക്ഷനായി ഐ.ഡി.ബി.ഐ മാനേജിംഗ് ഡയറക്ടർ **വി.പി. ഷെട്ടി**യെ തെരഞ്ഞെടുത്തു. 'ബിസിനസ് സ്റ്റാൻഡേർഡ് ബാങ്കർ ഓഫ് ദ ഇയർ' അവാർഡ് നേടിയിട്ടുള്ള ഷെട്ടി കനറാ ബാങ്കിന്റെയും യൂക്കോ ബാങ്കിന്റെയും സി.എം.ഡി. ആയിരുന്നു.

## പീറ്റർ സ്റ്റെയ്ൻ


**പീറ്റർ സ്റ്റെയ്ൻ.**

അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളെക്കുറിച്ച് കേൾക്കാത്തവരുണ്ടാവില്ല. ഏറ്റവും പഴക്കം ചെന്ന ചലച്ചിത്രോത്സവമാണ് സാൻഫ്രാൻസിസ്കോ ജൂത ചലച്ചിത്രോത്സവം. അതിന്റെ ഇപ്പോഴത്തെ എക്സിക്യൂട്ടിവ് ഡയറക്ടർ ആണ്

## ഐ.പി.ഐ. ചെയർമാൻ

ഇന്റർനാഷണൽ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായി പോളിഷ് പത്രമായ ഗസെറ്റെ വൈബോർസയുടെ പ്രസാധകൻ **പ്യോട്ടർ നിയേംസ്കി**യെ തെരഞ്ഞെടുത്തു.

പത്രാധിപൻമാരുടെയും പ്രസാധകന്മാരുടെയും മാധ്യമ എക്സിക്യൂട്ടീവുകളുടെയും ആഗോള സംഘടനയാണ് വിയന്ന ആസ്ഥാനമായ ഐ.പി.ഐ.